Reg. No. C. 101, M. 2293

ഒററപ്രതിക്കു 2 ണ.

St. Mary's C. S. H. S Ernakulam

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 25 | 1127 വൃശ്ചികം 19—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1951 ഡിസംബർ 5 | ലക്കം 16

## കത്തോലിക്കാസഭയും വർഗ്ഗീയവാദവും


(പി. എം. കുര്യാക്കോസ് ബി. ഏ. ബി എൽ.)

കത്തോലിക്കാസഭയ്ക്കെതിരായി സാധാരണ ഉന്നിതമാകാറുള്ള പ്രധാനാരോപണമാണു് വർഗ്ഗീയവാദം. നിരീശ്വരരും നിർമ്മതരുമായ യുക്തിവാദികൾ മാത്രമല്ല, ദേശീയപ്രേമികളെന്നും പുരോഗമനബന്ധുക്കളെന്നും സ്വയം മുദ്രയടിക്കുവാനുള്ള വിഭ്രാന്തിയിൽ, ചില മതവിശ്വാസികൾകൂടി, കത്തോലിക്കരെ വർഗ്ഗീയവാദികളെന്നു് അപഹസിക്കാറുണ്ടു്. പുരോഗമനാത്മകമായ നൂതനാശയങ്ങളുടേയും പദ്ധതികളുടേയും മുമ്പിൽ കത്തോലിക്കാസഭ പലപ്പോഴും വിലങ്ങുതടിയായി നില്ക്കുന്നു. രാഷ്ട്രത്തെയോ, മനുഷ്യകുലത്തെയോ ഉദ്ധരിക്കുവാനുതകുന്ന പരിഷ്കാരങ്ങളുടെ അണിയറയിൽ കത്തോലിക്കർ അപശബ്ദമുണ്ടാക്കുന്നു. സുഗമ്യജീവിതത്തിനാവശ്യമായ വിട്ടുവിഴ്ചകൾക്കോ, ഒത്തുതീർപ്പിനോ, അവർ വഴങ്ങുന്നില്ല. അന്ധമായ വർഗ്ഗീയമമതയാൽ അവർ ഒററക്കെട്ടായി വേർതിരിഞ്ഞു നില്ക്കുന്നു. ഏതു പ്രശ്നത്തേയും അവർ കത്തോലികാതത്വങ്ങളിലും മൗലികാവകാശങ്ങളിലുംകൂടി മാത്രമാണു് സമീപിക്കുന്നതു്. അവർ ലോകത്തെത്തന്നെ വീക്ഷിക്കുന്നതു് കത്തോലിക്കാ കണ്ണടയിൽക്കൂടിയാണു്. ഇങ്ങനെ പോകുന്നു, കത്തോലിക്കർക്കെതിരായി അവർ നിരത്തുന്ന കുററങ്ങൾ!

വർഗ്ഗീയവാദമെന്നാലെന്തു്? ഈ പദം ഏതെല്ലാമർത്ഥങ്ങളിൽ പ്രയോഗിക്കപ്പെടുന്നു? കത്തോലിക്കാസഭ വർഗ്ഗീയവാദിയാണോ?

മററുള്ളവരുടെ അവകാശങ്ങളെ ഒട്ടും ബഹുമാനിക്കാതെ, സ്വന്തം വർഗ്ഗത്തിന്റെയോ സമുദായത്തിന്റെയോ വികാസോപചയങ്ങളെ മാത്രം ലാക്കാക്കി പ്രവത്തിക്കുന്ന സമ്പ്രദായം ചിലക്കുണ്ടു്. ഒരുതരം വർഗ്ഗീയതയാണിതു്. സ്വവർഗ്ഗത്തിന്റെ മുന്നേററംമാത്രമാണു് ഇവരുടെ ഏകലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിക്കായി എന്തും ചെയ്യാമെന്നത്രേ, ഇവരുടെ പ്രമാണം. ഇവർക്കു മററു വർഗ്ഗങ്ങളുടെ അവകാശങ്ങളോ, താല്പര്യങ്ങളോ, പരിഗണനാർഹമല്ല. മററുള്ളവർക്കുള്ള അവകാശതാല്പര്യങ്ങളുടെ ചിതാഭസ്മത്തിൽനിന്നും വരുന്ന വളർച്ചയെയാണു്, ഇത്തരം വർഗ്ഗീയസ്നേഹികൾ ഏററവും വിലമതിക്കുന്നതു്. ഇവരുടെ വിധിപ്രകാരം മററുള്ളവർക്കു് പ്രത്യേകാവശ്യങ്ങളോ, അവകാശങ്ങളോ ഉണ്ടാകുവാൻ ന്യായം തന്നെയില്ല. വിദ്വേഷജടിലവും സംഹാരാത്മകവുമായ ഈ വഗ്ഗീയവാദം നിഷിദ്ധമെന്നു സ്പഷ്ടമാണല്ലോ. കമ്മ്യൂണിസ്റ്റ്കാരെ ഒരു വഗ്ഗമായി കണക്കാക്കാമെങ്കിൽ അവരാണു് ഈ രീതിയിലുള്ള ഒന്നാംതരം വഗ്ഗീയവാദികൾ. മററു രാഷ്ട്രീയകക്ഷികളേയും മതപരമോ സാമുദായികമോ ആയ ഏതു സമിതിയേയും നിശ്ശേഷം ധ്വംസിക്കണമെന്നുള്ളതാണു് കമ്മ്യൂണിസ്റ്റ്കാരന്റെ ഒരേ ഒരുന്നം. വൈരുദ്ധ്യാത്മകഭൗതികതത്വത്തെയും സാമ്പത്തിക നിർണ്ണായകതത്വത്തെയും മററും സമാദരിക്കാത്ത ചിന്താഗതികളെ കമ്മ്യൂണിസം മെതിച്ചമത്തുന്നു. അഭിപ്രായസ്വാതന്ത്ര്യങ്ങളെ കമ്മ്യൂണിസം തകർക്കുന്നു. പ്രതികൂലമായ ആദർശത്തേയും ആശയത്തേയും യുക്തിയോ, ധാമ്മികബലമോ, വ്യവസ്ഥാപിതപദ്ധതികളോ കൊണ്ടല്ല കമ്മ്യൂണിസം എതിർക്കുന്നതു്. വിദ്വേഷവും ഹിംസയുമാണു് കമ്മ്യൂണിസത്തിന്റെ പ്രചരണോപാധികൾ. "മനസ്സിന്റെ സർവശക്തിയോടുംകൂടി ശത്രുവിനെ വെറുക്കാൻ പഠിക്കാതെ അവനെ ജയിക്കാൻ സാദ്ധ്യമല്ല" എന്നാണു് സ്റ്റാലിന്റെ വിശ്വാസം. കമ്മ്യൂണിസവിരുദ്ധമായ സിദ്ധാന്തങ്ങളെ ശത്രുസിദ്ധാന്തങ്ങളായി കമ്മ്യൂണിസം താറടിക്കുന്നു. സ്വന്തം ഗുണോല്ക്കർഷത്തിൽ മററു സിദ്ധാന്തങ്ങളെ നിഷ്പ്രഭമാക്കി വ്യവസ്ഥിതവും നിയമയുക്തവുമായ പാതയിൽക്കൂടി പുരോഗമിക്കുവാനായിരുന്നു കമ്മ്യൂണിസം ശ്രമിക്കുന്നതെങ്കിൽ എത്രയോ സ്തുത്യർഹമാകുമായിരുന്നു! പക്ഷെ ഇതിനാവശ്യമായ ഗുണോൽക്കർഷമില്ലാത്തതിനാൽ കമ്മ്യൂണിസം സ്വകീയോദ്ഗതിക്കുവേണ്ടി അന്യസിദ്ധാന്തങ്ങളെ ഏതുവിധത്തിലെങ്കിലും നിമ്മൂലമാക്കുവാനാണു് ഉന്നിയുന്നതു്. "മതത്തെ ഞങ്ങളുടെ ഏററവും കടുത്ത ശത്രുവായി ഞങ്ങൾ കരുതുന്നു. അതിനെതിരായി തളരാതെ യുദ്ധം ചെയ്യണം" ഇതാണു് സ്റ്റാലിന്റെ പ്രഖ്യാപനം. ഉദ്ദേശ്യലബ്ധിക്കായി കമ്മ്യൂണിസ്റ്റ്കാർ ഏതു മാർഗ്ഗവും അവലംബിക്കുന്നു. സ്വന്തം വൃദ്ധിക്ഷയങ്ങളാണു് കമ്മ്യൂണിസത്തിന്റെ സദാചാരനിലവാരം. കമ്മ്യൂണിസത്തിന്റെ ഉന്നതിക്കു സഹായകമായവയെല്ലാം സന്മാർഗ്ഗപരമാണെന്നാണു കമ്മ്യൂണിസമതം. "ചൂഷണാത്മകമായ പഴയ സാമൂഹ്യവ്യവസ്ഥിതിയെ നശിപ്പിക്കുവാനും തൊഴിലാളികളെ സംഘടിപ്പിക്കുവാനും തൊഴിലാളിസ്വേച്ഛാധിപത്യത്തെ സുദൃഢമാക്കുവാനും ആവശ്യമായവ എല്ലാം സാന്മാർഗ്ഗികമാകുന്നു" എന്നാണു് ലെനിൻ പ്രസ്താവിച്ചിട്ടുള്ളതു്. മതത്തിന്റെയോ, സമുദായത്തിന്റെയോ പേരിൽ യോജിച്ചിട്ടുള്ള ഏതെങ്കിലും സംഘടന ഈദൃശനയപരിപാടികളെ താലോലിച്ചാൽ അതു മൂത്ത വർഗ്ഗീയതയായി സർവരും ന്യായമായി കണക്കാക്കും. ഈ മൂത്ത വർഗ്ഗീയതയുടെ തീവ്രഭാവം മതവിരുദ്ധവും സമുദായനാശകവുമായ അടിസ്ഥാനത്തിൽ ഒന്നിച്ചിരിക്കുന്ന കമ്മ്യൂണിസ്റ്റ്കാരുടെ സർവ്വംഗ്രാസിയും സ്വാർത്ഥമലിമസവുമായ പ്രവൃത്തിപദ്ധതികളിൽ ഇന്നു കുടികൊണ്ടിരിക്കുകയാണു്.

സാർവത്രികമായ ഭിന്നതയും വൈവിദ്ധ്യവും പ്രകൃതിയിൽ നൈസർഗ്ഗികമാണു്. തന്മൂലം ആശയങ്ങളിലും ചിന്താഗതികളിലും വൈജാത്യം സംഭവിക്കുന്നു. അനിവാര്യമായ ഈ വൈജാത്യംമൂലമാണു് വ്യത്യസ്തസംഘടനകൾ ജനിക്കുന്നതു്. അനന്യസദൃശ്യവും പരിനിഷ്ഠിതവുമായ ആദർശങ്ങൾ ഈ സംഘടനകൾക്കുണ്ടായിരിക്കും. മതാത്മകവും സാംസ്കാരികവുമായ പല താല്പര്യങ്ങളെയും പരിപാലിക്കേണ്ടതു് അവയുടെ ധമ്മമായിരിക്കും. സ്വന്തം അഭിവൃദ്ധിക്കായി സന്മാർഗ്ഗത്തിന്റെയും നിയമത്തിന്റെയും പരിധികളിൽ നിന്നുകൊണ്ടു് എന്തും പ്രവത്തിക്കുവാൻ വ്യക്തികൾക്കുള്ള ജന്മാവകാശം സംഘടനകൾക്കുമുണ്ടു്. ആ സംഘടനാംഗങ്ങളുടെ പ്രത്യേകജീവിതരീതികളെയോ, സാംസ്കാരികവാസനകളെയോ, ചിന്താചലനങ്ങളെയോ നിരോധിക്കുവാൻ പാടില്ല. അപ്രകാരമുള്ള സംഘടനകൾ രാഷ്ട്രത്തിന്റെ അമൂല്യസമ്പത്തുകളാണു്. അവയുടെമേലുള്ള നിയന്ത്രണം, സ്വതന്ത്രമായി ചിറകുവിടത്തേണ്ട മാനസികസിദ്ധികളിലും ആചാരവിശേഷങ്ങളിലും സംസ്കാരമൂല്യങ്ങളിലുമാണു് നിപതിക്കുന്നതു്. ആ നിയന്ത്രണംമൂലം മനുഷ്യന്റെ പ്രവണതകൾ നിശ്ചലമാകുന്നു; സ്വാഭാവികമായ കഴിവുകൾ മരവിച്ചുപോകുന്നു; ജീവിതം യാന്ത്രികമായിത്തീരുന്നു. അപ്പോൾ സാംസ്കാരികവും ചിന്താപരവുമായ നിർദ്ധന




1951 നവംബർമാസത്തിൽ കലയന്താനി ഇടവകയിൽ നടത്തിയ ഏകാന്തധ്യാനത്തിൽ സംബന്ധിച്ചുവന്നവർ.

ത്വമാണ് രാഷ്ട്രത്തിൽ വ്യാപിക്കുന്നതു്.

രാഷ്ട്രത്തിന്റെ ന്യായപൂർവ്വകമായ അവകാശാധികാരങ്ങളെ നിഷേധിക്കുകയോ, നിയമലംഘിയായ പരിപാടികൾ സ്വീകരിക്കുകയോ, അന്യരെ ദ്രോഹിക്കുകയോ ചെയ്യാതെ, സ്വന്തം അവകാശതാല്പര്യങ്ങളുടെ ഭദ്രതയ്ക്കുവേണ്ടി സംഘടനകൾ പരിശ്രമിക്കുന്നതു് വർഗ്ഗീയതയാകുമോ? ആകുമെങ്കിൽ ഈ അർത്ഥത്തിൽ ലോകത്തിലേക്കും കൂടുതൽ വർഗ്ഗീയവാദി കത്തോലിക്കാസഭയാണ്. കത്തോലിക്കാസഭ നിയമദ്രോഹിയോ ന്യായവിരുദ്ധമോ ആയ സംഘടനയല്ലെന്നു് അതിന്റെ തത്വസംഹിതയിൽ നിന്നും വ്യക്തമാണ്. അതിനാൽ ജീവിക്കുവാനും വളരുവാനും അവകാശങ്ങൾ സ്ഥാപിക്കുവാനും സഭയ്ക്കു് അർഹതയുണ്ട്. നിരുപദ്രവിയായ സരണിയിൽക്കൂടി അപ്രതിഹതമായി വികസിക്കുവാൻ വ്യക്തികൾക്കും സംഘടനകൾക്കുമുള്ള അവകാശം പ്രകൃതിദത്തമാണ്. ഈ അവകാശങ്ങൾ രാഷ്ട്രത്തിന്റെ അവകാശങ്ങളെക്കാൾ പൂർവ്വികവും ഉന്നതവുമാണ്. വ്യക്തിയുടെയോ, സംഘടനയുടെയോ അവകാശങ്ങളെ നിഹനിക്കുന്ന അവകാശങ്ങൾ രാഷ്ട്രത്തിനുണ്ടാകാൻ വയ്യ. ഈ പ്രകൃതിനിയമത്തിന്റെ ബലവും മാഹാത്മ്യവും അകത്തോലിക്കരിൽ നിർമ്മത്സരമതികളായിട്ടുള്ളവർ സമ്മതിക്കും.

അവകാശസമർത്ഥനത്തിനു പ്രകൃതിനിയമത്തെക്കാൾ സുശക്തവും ആദരണീയവുമായ ഒരാശ്രയം സഭയ്ക്കു താങ്ങായി നില്പുണ്ട്. സഭയുടെ സന്ദേശം ദൈവികമാണ്. അതിനെ നിരാകരിക്കുവാൻ ഭൗതികശക്തികൾക്കു അധികാരമില്ല. "ആകയാൽ നിങ്ങൾപോയി സകലജാതികളോടും ഉപദേശിച്ച് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനപ്പെടുത്തി, ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ." ഈ ദൈവികനിദേശത്തിൽ കടിഞ്ഞാണിടുവാൻ ഭൂമിയിൽ ഒന്നിനും കെല്പില്ല. ആരെങ്കിലും കടിഞ്ഞാണിട്ടാൽ "ഞങ്ങൾ മനുഷ്യരെയല്ലാ, ദൈവത്തെയാണ് അനുസരിക്കേണ്ടതു്" എന്നു വി. പത്രോസ് പ്രധാനാചാര്യനോടു പറഞ്ഞവാക്യം കത്തോലിക്കാസഭ സധൈര്യം ആവർത്തിക്കും. പക്ഷെ, കത്തോലിക്കാസഭയുടെ ദൈവികദൗത്യത്തിന്റെ യുക്തി പല രാഷ്ട്രങ്ങൾക്കും സ്വീകാര്യമായിത്തോന്നി എന്നുവരികയില്ല. ക്രൈസ്തവഭൂരിപക്ഷമുള്ള രാജ്യങ്ങളിൽപോലും, നിർഭാഗ്യവശാൽ ഭൗതികാധികാരികൾ സഭയുടെ അവകാശത്തെ വകവച്ചുതരുന്നതു പലപ്പോഴും ദൈവികത്വം ആസ്പദമാക്കിയല്ല. പല ഗവമ്മെന്റുകളും, അങ്ങേ അററം വന്നാൽ വളരെ സേവനോജ്ജ്വലവും മനുഷ്യസ്നേഹപരവുമായ ഒരു മഹാസംഘടനയായി മാത്രമാണ് സഭയെ ദർശിക്കുന്നതു്. വളരെ പുരാതനവും ദൃഢമൂലവുമായ ഹൈന്ദവമതസംസ്ഥാനങ്ങൾ പരന്നിരിക്കുന്ന ഭാരതത്തിൽ പലരും, പോർട്ടുഗീസുകാരും ഇംഗ്ലീഷുകാരും കൊണ്ടുവന്ന ഒരു വൈദേശികപ്രസ്ഥാനമായി സഭയെ എണ്ണുന്നതിൽ നാം അത്ഭുതപ്പെടേണ്ട. ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ച്, ക്രൈസ്തവരുടെ ദേശീയബോധത്തെയും രാജ്യഭക്തിയേയും മററുള്ളവരെക്കൊണ്ടു സമ്മതിപ്പിക്കാം. സഭയുടെ ദൈവികാനന്യതയെ തെളിയിക്കുവാനും വിഷമമില്ല. പക്ഷെ, ഈ ദൈവികാനന്യതയിലും, തജ്ജന്യമായ പരമാധികാരത്തിലും അക്രൈസ്തവമായ ഒരു രാജ്യത്തിനു ബോദ്ധ്യംവരുവാൻ വളരെ പ്രയാസമാണ്. ഈ സാഹചര്യത്തിൽ, പ്രകൃതിനിയമം മാത്രമാണ് അവകാശസ്ഥിരീകരണത്തിനു സഭയ്ക്കു ശേഷിക്കുന്നതു്.

വിദ്യാലയങ്ങളിൽ മതാഭ്യസനം കത്തോലിക്കരുടെ മൗലികാവകാശമാണ്. വിദ്യാലയങ്ങളുടെ പൂർണ്ണമായ രാഷ്ട്രസാൽക്കരണം സ്വകാര്യസ്വത്തുടമയേയും ഉൽബോധനാവകാശത്തേയും സമുച്ഛേദനം ചെയ്യുന്നു. ദൈവപ്രമാണമനുസരിച്ച് വിശുദ്ധദിനമായി ആചരിക്കപ്പെടേണ്ട ഞായറാഴ്ച എന്നും എവിടെയും ഒഴിവുദിവസമായിരിക്കണം. കുർബാനവീഞ്ഞിനു തടസ്സം സംഭവിക്കാത്തവിധമുള്ള മദ്യനിരോധനം മതമർദ്ദനപരമാണ്. കത്തോലിക്കരാണെന്ന കാരണത്താൽ ഹരിജനങ്ങൾക്കു ഹിന്ദുസൗജന്യം നിഷേധിക്കുന്നതു് പൗരാവകാശത്തിനും രാഷ്ട്രത്തിന്റെ മതനിഷ്പക്ഷതയ്ക്കും ചേർന്നതല്ല. വിവാഹമോചനവും കൃത്രിമമായ സന്താനനിയന്ത്രണവും സന്മാർഗ്ഗത്തിനും സഭാനിയമത്തിനും വിരുദ്ധമാണ്. മതപരിവർത്തനസ്വാതന്ത്ര്യത്തിനു വിഘാതംവരുത്തുന്ന നിയമങ്ങൾ മതപ്രചരണാവകാശത്തെ കെടുത്തുകയും മനസ്സാക്ഷിയെ ബന്ധിക്കുകയും ചെയ്യുന്നു. ഇങ്ങനെ മതാധിഷ്ഠിതമോ, സാന്മാർഗ്ഗികമോ, പൗരാവകാശപരമോ ആയ കാരണങ്ങളാൽ മാത്രമാണ്, സഭ പുരോഗമനത്തിന്റെയോ, പരിഷ്കരണത്തിന്റെയോ പേരിൽ വരുന്ന പദ്ധതികൾക്കു ചിലപ്പോൾ പ്രതിബന്ധമായി നില്ക്കുന്നതു്. ഇപ്രകാരം നിന്നുകൊണ്ടു് സ്വന്തം താല്പര്യങ്ങളെ പോററുവാൻ പ്രകൃതിനിയമത്തിൽനിന്നെങ്കിലും സഭയ്ക്കു അവകാശം ലഭിക്കുന്നുണ്ടെന്നു് സഭയുടെ ദൈവനിയോഗിതത്വം അംഗീകരിക്കാത്തവർക്കും മനസ്സിലാക്കാവുന്നതാണ്.

മതത്തിനോ, സന്മാർഗ്ഗത്തിനോ, പൗരാവകാശത്തിനോ ക്ഷതകരമായ പ്രസ്ഥാനങ്ങൾ ഏതു പ്രചണ്ഡകേന്ദ്രത്തിൽനിന്നും പുറപ്പെട്ടാലും സഭ എതിർക്കും. ഈ വിഷയത്തിൽ സഭയ്ക്കു് ഒട്ടും പരാജയഭീതിയില്ല. ഒത്തുതീർപ്പിലെത്തിയാൽ താല്ക്കാലികമോ, ഭാഗികമോ ആയ ജയം പെട്ടെന്നു കിട്ടിയേക്കാം. പക്ഷെ ഈ ജയത്തിനുവേണ്ടി ആദർശത്തെയും തത്വത്തെയും ഞെക്കിയൊതുക്കുവാൻ സഭയ്ക്കു സാദ്ധ്യമല്ല. അതിനാലാണ്, എവിടെയും ശാശ്വതവും പൂർണ്ണവുമായ ജയത്തിനുവേണ്ടി കീഴടങ്ങാതെ സഭ സമരംചെയ്യുന്നതു്. ഈ സന്ധിരഹിതമായ ആയോധനത്തിനു സഭയ്ക്കുള്ള പ്രചോദനോത്ഭവം സ്വാർത്ഥതയോ, വിദ്വേഷമോ അല്ല. അനന്യനാശകരമായ ഈ സമരനയം ചിരന്തനവും സാർവ്വത്രികവുമാണ്. പ്രൊ: ഐൻസ്റ്റയിൻ "Progress" എന്ന മാസികയിൽ 1938-ൽ എഴുതിയ ഒരു ഭാഗം ഇവിടെ പ്രസക്തമാണ്. "ജർമ്മനിയിൽ വിപ്ലവം വന്നപ്പോൾ സർവ്വകലാശാലകൾ സ്വാതന്ത്ര്യപരിരക്ഷണത്തിനു മുതിരുമെന്നു് ഒരു സ്വാതന്ത്ര്യസ്നേഹിയാകയാൽ ഞാൻ പ്രതീക്ഷിച്ചു. അവയുടെ അധരങ്ങൾ മൂടിക്കെട്ടപ്പെട്ടു. സ്വാതന്ത്ര്യത്തിനായി മുൻകാലങ്ങളിൽ തീക്ഷ്ണമായ ഭാഷയിൽ വാദിച്ചിട്ടുള്ള പത്രാധിപന്മാരിൽനിന്നു രക്ഷയുണ്ടാകുമെന്നു ഞാനാശിച്ചു. പക്ഷെ ഏതാനും വാരങ്ങൾക്കുള്ളിൽ അവരെയും മൂകരാക്കി. സ്വാതന്ത്ര്യത്തിനു ആധുനികജീവിതത്തിലുള്ള നിലയെപ്പററി പ്രകീർത്തിക്കാറുണ്ടായിരുന്ന വ്യക്തിസാഹിത്യകാരന്മാരിൽ എന്റെ ശ്രദ്ധതിരിഞ്ഞു. അവരും മൗനമുദ്രിതരായിത്തീർന്നു. എനിക്കു കത്തോലിക്കാസഭയിൽ ഒരു താല്പര്യവും ഇതിനുമുമ്പുണ്ടായിരുന്നില്ല. സത്യത്തിലും ധാർമ്മികസ്വാതന്ത്ര്യത്തിലും കുലുങ്ങാതെ നില്ക്കുവാനുള്ള തന്റേടവും ധൈര്യവും കത്തോലിക്കാസഭയ്ക്കു മാത്രം കണ്ടതിനാൽ എനിക്കിപ്പോൾ അതിനോടു് വലിയ വാത്സല്യവും അഭിനന്ദനവും തോന്നുന്നു."

ഒന്നിന്റെ ലക്ഷ്യം രാഷ്ട്രീയമോ, ഭൗതികമോ മാത്രമായിരിക്കുമ്പോഴാണ് ക്ഷണികവും അപൂർണ്ണവുമായ നേട്ടത്തിനുവേണ്ടി അനുരഞ്ജനത്തിനു ശ്രമിക്കേണ്ടതു്. സഭയുടെ ലക്ഷ്യവും പ്രവൃത്തിമണ്ഡലവും ആദ്ധ്യാത്മികമാണ്. അതിനു രാഷ്ട്രീയമോ ഭൗതികമാത്രമോ ആയ യാതൊരഭിനിവേശവും ഇല്ല. രാഷ്ട്രത്തിന്റെയും മററു ഭൗതികമോ, മതപരമോ ആയ നേതൃത്വങ്ങളുടെയും നയവ്യാപാരങ്ങൾ സഭാതത്വങ്ങൾക്കു ഹാനികരമാകരുതെന്നു മാത്രമേ സഭയ്ക്കു നിർബന്ധമുള്ളു. ഈ വസ്തുത ഏവരും ഗ്രഹിച്ചാൽ തെററിദ്ധാരണയ്ക്കുവഴിയില്ല.

സ്വർണ്ണപണയം
കുറഞ്ഞപലിശ. കൂടുതൽ നിരക്ക
ബാങ്ക് ഓഫ്
കൊച്ചിൻ ക്ലിപ്തം
എറണാകുളം
മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ,
വില്ലിങ്ങ്ടൺ ഐലന്റ്

# വിമുക്തഭടന്മാരുടെ വൈദികപഠനം

ഒരു സാധാരണഭടൻ മുതൽ ലഫ്റ്റനന്റ് കേണൽ വരെയുള്ള വിവിധപദവികളിലായി 1600-ൽ അധികം അമേരിക്കക്കാർ സൈനികസേവനത്തിൽ നിന്നും വിമുക്തരായശേഷം വൈദികപഠനത്തിനായി 121 സെമ്മിനരികളിൽ പ്രവേശിച്ചിരിക്കുന്നുവെന്നുള്ളതാണ് രണ്ടാംലോകമഹായുദ്ധം സംബന്ധിച്ച അതിപ്രധാനമായ ഒരു വാർത്ത.

(എ. വി. തോമസ്)

അമേരിക്കൻ ഐക്യരാജ്യങ്ങളിൽ ടെക്സാസ് എന്ന സ്ഥലത്തുള്ള ഒബ്ലെയിററ്സ് ഓഫ് മേരി ഇമാക്കുലേററ് എന്ന സന്യാസസഭയിലെ വിമുക്തഭടന്മാരായ ഏതാനും വൈദികവിദ്യാർത്ഥികൾ നടത്തിയ അന്വേഷണങ്ങളുടെ ഫലമായി ലഭിച്ച വിസ്മയകരങ്ങളായ വിവരങ്ങളാണ് താഴെകൊടുക്കുന്നതു്. അമേരിക്കക്കാരായ എത്ര വിമുക്തഭടന്മാർ വൈദികാദ്ധ്യയനം നടത്തുന്നുണ്ടെന്നു് അറിയണമെന്നുള്ളതായിരുന്നു ആ അന്വേഷണങ്ങളുടെ ലക്ഷ്യം.



തൽസംബന്ധം നടത്തിയ പ്രാരംഭാന്വേഷണങ്ങളുടെ ഫലം ഒബ്ലെയിററ് സെമ്മിനരിവക പത്രമായ "ഒബ്സേർവറിൽ" പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അമേരിക്കയിലെ 205 സെമ്മിനരികളിലേക്കും സന്യാസാർത്ഥിഭവനങ്ങളിലേക്കും റോമയിലെ അമേരിക്കൻ സെമ്മിനരിയിലേക്കും ഇതുസംബന്ധിച്ച പ്രശ്നാവലികൾ അടങ്ങിയ കത്തുകൾ അയച്ചു. വൈദികപഠനം നടത്തുന്ന വിമുക്തഭടന്മാർ മുന്നൂറിനും നാനൂറിനും മദ്ധ്യേ പേർ കാണുമെന്നാണ് ഊഹിച്ചിരുന്നതു്. എന്നാൽ പ്രസിദ്ധീകരണത്തിനു് നിശ്ചയിച്ചിരുന്ന അവസാനത്തിയതി ആയപ്പോഴേക്കും 1632 പേർ ഉണ്ടെന്നു മനസ്സിലായി.

ഈ വിമുക്തഭടന്മാർ വിവിധനിലകളിലും പ്രായത്തിലും ജീവിതസാഹചര്യങ്ങളിലും പെട്ടവരാണ്. അന്തർവാഹിനിയുടെ കാപ്റ്റനായിരുന്ന ഒരു വിമുക്തസൈനികൻ ഈശോസഭയിൽ ചേർന്നിരിക്കുന്നു. വൈദികവിദ്യാർത്ഥി ആയിരിക്കവെ ഒരു സാമാനക്കപ്പലിൽ ആഫീസറായിച്ചേരുകയും കപ്പലിൽ ഏതെങ്കിലുംവിധമുള്ള മതകർമ്മങ്ങൾ ക്രമമായി നടത്തണമെന്നു് കാപ്റ്റൻ നിർബന്ധിക്കമൂലം ഒരു അനൗദ്യോഗികചാപ്ലിന്റെ ജോലി നിർവ്വഹിക്കയുംചെയ്ത ഒരു ഭടൻ ഇന്നു് വൈദികപഠനം പൂർത്തിയാക്കി ഒരു ഇടവകവൈദികനായിത്തീർന്നിരിക്കുന്നു. കപ്പലിലെ ജോലിക്കാർ സ്നേഹസൂചകമായി "ഡീക്കൻ" എന്നാണ് അദ്ദേഹത്തെ വിളിച്ചിരുന്നതു്.

ഈ വിമുക്തസൈനികരിൽ പലരും സൈന്യത്തിൽ ചേരുന്നതിനുമുമ്പ് സർവ്വകലാശാലാബിരുദങ്ങൾ നേടിയിരുന്നവരാണ്. വിദേശമിഷനുവേണ്ടി സെമ്മിനരിയിൽ ചേർന്നിട്ടുള്ള ഒരാൾ മേജർ സ്ഥാനത്തിൽ അഞ്ചുവർഷം വിമാനസേനയിൽ സേവനം അനുഷ്ഠിച്ചതാണ്. ഈ വിമുക്തഭടന്മാർ ഇരുപതുമുതൽ നാല്പതുവയസ്സുവരെ പ്രായമുള്ളവരാണ്. ഒരാൾ പത്തുവർഷത്തെ സൈനികസേവനത്തിനുശേഷം ജോലി രാജിവച്ച് സെമ്മിനരിയിൽ പ്രവേശിച്ചു.

## സൈനികബഹുമതി

ഇങ്ങനെ വൈദികവിദ്യാലയത്തിൽ പ്രവേശിച്ചിട്ടുള്ള വിമുക്തഭടന്മാരിൽ പലരും വീരോചിതമായ സേവനത്തിനു സൈനികബഹുമതികൾ ലഭിച്ചിട്ടുള്ളവരാണ്. മനസ്സാക്ഷി അനുസരിച്ച് മതാനുഷ്ഠാനം നടത്തുന്ന കത്തോലിക്കർ സ്വരാജ്യസേവനത്തിൽ മററാരുടേയും പിന്നിലല്ലെന്നു് ഈ വിമുക്തഭടന്മാരുടെ സേവനചരിത്രം തെളിയിക്കുന്നു. ഇവരിൽ 668 പേർക്ക് "ബാററിൽസ്റ്റാർ", 16 പേർക്ക് പ്രത്യേകമായ "ഫ്ളൈയിങ്ങ്ക്രോസ്", 52 പേർക്ക് "പർപ്പിൾ ക്രോസ്", 39 പേർക്കു "ബ്രോൺസ്സ്റ്റാർ", ഒരാൾക്കു് പ്രത്യേകമായ "സേർവീസ്ക്രോസ്" എന്നിങ്ങനെയുള്ള ബഹുമതിമുദ്രകൾ ലഭിച്ചിട്ടുണ്ട്. എട്ടുപേർക്ക് വിദേശഗവമ്മെണ്ടുകളുടെ ബഹുമതികളും കിട്ടിയിട്ടുണ്ട്.

ഈ വിമുക്തസൈനികർക്കു് സന്യാസജീവിതത്തോടാണ് കൂടുതൽ പ്രതിപത്തി എന്നു് കണക്കുകൾകൊണ്ടു മനസ്സിലാക്കാം. 896 പേർ സന്യാസസഭകളിൽ പ്രവേശിച്ചപ്പോൾ 736 പേർ മാത്രമാണ് രൂപതാസെമ്മിനരികളിൽ പ്രവേശിച്ചിരിക്കുന്നതു്. സന്യാസാർത്ഥികളിൽ ഒരു വലിയ വിഭാഗം ഈശോസഭയിലാണ് ചേർന്നിരിക്കുന്നതു്—267 പേർ. ഈശോസഭയുടെ ഒരു നൊവിഷ്യേററുഭവനത്തിൽതന്നെ 41 പേർചേർന്നിട്ടുണ്ട്. ട്രാപ്പിസ്റ്റ്, ഡൊമിനിക്കൻ, ബെനഡിക്റൈൻ, ഫ്രാൻസിസ്കൻ എന്നീ സഭകളിലും പലരും ചേർന്നിട്ടുണ്ട്.

## മതവിരുദ്ധമല്ല

സൈനികസേവനംമൂലം മതചൈതന്യവും സന്മാർഗ്ഗബോധവും നഷ്ടപ്പെടുമെന്നു് ചിലർ വിചാരിക്കാറുണ്ട്. സിസ്റ്റേർഷ്യൻ സന്യാസസഭയിൽ ചേർന്നിട്ടുള്ള ഒരു വിമുക്തഭടന്റെ അഭിപ്രായം നേരെ മറിച്ചാണ്. അദ്ദേഹം പറയുന്നു: "ഫിലിപ്പൈൻസിൽവച്ച് ഞാൻ മാനസാന്തരപ്പെട്ടു. ഞങ്ങളിൽ അധികംപേരും സൈനികവൃത്തിയിൽ സഹജമായി അസ്വസ്ഥരാകാറുണ്ടായിരുന്നെങ്കിലും എന്നെ സംബന്ധിച്ചിടത്തോളം അതു് അനുഗ്രഹത്തിന്റെ ഒരു കാലമായിരുന്നു. ഞാൻ അതിനായി ദൈവത്തോടു കൃതജ്ഞനുമായിരിക്കുന്നു."

കത്തോലിക്കാ ഭടന്മാരുടേയും ചാപ്ലിന്മാരുടേയും സന്മാതൃകകൾമൂലം ഇതരമതാനുയായികളായ പല സൈനികരും സഭയെ ആശ്ലേഷിച്ചിട്ടുണ്ട്. ഇങ്ങനെ സഭയെ ആശ്ലേഷിച്ചവരിൽ ആറുപേർ വൈദികപഠനം ആരംഭിച്ചിരിക്കുന്നു. കാലാൾപ്പടയിൽ 69 മാസം സേവനം അനുഷ്ഠിച്ച ഒരു ആഫീസർ പറയുന്നതിങ്ങനെയാണ്: "സ്വാർത്ഥപരിത്യാഗികളായ ആ ചാപ്ലിന്മാരുടേയും ദിവ്യകാരുണ്യസ്വീകരണക്കാരുടേയും അത്ഭുതകരമായ പ്രേരണാശക്തി പിതാക്കന്മാരുടെ വിശ്വാസത്തിലേക്കു തിരിച്ചുപോകുന്നതിനു് എന്നെ എത്രമാത്രം സഹായിച്ചിട്ടുണ്ടെന്നു് നിത്യത്വത്തിൽമാത്രമേ അറിയാൻ സാധിക്കയുള്ളു. എനിക്കു് ഒരിക്കലും അവരെ മറക്കാൻ സാധിക്കയില്ല." കാലാൾപ്പടയിൽ ഓഫീസറായിരുന്ന ഒരു യഹൂദൻ ഇപ്പോൾ കത്തോലിക്കനായി ഈശോസഭയിൽ ചേർന്നിരിക്കുന്നു.

ഇതിനകം വൈദികപഠനം പൂർത്തിയാക്കിക്കഴിഞ്ഞിട്ടുള്ള വിമുക്തസൈനികരുടെ ശരിയായ കണക്കു ലഭിച്ചിട്ടില്ലെങ്കിലും അങ്ങനെയുള്ള ഇരുപതിൽ അധികംപേർ ഉണ്ടെന്നു കരുതപ്പെടുന്നു. വൈദികപഠനം നടത്തുന്ന വിമുക്തഭടന്മാരിൽ പലരും ചാപ്ലിന്മാരായി സൈന്യത്തിലേക്കു തിരിച്ചുപോകുവാൻ ആഗ്രഹിക്കുന്നുണ്ട്. അതേപ്പററി ഒരു വിമുക്തസൈനികൻ പറയുന്നതിങ്ങനെയാണ്: "സൈനികരംഗം ക്രിസ്തീയദ്രാക്ഷാവാടിയിലെ കൃഷിചെയ്യപ്പെടാത്ത ഒരു ഭാഗമാണ്.... ഒരു വിമുക്തഭടൻ അഥവാ സൈന്യവിമുക്തനായ ഒരാഫീസർ ചാപ്ലിനായി തിരിച്ചുവരുന്നതു് ഒരു വലിയ സംഗതിയായി സൈനികർ കരുതും."

ഇംഗ്ലണ്ട്, ഫ്രാൻസ് മുതലായ യൂറോപ്യൻരാജ്യങ്ങളിലും പല വിമുക്തഭടന്മാർ സെമ്മിനരികളിൽ ചേർന്നതായി പത്രറിപ്പോർട്ടുകളുണ്ട്.

# ചെറുകഥ

## തനിക്കുനാശം താൻതന്നെ

(ഫിലിപ് കണ്ണനൻപ്ലാക്കൽ, ആനിക്കാട്)

നീട്ടിയൊന്നു തുപ്പിയശേഷം നോക്കിയതു്, വഴിയേപോയ ഒരു അബലയുടെ മുഖത്തേക്കായിരുന്നു. യാത്രക്കാരി, അവളുടെ ഒരാത്മമിത്രമായിരുന്നെന്നൊരുതോന്നൽ മിന്നൽവേഗത്തിൽ അവളിൽക്കൂടി കടന്നുപോയി.

യാത്രക്കാരിയാകട്ടെ, തെക്കുവടക്കു നോക്കാതെ തിടുക്കത്തിൽ നടക്കയായിരുന്നു; ആവോളം വേഗത്തിൽ.

അവൾ വീണ്ടും വീണ്ടും സൂക്ഷിച്ചു നോക്കി, പരിചിതയെന്നു കരുതി. പൂർവ്വസ്മരണകൾ അവളുടെ കൺമുൻപിൽ അണിനിരന്നു. കൈനീളമുള്ള ചട്ട, കസവില്ലാത്ത നേര്യതു്, ആഭരണമില്ലാത്ത ശരീരം,... ... ... ... അവളുടെ സംശയനിവാരണത്തിനുവേണ്ടി മുററത്തിറങ്ങി നോക്കി, ദൂരെക്കൂടിപ്പോകുന്ന യാത്രക്കാരിയെ.

“ഓറോതേ! ഓറോതേ!”........ അവൾ ആവേശപൂർവ്വം ഉറക്കെ വിളിച്ചു; മുന്നോട്ടല്പം നടന്നു.

യാത്രക്കാരി വേഗത കുറച്ചു; തിരിഞ്ഞുനോക്കി. ആരോ വിളിക്കുന്നതായി അവൾക്കു തോന്നി, തിരിച്ചുനടന്നു.

അടുത്തുവന്നപ്പോഴാണു് ഇരുകൂട്ടർക്കും ആളു മനസ്സിലായതു്. “എൻെറ കൊച്ചേലി,” ആഗത ഓടിവന്നു് കെട്ടിപ്പിടിച്ചു. “അയ്യോ! എത്രനാളായി ഒന്നു കണ്ടിട്ടു്. ...”

“എന്നിട്ടോ......” അല്പം പരിഭവഭാവത്തിൽ കൊച്ചേലി പറഞ്ഞു “വിളിച്ചിട്ടും വെടികൊണ്ട പന്നിപോലെ പോയതു്... ...”

ദീർഘനാളുകൾ, തമ്മിൽ കാണാതിരുന്ന ആത്മമിത്രങ്ങൾ കൂട്ടിമുട്ടുമ്പോഴുള്ള അവസ്ഥ, വായനക്കാർ ഊഹിക്കുന്നതാണുത്തമം.

കൊച്ചേലി കൂട്ടുകാരിയെ ക്ഷണിച്ചു. “വാ ... വീട്ടിലേക്കു് ...”

“അയ്യോ, ഒട്ടും നേരമില്ല.” അവൾ ദ്രുതഗതിയിൽ പറഞ്ഞുകേൾപ്പിച്ചു. “മരുന്നു മേടിക്കണം.......................ഇങ്ങോട്ടു വരുമ്പം ... ... ...”

“അതുപോരാ ... ...” കൂട്ടുകാരിയുടെ കൈക്കുപിടിച്ചുകൊണ്ടവൾ പറഞ്ഞു, “ഞാനും പോകാൻ ഒരുങ്ങുകയാണു് ...”

എന്നിട്ടും ഓറോതയ്ക്കു പോകണമെന്നുള്ള ചിന്തയാണു് മുന്നിട്ടുനില്ക്കുന്നതെന്നു മനസ്സിലാക്കിയ കൂട്ടുകാരി അടവൊന്നു മാററി. “അയ്യോ! ഈ തീപിടിച്ച വെയിലത്തു് മനുഷ്യരുവല്ലവരും നടക്കുമോ? ... ...ദൈവമേ!........ വാ ... കുറച്ചുകഴിഞ്ഞാൽ വണ്ടിവരും......”

“പോടീ, കളിയാക്കാതെ ...വണ്ടി... ഈ നരകക്കുഴിയിൽക്കൂടിയാ ........അയ്യോ, ... ...വീട്ടെ....പോട്ടെ ... ...” അവൾ ബലംപ്രയോഗിച്ചു യാത്രയാരംഭിച്ചു.

“കേട്ടോ........” മോടിയായി വേഷമണിഞ്ഞുവന്ന ഒരു പാന്ഥൻെറ നേരെ തിരിഞ്ഞുകൊണ്ടവൾ പറഞ്ഞു, “ഈ വഴിക്കു വണ്ടിയില്ലെന്നാണിവളുടെ വാദം.”

അതു തെററാണെന്നും, മുത്തോലി പൊൻകുന്നം—ദാസൻ — ഓടാനാരംഭിച്ചിട്ടു് ഏതാനും മാസമേ ആയിട്ടുള്ളുവെന്നും, താനും കൊട്ടാരശുപത്രിക്കു പോകയാണെന്നും മററും വഴിപോക്കൻ വിവരിച്ചുപറഞ്ഞപ്പോൾ ഓറോത വിശ്വസിച്ചു.

അവർ മുക്കവലയിലുള്ള ഒരു കടയിൽ കയറിയിരുന്നു—വണ്ടി പ്രതീക്ഷിച്ചു്.

ആഗതരെ വേണ്ടവിധത്തിൽ സ്വീകരിച്ചു കൊച്ചേലി. കൂട്ടുകാരിയെ സൽക്കരിക്കുന്നതിനുവേണ്ട നിർദ്ദേശം കൊടുത്തശേഷം അവർ ഒരുമിച്ചുകൂടി. സ്ത്രീസഹജമായ സംഭാഷണത്തിനിടയിൽ, ഓറോതയുടെ മെലിഞ്ഞദേഹത്തു് തലോടിക്കൊണ്ടവൾ ആശ്ചര്യഭാവത്തിൽ ചോദിച്ചു: “അയ്യോ,.... നിനക്കെന്തുപററി....?”

വെന്തുരുകുന്ന മനസ്സിൻെറ തനിനിറം കാണാതിരിക്കുവാൻവേണ്ടി അവൾ വളരെ പണിപ്പെട്ടു. വികാരങ്ങളടക്കി സന്തോഷഭാവം അഭിനയിച്ചു.

കൂട്ടുകാരിയുടെ ആശയഗതി ഒന്നു മാററിക്കിട്ടാൻ അവൾ ഒരു കൗശലം പ്രയോഗിച്ചു. “ഇവിടെയാണോ താമസിക്കുന്നതു്.......?”

“അല്ല.........മൂത്തമകൻ..........ഞങ്ങൾ പത്തുപതു മൈൽ അകലെയാണു്.” വെററിലത്തട്ടം ആഗതരുടെ മദ്ധ്യത്തിൽ വച്ചുകൊണ്ടവൾ മറുപടിപറഞ്ഞു.

“മററുള്ളവർ........”

“ഒരുത്തിയെ കെട്ടിച്ചു. രണ്ടു കൊച്ചു പിള്ളേരു് പള്ളിക്കൂടത്തിൽ പോകുന്നുണ്ടു്. അവരോടു് ഞങ്ങൾ എന്നും ചോദിക്കുന്നുണ്ടു്, എന്താ പഠിപ്പിക്കുന്നതെന്നു്........ഒരു വിശ്വാസവുമില്ലാത്ത കുറേ സാറന്മാരു്...........”

“അങ്ങനെയുള്ള സ്കൂളിൽ എന്തിനാ കുട്ടികളെ വിട്ടതു്?” ഇടയ്ക്കുകയറി അദ്ദേഹം ചോദിച്ചു.

“എന്തുചെയ്യാം.” അവൾ സവ്യസനം തുടർന്നു. “ഞങ്ങളുടെ അടുത്തു് നമ്മുടെവക ഒരു പള്ളിക്കൂടം ഉണ്ടായിരുന്നു. അതു് സാറന്മാരുടെ പണിമുടക്കുകാരണം


### പള്ളിസാമാനങ്ങൾ

പിച്ചളകത്തിസാൾ, ഫ്ളവർവാസു്, കാസ, കുസ്തോദി, അരുളിക്ക, മുത്തുക്കുട തുടങ്ങിയുള്ള സാമാനങ്ങളും, മെഴുകുതിരിയും

എറണാകുളത്തുള്ള മൂക്കന്നൂർ അനാഥശാല ഡിപ്പോയിൽ കിട്ടുന്നതാണു്.


നിന്നുപോയി. ഉടനെ ഒരുകൂട്ടർ ഒരു പുതിയ പള്ളിക്കൂടം ആരംഭിച്ചു. കുട്ടികളുടെ പഠിത്തം മുടക്കേണ്ടല്ലോ എന്നു വിചാരിച്ചു് പുതിയ പള്ളിക്കൂടത്തിൽ ഞങ്ങളും വിട്ടു. സാറന്മാരെല്ലാം നിരീശ്വരന്മാരാണെന്നാണു് ഓരോരുത്തർ പറയുന്നതു്........”

അതുവരെ ഏതോ ഗാഢചിന്തയിലാണ്ടിരുന്ന വ്യാകുലചിത്ത അല്പം ഉറച്ചു ഇടയ്ക്കുകയറിപ്പറഞ്ഞു: “അയ്യോടീ! അവരെ നീ കൊലയ്ക്കുകൊടുത്തോ.........ഒന്നും കഴിഞ്ഞില്ലെങ്കിൽ വീട്ടിൽ നിറുത്തിയാൽ മതിയായിരുന്നല്ലോ...?”

“അതെന്താ, ഓറോതേ! നീ അങ്ങനെ പറഞ്ഞതു്.” അല്പം നീരസത്തോടുകൂടിയവൾ ചോദിച്ചു. “പിള്ളേരെ പള്ളിക്കൂടത്തിൽ വിടേണ്ടന്നോ........?”

“വിടണം, കണിശമായും വിടണം.... ....നമ്മുടെ പള്ളിക്കൂടത്തിൽ.” ഹൃദയവേദനയോടുകൂടിയവൾ പറഞ്ഞു. “അയ്യോ! കണ്ടമാനമുള്ള പള്ളിക്കൂടത്തിൽ, നമ്മുടെ കുഞ്ഞുങ്ങളെ ഒരിക്കലും വിടരുതേ......... ....ഇതാ........ഞാൻ തീരാദുഃഖമനുഭവിക്കുന്നു.........”

വിങ്ങിവിങ്ങിക്കരയുന്ന കൂട്ടുകാരിയുടെ കൈക്കുപിടിച്ചുകൊണ്ടവൾ സഹതാപപൂർവ്വം ചോദിച്ചു: “നിനക്കെന്തുപററി ........ഓറോതേ!”

മലവെള്ളംപോലെ ഒഴുകിക്കൊണ്ടിരുന്ന കണ്ണുനീരിൽ ഇരുവരും കുളിച്ചു. അവൾ ഹൃദയംപൊട്ടിക്കരയുകയായിരുന്നു, പുത്രവിരഹമോർത്തു്. അവളുടെ ഏകസുതൻ, ശ്രദ്ധക്കുറവുകൊണ്ടു്, നേരായമാർഗ്ഗം വിട്ടുപോയി. അതിനുവേണ്ട പരിതസ്ഥിതികൾ അവൾ സൃഷ്ടിച്ചുകൊടുത്തു. വാത്സല്യനിധിയായ ഏകകുമാരൻെറ ന്യായരഹിതമായ ഓരോ അഭിലാഷങ്ങളും സാധിച്ചുകൊടുത്തപ്പോഴെല്ലാം അവളുടെ അന്തഃകരണത്തിൽ ഒരു നേരിയ സ്വരം പൊന്തിവന്നു “തനിക്കുനാശം താൻതന്നെ” എന്നു്.

“എടീ ഓറോതേ! ഈ നാട്ടുവഴിയിലിരുന്നു കരയാതെ. എടീ പൊട്ടീ!”....കൂട്ടുകാരിയെ വേണ്ടവിധത്തിൽ ശകാരിച്ചു.


### മെഡിക്കൽസിസ്റ്റേഴ്സ് ഓഫ് സെൻറ് ജോസഫ്

സന്യാസജീവിതം നയിച്ചു ആതുരശുശ്രൂഷ ചെയ്യാനാഗ്രഹിക്കുന്ന സ്കൂൾ ഫൈനൽ പരീക്ഷ പാസ്സായ കത്തോലിക്കാ യുവതികൾക്കു നല്ല അവസരം. കൂടുതൽ വിവരങ്ങൾക്കു എഴുതി അയക്കുക.

സിസ്റ്റർ സുപ്പീരിയർ, ധർമ്മഗിരി, കോതമംഗലം



**Social Problem,**
**Social Legislation,**
**Social Information,**
in
## "SOCIAL ACTION"
a monthly edited by
The Indian Institute of Social Order
St. Vincent Street, Poona 1.
Rs. 4/per year



**ഓർമ്മക്കുറവു്**, തലകറക്കം, തലവേദന മുതലായ രോഗങ്ങളെ നീക്കി ശിരഃസൗഖ്യവും സുഖനിദ്രയും ലഭിക്കുന്നതിനും **കേശസമൃദ്ധിക്കും** ഞങ്ങളുടെ ശീഷാമൃതം എണ്ണ ഉപയോഗിപ്പിൻ. വില 8 ഔ: കുപ്പി 1 ക്കു് 4 ക. പ്രായഭേദംകൂടാതെ ഉപയോഗിക്കാവുന്നതു്.

എം. ജെ. മാത്യു വൈദ്യൻ, മടുക്കക്കുഴി വൈദ്യശാല, കാഞ്ഞിരപ്പള്ളി


“വല്ലോരും കേൾക്കും...........”

“അയ്യോ!........വണ്ടി വരുന്നില്ലല്ലോ. ........ഞാൻ പോകുന്നു.........” ഒരു ഭ്രാന്തിയെപ്പോലെ അവൾ കുതിച്ചുചാടി ഓടാൻ ഭാവിച്ചു.

“ഞാനുംകൂടി വരുന്നെന്നു പറഞ്ഞില്ലേ........വണ്ടിവരട്ടെ.........” അദ്ദേഹം സമാശ്വസിപ്പിച്ചു. “ആട്ടെ, നിങ്ങളുടെ മകനെന്തുപററി, ഒന്നുപറഞ്ഞേ ......കേൾക്കട്ടെ.......ഏതായാലും വണ്ടിവരാതെ പോകത്തില്ലല്ലോ—ഈ നട്ടുച്ചയ്ക്കു്.”

“അയ്യോ! അക്കാര്യം ഓർത്തതാണു് എനിക്കു് ഇത്രമാത്രം ദുഃഖമുണ്ടായതു് ...” അവൾ കുനിഞ്ഞിരുന്നു കരഞ്ഞുകൊണ്ടിരുന്നു.

ആഗതൻെറ സരസസംഭാഷണം അവളുടെ മനംകുളിർപ്പിക്കത്തക്കതായിരുന്നു. അദ്ദേഹത്തിൻെറ നിർബന്ധംമൂലം വൈമനസ്യത്തോടുകൂടി അവൾ തുടർന്നു.

“എൻെറ കുട്ടപ്പൻ.........കൊവേന്തസ്കൂളിലാണു് പഠിച്ചിരുന്നതു്. നല്ല പഠിത്തം. രാവിലെ വേദപാഠം. നാലുമണിക്കു് വിസിത.

“എന്നാൽ, കുറച്ചുകഴിഞ്ഞപ്പോൾ, എൻെറ മകനൊരാശ, അവിടെനിന്നും മാറണമെന്നു്. അതിനു പല കാരണങ്ങളും എന്നോടവൻ പറഞ്ഞു അവൻെറ അപ്പനോടു് നേരിട്ടുപറയുന്നതിനൊരു മടി. എന്നെ എപ്പോഴും അലട്ടിക്കൊണ്ടിരുന്നു “ഒന്നുപറ... ഒന്നുപറ” എന്നു്.

“അവനെന്നാ ഈ പറയുന്നതു്?” മേശപ്പുറത്തുണ്ടുകൊണ്ടിരുന്ന അവൻെറ അപ്പൻ ചോദിച്ചു.

“അവനു് ആ പള്ളിക്കൂടത്തിൽ പോകാൻ കഴിയത്തില്ലെന്നു്, അച്ചന്മാർ തല്ലുന്നെന്നു്”......”ഞാൻ അവനുവേണ്ടി ന്യായവാദംചെയ്തു.

“പിന്നെ.......” അല്പം ഗൗരവത്തിൽ എന്നെ ഒരു നോട്ടം.

“ശ്രീവിലാസത്തിൽ” അവൻതന്നെ മറുപടിപറഞ്ഞു, എന്നെ മറഞ്ഞുനിന്നുകൊണ്ടു്.

“നേർച്ചകാഴ്ചവച്ചുണ്ടായ ഏകമകനെ പൊന്നുപോലെ കാര്യമായിരുന്നു ഞങ്ങൾക്കു്. അവൻെറ ഏതാഗ്രഹവും സാധിച്ചുകൊടുക്കുന്നതിനു് യാതൊരു മടിയും ഞങ്ങൾക്കുണ്ടായിരുന്നില്ല.

“അമ്മേ! ശ്രീവിലാസത്തിൽ ചേർന്നു” തുള്ളിച്ചാടി ഓടിവന്നു കുട്ടപ്പൻ പറഞ്ഞു. “അച്ചന്മാരുടെ പൂട്ടപണിയൊന്നും നടന്നില്ല.” അവൻ അവരെ കണ്ടമാനം കുററംപറഞ്ഞു. നേരാണെന്നു ഞാനോർത്തു.

ഒരുദിവസം പ്രാർത്ഥനയ്ക്കു മുട്ടുകുത്തിയപ്പോൾ കുട്ടപ്പനെ കണ്ടില്ല. “അവൻ എവിടെ” എന്നു ചോദിച്ചുകൊണ്ടു് എൻെറനേരെ ഒരു നോട്ടം. ഞാനൊന്നും മിണ്ടിയില്ല. വീണ്ടും വീണ്ടും ചോദിച്ചപ്പോൾ ഞാൻ നേരുപറഞ്ഞു; സിനിമയ്ക്കുപോയി എന്നു്. കുറച്ചുനാൾ കഴിഞ്ഞപ്പോൾ അനുവാദംകൂടാതെ പോകാൻ തുടങ്ങി.

അവൻ മിക്കദിവസവും വളരെ നേരത്തെ വീട്ടിൽ വന്നുകൊണ്ടിരുന്നു. “എടാ, കുഞ്ഞേ! ഇനി പള്ളിക്കൂടത്തിൽ പോകണ്ടേ.” ഞാൻ വളരെസ്നേഹത്തോടുകൂടി ചോദിച്ചു.

“ഓ! പോയി. ഞങ്ങളുടെ സാറന്മാർ നല്ലവരാണു്. ഞങ്ങൾ ഒന്നിച്ചിരുന്നാ കാപ്പികുടിയും ........ മററും ........ ഞങ്ങളുടെ ഹെഡ്മാസ്റ്റർ വളരെ നല്ലയാൾ. ആർക്കു്, എപ്പോൾ വേണമെങ്കിലും പോകാം..............” അവൻെറ മറുപടി കേട്ടു ഞാൻ അതിശയിച്ചുപോയി.”

“എന്നിട്ടും നിങ്ങൾ അന്വേഷിച്ചില്ലേ, നേരാണോ എന്നു്?” ആഗതൻ ഇടയ്ക്കുകയറി ചോദിച്ചു.

“അതിനുവല്ലതിനും നേരമുണ്ടോ?” അവൾ തുടർന്നു. “ഒരു ഞായറാഴ്ച അവൻ പള്ളിയിൽ പോകാതിരുന്നതിനു വഴക്കുപറഞ്ഞു: അന്നും ഞാൻ അവനുവേണ്ടി വാദിച്ചു; തലവേദനയായിരുന്നുവെന്നു്. പിന്നീടു മിക്കപ്പോഴും ഞായറാഴ്ച രോഗം ബാധിച്ചുതുടങ്ങി. തങ്കക്കുടത്തെ വേദനിപ്പിക്കേണ്ടല്ലോ എന്നുള്ള വിചാരം അവനു വളമായിത്തീർന്നു. അതെ, ചുരുക്കിപ്പറഞ്ഞാൽ ഭക്തകാര്യങ്ങളിൽ അവനു നാൾക്കുനാൾ മടിക്കൂടിവന്നു. മുടന്തൻന്യായങ്ങൾ നേരെന്നു വിശ്വസിച്ചു. ഞാനും വാദിച്ചു അവനുവേണ്ടി.

ഒരുദിവസം ഹെഡ്മാസ്റ്റർ ഒരു എഴുത്തുകൊടുത്തുവിട്ടു, അവൻെറ അപ്പൻ സ്കൂൾവരെ ചെല്ലണമെന്നു്. കാരണം അന്വേഷിച്ചപ്പോൾ, ഒരു പെണ്ണുമായി എഴുത്തുകൈമാറിയെന്നു് രേഖാമൂലം തെളിഞ്ഞെന്നു മനസ്സിലായി....അങ്ങനെ പല കേസുകളും............

അവൻ കൂടുതൽ സ്വതന്ത്രനായി. കാരണം, അവൻെറ പിതാവിൻെറ മരണം..............

ഭർത്താവിനെപ്പററിയുള്ള സ്മരണ ആ പതിവ്രതാരത്നത്തെ സന്താപസാഗരത്തിൻെറ അടിത്തട്ടുവരെ താഴ്ത്തി. അവൾ വിമ്മിവിമ്മി കരഞ്ഞുകൊണ്ടിരുന്നു.......

കൊച്ചേലി ഇടയ്ക്കിടയ്ക്കു അടുക്കളയിലേക്കു് എത്തിവലിഞ്ഞു നോക്കുന്നുണ്ടായിരുന്നു, ഭക്ഷണം തയ്യാറായോ എന്നറിയുവാൻ.

“അയ്യോ! എൻെറ കുഞ്ഞു്....എൻെറ കുഞ്ഞു്....അവൾ ചാടിയെണീററു് പോകുവാൻ ഭാവിച്ചു.

“ഇത്രവേഗം മറന്നുപോയോ” ആഗതൻ ഇടയ്ക്കുകയറിപ്പറഞ്ഞു, “ഞാൻകൂടി വരുന്നെന്നു പറഞ്ഞതു്........വണ്ടി വരട്ടെ എന്നു്........”

“അയ്യോ! മറന്നുപോയി.” അവൾ മുററത്തേക്കുനോക്കിക്കൊണ്ടുപറഞ്ഞു. “അല്ല....ഉച്ചയായല്ലോ....അയ്യോ മരുന്നു്... മരുന്നു്...നേരംപോയി......”

“ഏതായാലും കുറച്ചുസമയം ഇരുന്നുപോയി. ഇനി നടന്നാൽ സമയത്തിനു

"മുൻപ് ചെല്ലുകയില്ല." വാച്ചിൽ നോക്കിയശേഷം പറഞ്ഞു. "സമയമായി.... ഒരഞ്ചുമിനിട്ടുകൂടി........അതുവരെ.... നോക്കികൂടി......."

അവൾ നീണ്ടമൗനത്തിനുശേഷം തുടർന്നു: "അവൻ എൻ്റെ ചൊൽപ്പടിക്കു നില്ക്കയില്ലെന്നായി........മാത്രമല്ല, എന്നെക്കൂടി കളിയാക്കാൻ തുടങ്ങി.... ഞാൻ പള്ളിയിൽപോകുന്നതു്, പ്രാർത്ഥിക്കുന്നതു് അവൻ്റെ നോട്ടത്തിൽ വെറും കഥയില്ലാപ്രവൃത്തികളാണു്.

"ഒരുദിവസം ഒരു പെണ്ണിനേയുംകൊണ്ടു് അവൻ വന്നിരിക്കുന്നു! ഞാൻ ചോദിച്ചു രഹസ്യത്തിൽ, "ഇവൾ?"

"അവൻ ഒരുനോട്ടം, ക്രൂരഭാവത്തിൽ. ഞാൻ ഭയന്നുപോയി. "അറിയേണ്ടാവശ്യം?" അവൻ്റെ മറുപടി കേട്ടപ്പോഴെ എനിക്കു മതിയായി. ഞാൻ രഹസ്യമായി അന്വേഷിച്ചു, അവർ തമ്മിലുള്ള ബന്ധം എന്തെന്നു്. രജിസ്റ്റർ വിവാഹം കഴിച്ചതാണുപോലും! കുടുംബസമാധാനത്തിനുവേണ്ടി, ഞാനൊന്നും പറഞ്ഞില്ല, കരഞ്ഞതുമാത്രം.

"ഇന്ദിരാമ്മായിക്കു ഞാൻ ദാസ്യവേല ചെയ്യേണ്ടിവന്നു, ആഹാരത്തിനുവേണ്ടി. എന്നാലും കുടുംബരഹസ്യം പരസ്യമാകരുതെന്നു ഞാൻ മനഃപൂർവ്വം വിചാരിച്ചു ദിവസങ്ങളോരോന്നും കഴിച്ചുവന്നു

"ഒരുദിവസം, ഒരുവണ്ടിനിറയെപോലീസുകാരെയാണു് കണികാണ്മാൻ എനിക്കിടയായതു്. "എവിടെ കുട്ടപ്പൻ?" ഇൻസ്പെക്ടർ ഗർജ്ജിച്ചു അപ്പോഴേക്കും പോലീസുസൈന്യം വീടു വളഞ്ഞുകഴിഞ്ഞു. ബലമായി അകത്തുകയറി ഉറങ്ങിക്കിടന്നവനെ പിടിച്ചുകെട്ടിക്കൊണ്ടു

ബ. സിസ്റ്റർ അൽഫോൻസായുടെ സഹായത്താൽ എനിക്കു സിദ്ധിച്ച അനുഗ്രഹങ്ങൾക്കു കൃതജ്ഞത.

മിസ്സസ്സ് റ്റി. മാത്യു, തൊടുപുഴ

പോയി—പുറകേ ഞാനും, കരഞ്ഞുകൊണ്ടു്. അവർ എന്നെ തല്ലിയോടിച്ചു, പുറകോട്ടു്. ഞാൻ, വല്യവന്മാരുടെ അടുക്കൽച്ചെന്നു താണുവീണു് അപേക്ഷിച്ചു എൻ്റെ കുഞ്ഞിനെ രക്ഷിക്കണമെന്നു്. "കമ്മ്യൂണിസ്റ്റു നേതാവിനുവേണ്ടി ഞങ്ങൾ തുനിയുകയില്ല" എന്നായിരുന്നു അവരുടെ മറുപടി. കണ്ണുനീരും കയ്യുമായി ഞാൻ മടങ്ങി.

"അവരെയെല്ലാം മോചിപ്പിച്ചെന്നു് പത്രത്തിൽ കണ്ടല്ലോ, എന്നിട്ടും വന്നില്ലേ...." അദ്ദേഹം ഇടയ്ക്കുകയറി ചോദിച്ചു

"വന്നു......വന്നു........എല്ലാംതോലുമായി.... അന്നു കട്ടിലേൽ കയറിയതാ...... ഇതുവരെ പണിപ്പെട്ടു ചികിത്സിച്ചതുകൊണ്ടു് ജീവൻ കിട്ടി."

"അതു കഷ്ടമായിപ്പോയല്ലോ. നേതാക്കന്മാർക്കു് കേമമായ സ്വീകരണങ്ങളും പണക്കിഴിസമർപ്പണവും ഉണ്ടായിരുന്നല്ലോ......"

"വേണ്ട, വേണ്ട......അവരുടെ ഒരാശ ഒന്നും വേണ്ട. ഇനിയെങ്കിലും......എൻ്റെ കുഞ്ഞിനെ കണ്ടുകൊണ്ടു് മരിച്ചാൽ മതിയായിരുന്നു. അതാണു് എൻ്റാശ.

"കഴിഞ്ഞ ദിവസം, ആലപ്പുഴവരെയെന്നും പറഞ്ഞുപോയതാ, ഇതുവരെ കണ്ടില്ല........എൻ്റെ മാതാവേ!" അവൾ ദീർഘമായിനിശ്വസിച്ചു.

"എന്നാൽ അകത്തായതുതന്നെ." അദ്ദേഹം അറിയാതെ പറഞ്ഞുപോയി.

"ഒരു പോസ്റ്റുമൻ, മുക്കവലയിലുള്ള ഒരു കടയിൽ തിടുക്കത്തിൽ കയറിച്ചെന്നു "ഓടത്തുങ്കൽ ഒറോതയെ അറിയുമോ" എന്നു ചോദിച്ചു തീരുന്നതിൻമുൻപെ "ഞാനാണേ" എന്നുപറഞ്ഞുകൊണ്ടവൾ ചാടി എണീററു.

"കമ്പിവന്നിരിക്കുന്നു." ഒരു കവർ അവളെ ഏല്പിച്ചു. കാര്യമറിയുന്നതിനുള്ള ആവേശത്തോടുകൂടി ആശതന്നെ അവൾ സമീപിച്ചു അദ്ദേഹം ഉള്ളടക്കം മനസ്സിലാക്കിയശേഷം പറഞ്ഞു: "കുട്ടപ്പൻ മരിച്ചു. ക്ഷയരോഗാശുപത്രിയിൽ വച്ചു."

"എൻ്റെ മകനേ........നീ..........." മാറത്തടിച്ചു നിലവിളിച്ചതും ബോധരഹിതയായി നിലംപതിച്ചതും ഒരുമിച്ചു കഴിഞ്ഞു

# തൊഴിലാളിമുന്നണി

പ്രിയപ്പെട്ട നാട്ടുകാരേ,

രാഷ്ട്രീയവും സാമ്പത്തികവുമായ പരിവർത്തനങ്ങളുടെ ഒരു കാലഘട്ടത്തിലാണു് നാം ജീവിക്കുന്നതു്. തൊഴിലാളികളും മുതലാളികളുംതമ്മിൽ ഉഗ്രസംഘട്ടനങ്ങൾ പല സ്ഥലങ്ങളിലും നടന്നുവരുന്നു. ഇന്നാട്ടിലെ വ്യവസായങ്ങൾ സമ്പന്നരും സമർത്ഥരുമായ ഏതാനും വ്യക്തികളുടെവകയാണു്. ഈ വ്യവസായങ്ങൾ കൊണ്ടു അവരുടെ സാമ്പത്തികസ്ഥിതി ഉയർന്നുവരുന്നുമുണ്ടു്. എന്നാൽ വേലചെയ്യുന്ന തൊഴിലാളിവർഗ്ഗം അരപ്പട്ടിണിയും മുഴുപ്പട്ടിണിയുമായി നരകിക്കുകയാണു്. ഭക്ഷണസാധനങ്ങളുടെ വിലക്കയറ്റത്താലും ക്ഷാമത്താലും നമ്മുടെ തൊഴിലാളികൾ വിഷമിച്ചു വലയുകയാണു്.

സാമ്പത്തികരംഗത്തു സാരമായ പരിവർത്തനങ്ങൾ വന്നേ കഴിയൂ. വ്യവസായശാലകളിൽ പലപല രക്ഷാവ്യവസ്ഥകളും തൊഴിലാളിവർഗ്ഗത്തിനായി നടപ്പിൽ വരുത്തേണ്ടതുണ്ടു്. തൊഴിലാളികൾ ഇക്കാര്യം നല്ലപോലെ മനസ്സിലാക്കിയിട്ടുമുണ്ടു്. സ്വാശ്രയശീലവും സംഘടനാബോധവും അവരിൽ വർദ്ധിച്ചുവന്നിരിക്കുന്നു. തൊഴിലാളിസംഘടനകൾ സകല വ്യവസായശാലകളിലും സ്ഥാപിക്കപ്പെട്ടിരിക്കുന്നു. നീതിയുക്തമായ കൂലിനിരക്കും രക്ഷാവ്യവസ്ഥകളും നടപ്പിൽ വരുത്തുവാൻ അവർ മുക്തകണ്ഠം മുറവിളികൂട്ടുന്നു. പല ഫാക്ടറികളിലും കൂലിനിരക്കു കൂട്ടുവാനും ബോണസ്സ് കൊടുക്കുവാനും മുതലാളികളെ നിർബന്ധിച്ചതു് തൊഴിലാളികളുടെ സംഘടിതപരിശ്രമങ്ങളാണെന്നതു് വെറും പരമാർത്ഥം മാത്രമാണു്. "ഹൃദയ"മുള്ള സകല മനുഷ്യരും തൊഴിലാളികളുടെ ഈ പ്രസ്ഥാനത്തെ അഭിനന്ദിക്കാതിരിക്കയില്ല.

എന്നാൽ തൊഴിലാളികളുടെ ഈ സമരത്തിനു ഒരു കറുത്ത വശമുണ്ടു്. രാജ്യതന്ത്രജ്ഞതയും രാഷ്ട്രീയരഹസ്യങ്ങളും മനസ്സിലാക്കാത്ത നമ്മുടെ ഈ തൊഴിലാളികളെ വിപ്ലവകാരികളും നിരീശ്വരവാദികളുമായ കമ്മ്യൂണിസ്റ്റുകാരുടെ കടിവായിൽ കടത്തിവിടുവാൻ ഈ പ്രക്ഷോഭണങ്ങൾ സഹായമായിത്തീർന്നിരിക്കുന്നു. തൊഴിലാളികളുടെ സുഹൃത്തുക്കളും നേതാക്കളുമെന്ന ഭാവത്തിൽ കമ്മ്യൂണിസ്റ്റുകാരും അവരുടെ അനുഭാവികളും സകല തൊഴിൽശാലകളിലും പ്രവർത്തനം തുടങ്ങിയിരിക്കുകയാണു്. ഈ സഖാക്കൾ മുതലാളികൾക്കെതിരായി സ്ഥാനത്തും അസ്ഥാനത്തും പ്രക്ഷോഭണങ്ങൾ ഇളക്കിവിട്ടുകൊണ്ടു് തൊഴിലാളികളുടെ സിരകളിൽ ചുടുരക്തം കയറ്റുന്നു. സകല സ്വകാര്യവ്യവസായങ്ങളും പിടിച്ചുപറ്റി ഇന്നാട്ടിൽ കമ്മ്യൂണിസ്റ്റ്സ്വേച്ഛാധിപത്യം സ്ഥാപിക്കുകയും നിരീശ്വരത്വം പ്രചരിപ്പിക്കുകയുമാണു് ഇവരുടെ പരമലക്ഷ്യം. കുളം കലക്കി മീൻ പിടിക്കുവാനാണു് സഖാക്കളുടെ പ്ലാൻ.

എന്നാൽ നമ്മുടെ തൊഴിലാളികൾ ഒരിക്കലും കമ്മ്യൂണിസ്റ്റുകാരോ നിരീശ്വരവാദികളോ അല്ല. കാറൽ മാർക്സിൻ്റെ ഭൗതികവാദം അവരെ കരണ്ടുതിന്നിട്ടില്ല. "സ്റ്റാലിൻ സാറി"ൻ്റെ നിരീശ്വരപ്രസ്ഥാനം അവരെ പിടിച്ചു വിഴുങ്ങിയിട്ടുമില്ല. ഇന്നാട്ടിലെ തൊഴിലാളിസഹസ്രങ്ങൾ എല്ലാവരുംതന്നെ തികഞ്ഞ മതഭക്തരും ദൈവസ്നേഹികളുമാകുന്നു. പിന്നെ എങ്ങനെ നിരീശ്വരക്കൂട്ടുകെട്ടിൽപ്പെട്ട ഈ കമ്മ്യൂണിസ്റ്റുകാർ തൊഴിലാളികളുടെ നേതാക്കളായി? അതാണു് രസാവഹം! ഈ പ്രദേശത്തുള്ള കമ്മ്യൂണിസ്റ്റുകാരും അവരുടെ സിൽബന്ധികളും തങ്ങളുടെ ഭൗതികസിദ്ധാന്തങ്ങളും നിരീശ്വരതത്വങ്ങളുമെല്ലാം പുറത്തിറക്കാതെ സൂക്ഷിച്ചുവച്ചിരിക്കയാണു്. കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയുടെ ശരിയായ ഉള്ളുകള്ളികൾ സാധുതൊഴിലാളികളിൽനിന്നു അവർ മറച്ചുവച്ചിരിക്കയാണു്. അങ്ങനെയൊരു കപടനയം സ്വീകരിക്കുവാൻ കമ്മ്യൂണിസ്റ്റ്നേതാക്കൾ തങ്ങളുടെ ശിഷ്യരെ ഉൽബോധിപ്പിച്ചിട്ടുമുണ്ടു്. തൽക്കാലം വിശപ്പിൻ്റെ പേരിൽതൊഴിലാളികളെ ആവേശംകൊള്ളിക്കുക, അണിനിരത്തുക, സമരം നടത്തുക, അങ്ങനെ പതുക്കെപ്പതുക്കെ തൊഴിലാളിലോകത്തെ വശീകരിച്ചുകൊണ്ടു് കമ്മ്യൂണിസ്റ്റ്ഭരണം സ്ഥാപിക്കുക, ഇതാണവരുടെ ഗൂഢപദ്ധതി. അമിതലാഭം മോഹിക്കുന്ന ചില മുതലാളികളുടെ അഴിമതികളും അനീതികളും സഹിച്ചു് അരിശംപൂണ്ട തൊഴിലാളികൾ കമ്മ്യൂണിസ്റ്റുകാരുടെ "നല്ലവാക്കും" വാഗ്ദാനകോലാഹലങ്ങളും കേട്ടപ്പോൾ ആകൃഷ്ടരായിപ്പോയി! അത്രമാത്രം. ദേവാലയങ്ങളും ഭക്തസ്ഥാപനങ്ങളും ഇടിച്ചുതകർത്തു് നിരീശ്വരത്വവും നിർമ്മതത്വവും പ്രചരിപ്പിക്കുകയാണു് കമ്മ്യൂണിസ്റ്റുകാരുടെ പ്രഖ്യാപിതലക്ഷ്യമെന്നു ഇന്നാട്ടിലെ തൊഴിലാളികൾ മനസ്സിലാക്കിയില്ല! ക്രിസ്തുവിൻ്റെ ക്രൂശിതരൂപം ചവിട്ടിത്തേക്കുകയാണു് യൂറോപ്പിലെയും ചൈനായിലെയും കമ്മ്യൂണിസ്റ്റുകാർ ചെയ്യുന്നതെന്നു നമ്മുടെ നിഷ്കളങ്കരായ ക്രൈസ്തവതൊഴിലാളികൾപോലും അറിഞ്ഞില്ല! ദൈവത്തെ ഏററുപറയുന്ന സകല മനുഷ്യരെയും വെടിവച്ചു വീഴ്ത്തുകയാണു് സഖാക്കളുടെ പതിവെന്നു് തൊഴിലാളികൾ ഗ്രഹിച്ചില്ല!!!

എന്തിനു തൊഴിലാളികളെ പഴിക്കുന്നു? അവർക്കു ജീവൻ നിലനിർത്തുവാൻ സംഘടിച്ചു സമരംചെയ്യാതെ നിവൃത്തിയില്ലെന്നുവന്നു. ന്യായമായ അവകാശങ്ങൾ വകവച്ചുകിട്ടുവാനുള്ള തൊഴിലാളികളുടെ ഈ പ്രസ്ഥാനത്തെ വേണ്ടവിധത്തിൽ നയിക്കുവാൻ ദൈവസ്നേഹവും ത്യാഗശീലവുമുള്ള നേതാക്കന്മാർ ഫാക്ടറികളിലേക്കു കടന്നുചെന്നില്ല. ഈ തക്കംനോക്കി കമ്മ്യൂണിസ്റ്റുകാരും മാർക്സിയൻ സോഷ്യലിസ്റ്റുകാരും വ്യവസായശാലകളിൽ നുഴഞ്ഞുകയറി തൊഴിലാളിനേതൃത്വം ഏറെറടുത്തു.

പ്രിയ ജനങ്ങളേ,

നമ്മുടെ രാജ്യത്തെ നിരീശ്വരത്വത്തിലേക്കും വിപ്ലവത്തിലേക്കും വലിച്ചിഴയ്ക്കുന്ന ഈ ഭൗതികവാദികളെ നാം ബഹിഷ്കരിക്കണ്ടേയോ? തൊഴിലാളികളുടെ അവശതകളും ദുരിതങ്ങളും അവസാനിപ്പിക്കുവാൻ നാം പടവെട്ടേണ്ടേയോ? സംഘടിച്ചുനിന്നാലേ തൊഴിലാളികൾക്കു ശക്തിയുള്ളു. ആത്മാർത്ഥതയും നിസ്വാർത്ഥതയും നിറഞ്ഞുതുളുമ്പുന്ന ഈശ്വരബോധമുള്ള പ്രവർത്തകന്മാർ ഫാക്ടറികളിൽ പ്രവേശിക്കണം. അവർ തൊഴിലാളികളെ നയിക്കണം, തൊഴിലാളികളുടെ ആവശ്യങ്ങൾ ഉന്നയിക്കണം; തൊഴിലാളിപ്രസ്ഥാനത്തെ വിജയിപ്പിക്കണം. കമ്മ്യൂണിസ്റ്റ്സഖാക്കളുടെ വിപ്ലവപ്രസ്ഥാനങ്ങളെ മുരടോടെ മുറിച്ചു നീക്കണം, അങ്ങനെ നമ്മുടെ നാട്ടിൽ ശാശ്വതമായ സമാധാനവും സൗഭാഗ്യവും കൈവരുത്തണം.

ഇതിനായിട്ടാണു് മലബാർ മിഷനറിയൂണിയൻ്റെ ആഭിമുഖ്യത്തിൽ "തൊഴിലാളിമുന്നണി" രൂപീകരിച്ചിട്ടുള്ളതു്. തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങൾ കഴിയുംവേഗം സാധിപ്പിച്ചു് സന്തുഷ്ടിയും സൗഹാർദ്ദവും നടമാടുന്ന വ്യവസായശാലകളും കുടുംബങ്ങളും കെട്ടിപ്പടുക്കുകയാണു് ഞങ്ങളുടെ ലക്ഷ്യം. തങ്ങളുടെ ധനവും ബുദ്ധിശക്തിയും ഇതരകഴിവുകളും വ്യവസായരംഗങ്ങളിൽ വിനിയോഗിക്കുന്ന നീതിബോധമുള്ള വ്യവസായോടമസ്ഥന്മാർ നാടിനു വലിയൊരു സേവനമാണു് ചെയ്യുന്നതു്. നീതിയുക്തമായ കൂലി തൊഴിലാളികൾക്കു് കൊടുക്കുവാൻ സമുദായധർമ്മബോധം അവരെ പ്രേരിപ്പിക്കണം. മുതലാളികളും തൊഴിലാളികളും പരസ്പരവിശ്വാസത്തോടും ഐക്യബോധത്തോടുംകൂടി വർത്തിക്കുവാനുള്ള ഒരു പശ്ചാത്തലം ഉടനെ സൃഷ്ടിക്കേണ്ടിയിരിക്കുന്നു. പരിപാവനമായ ഈ സന്ദേശം രാജ്യമെങ്ങും പരത്തുകയാണു് "തൊഴിലാളിമുന്നണി"യുടെ ദൗത്യം. ഈ ദിവ്യദൗത്യവുംപേറി ഞങ്ങളുടെ ധർമ്മഭടന്മാർ പ്രവർത്തനരംഗങ്ങളിൽ ഇറങ്ങിക്കഴിഞ്ഞു. ഇരിങ്ങാലക്കുട, കല്ലേററുംകര, ആളൂർ, അവിട്ടത്തൂർ, പുല്ലൂർ, താഴേക്കാട് എന്നീ പ്രദേശങ്ങളിൽ "തൊഴിലാളിമുന്നണി"യുടെ സജീവപ്രവർത്തനങ്ങൾ സമാരംഭിച്ചിരിക്കുന്നു. തൊഴിലാളികളുടെ അവകാശങ്ങൾക്കായി ഞങ്ങൾ ശക്തിയുക്തം അദ്ധ്വാനിക്കും. ഞങ്ങളെ അവിവേകികളും കഥയില്ലാത്തവരുമെന്നു് ചില യാഥാസ്ഥിതികർ വിളിച്ചേക്കാം. കരിങ്കാലികളെന്നു കമ്മ്യൂണിസ്റ്റുകാർ ജല്പിച്ചേക്കാം. എന്തുവന്നാലും ഈ വിഭിന്നകക്ഷികളുടെ മദ്ധ്യേ ഉറച്ചുനിന്നുകൊണ്ടു് ക്രിസ്തുവിൻ്റെ സ്നേഹഭാജനങ്ങളായ തൊഴിലാളിലക്ഷങ്ങൾക്കുവേണ്ടി സമരംചെയ്യുവാൻ ഞങ്ങൾ ദൃഢനിശ്ചയം ചെയ്തിരിക്കുന്നു. ദൈവചിന്തയും സാമൂഹ്യബോധവും ദീനാനുകമ്പയുമുള്ള സകലജാതിജനങ്ങളും ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങൾക്കപേക്ഷയുണ്ടു്.

തോപ്പ്, തൃശ്ശൂർ
28—10—1951
എന്നു്
സുപ്പീരിയർ,
മലബാർ മിഷനറി യൂണിയൻ.

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

C. P.




"ഒരു മണിക്കൂർ നേരമായി ഞാൻ ഈ മാളികയുടെ ജനലിൽക്കൂടി ആ വഴിവെട്ടുകാരനെ നോക്കിനിന്നുതുടങ്ങിട്ടു്. ഈ നേരമത്രയും അവൻ യാതൊന്നും ചെയ്തിട്ടില്ല. വൃഥാ സമയംകളകയാണു്."

"നിങ്ങളോ?"

* * *

ഗുരുവിൻ്റെ നിർദ്ദേശപ്രകാരം ശിഷ്യൻ അമ്പെയ്യാൻ പരിശീലിക്കയായിരുന്നു. കുറെസമയത്തിനുശേഷം ഗുരു വന്നു് പരിശോധിച്ചപ്പോൾ അമ്പുകളെല്ലാം വൃത്തത്തിൻ്റെ മദ്ധ്യത്തിൽത്തന്നെ തറച്ചുനില്ക്കുന്നതുകണ്ടു് അദ്ദേഹം ആശ്ചര്യപ്പെട്ടു. "നീയെങ്ങനെ ഇത്രവേഗം ഇതു സാധിച്ചു?" എന്നു ചോദിച്ചു.

ശിഷ്യൻ: "അതിനാണോ പ്രയാസം? ഞാൻ ആദ്യം അമ്പെയ്യും. അതിനുശേഷം വൃത്തം വരയ്ക്കും."

* * *

എല്ലാദിവസവും ഉച്ചനേരത്തു ഒരാൾ "സമയമെന്തായി?" എന്നു ടെലഫോൺ ഓപ്പറേററോടു വിളിച്ചുചോദിക്കുമായിരുന്നു. ഒരു ദിവസം ടെലഫോൺ ഓപ്പറേററർ കാരണമന്വേഷിച്ചു.

മറുപടി: "ഉച്ചയ്ക്കു സൈറൺ (ചൂള) വിളിക്കുന്നതു ഞാനാണു്. അതുകൊണ്ടു കൃത്യസമയം അറിയാനായിട്ടു വിളിക്കുന്നതാണു്."

ടെ. ഓ: "അങ്ങനെയാണോ? ഞാൻ സൈറൺ കേട്ടാണല്ലോ ഇവിടത്തെ ക്ലോക്കു ശരിയാക്കുന്നതു്."

* * *

"ഇന്നലെ എനിക്കു് അസാധാരണമായ ഒരനുഭവം ഉണ്ടായി."

"എന്താണതു്?"

"അലക്കി വൃത്തിയാക്കി ഇട്ടിരുന്ന മേശവിരിയിന്മേൽ മഷിക്കുപ്പി മറിഞ്ഞുവീണു."


"അതിലെന്തു് അസാധാരണത്വമുള്ളതു്?"

"കുപ്പിയിൽ മഷിയില്ലായിരുന്നു."


A Manual of English Grammar
and
Composition
(Approved by Tra-Cochin Text Book Committee
for IV, V, & VI Forms.)
By K. E. Job, M. A. L. T., Changanacherry.
Copies can be had from:-
ASSISSI BOOK HOUSE,
Changanacherry

# എറണാകുളം മെത്രാപ്പോലീത്താതിരുമനസ്സിലെ പൗരോഹിത്യ സുവർണ്ണജൂബിലിപ്രമാണിച്ചു് നടത്തിയ


# അന്നദാനത്തിൻെറ വിവിധരംഗങ്ങൾ




സാധുക്കൾക്ക വിതരണംചെയ്യാനുള്ള വിഭവങ്ങൾ സംഭരിച്ചിരിക്കുന്നതു്.



മെത്രാപ്പോലീത്താതിരുമേനി ആഹാരം വിളമ്പിക്കൊടുക്കുന്നു.




മെത്രാപ്പോലീത്താതിരുമേനി വൈദികരുമൊരുമിച്ചു് സദ്യകഴിക്കുന്ന പാവങ്ങളുടെ ഇടയിൽ ചുററിസഞ്ചരിക്കുന്നു.



സദ്യയുടെ ഒരു ഭാഗം. ജനക്കൂട്ടത്തിൻെറ മദ്ധ്യത്തിൽ വന്ദ്യ തിരുമേനിയെ കാണാം.



മെത്രാപ്പോലീത്താതിരുമേനി, ആഹാരംകഴിച്ചുകൊണ്ടിരിക്കുന്ന സാധുക്കളെ അഭിവീക്ഷിക്കുന്നതിൻെറ മറെറാരുരംഗം.



സാധുക്കൾ നിരനിരയായിരുന്നു ആഹാരം കഴിക്കുന്നതു്.

## മെത്രാഭിഷേക വാർഷികം

എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ ആഗസ്തീനോസു തിരുമേനി മെത്രാൻപട്ടം സ്വീകരിച്ചിട്ടു് ഈ ഡിസംബർ 3-ാംനു- 40 വർഷം തികത്തിരിക്കുന്നു. ത ത്സംബന്ധമായി തദ്ദിവസം അരമനക്കപ്പേളയിൽ എ. വെ. ബ. വികാരിജനറാൾ അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ തിരുമണിക്കൂർ ആരാധന നടത്തപ്പെട്ടു. 3-ാംനു- മെത്രാപ്പോലീത്താ തിരുമേനി അരമനക്കപ്പേളയിൽ ദിവ്യബലി അപ്പിക്കയും വൈദികർ, കന്യാസ്ത്രീകൾ, സെമ്മിനാരി വിദ്യാർത്ഥികൾ ഉൾപ്പെടെ അനേകംപേർ അതിൽ സംബന്ധിക്കയും ചെയ്തു. തുടന്നു് വെരി റവ മോൺ. പി. കെ. നമ്പ്യാപറമ്പിൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ ആഘോഷമായസ്തോസ്സുകുർബാന അർപ്പിക്കപ്പെട്ടു. മെത്രാപ്പോലീത്താ തിരുമേനിതന്നെ ദിവ്യകാരുണ്യാശീർവ്വാദം നല്കുകയും ലാക് ആലാഹാ എന്നസ്തോത്രഗീതം ആലപിക്കയും ചെയ്തു. ദിവ്യകാരുണ്യാശീർവ്വാദത്തിനുമുമ്പു് മാംഗളൂർ സെമ്മിനാരിവിദ്യാർത്ഥിയായ റവ. ബ്രദർ ജോർജ്ജു് പുഞ്ചക്കുന്നേൽ (തെനംകുന്നു് ഇടവക) അവർകൾക്കു് അഭിവന്ദ്യതിരുമേനി "ആസ്ഥപ്പാട്ടപട്ടം" നൽകിയകാര്യവും പ്രസ്താവ്യമാണു്. ഉച്ചകഴിഞ്ഞു് മൂന്നുമണിക്കു് തിരുമേനിയുടെ പൗരോഹിത്യസുവർണ്ണജൂബിലി പ്രമാണിച്ചു് രണ്ടായിരത്തിൽപ്പരം സാധുക്കൾക്കു് വിഭവസമൃദ്ധമായ സദ്യ നല്കുകയുണ്ടായി. തിരുമേനിതന്നെയാണു് ആദ്യം ആഹാരസാധനങ്ങൾ വിളമ്പികൊടുത്തതു്. തുടന്നു ഉദ്യോഗസ്ഥന്മാർ, വക്കീലന്മാർ തുടങ്ങിയ പൗരമുഖ്യരും സെമ്മിനാരിവിദ്യാർത്ഥികളും ആ കൃത്യം നിർവഹിച്ചു.

## രാജകുടുംബാംഗം

### ജ്ഞാനസ്നാനം സ്വീകരിച്ചു

ജപ്പാനിലെ രാജകുടുംബത്തിൽപ്പെട്ട, പ്രിൻസ അസാക്ക സ്വാപത്രയും മൂത്തപുത്രിയുമൊരുമിച്ചു് ജ്ഞാനസ്നാനം സ്വീകരിച്ചിരിക്കുന്നു. യൊക്കോഹാമായിലെ മെത്രാനായ വാക്കിഭാ തിരുമേനിയായിരുന്നു കാർമ്മികൻ. ജപ്പാനീസു് ചക്രവത്തിയോടു് രക്തബന്ധമുള്ള ഒരു രാജവംശജൻ ഇദംപ്രഥമമായിട്ടാണു് ക്രിസ്ത്യാനിയാകുന്നതു്. ജ്ഞാനസ്നാനത്തിൽ അദ്ദേഹം സ്വീകരിച്ചിരിക്കുന്ന പേർ പീററർ എന്നാണ്. കഴിഞ്ഞ വർഷത്തിൽ അദ്ദേഹത്തിൻെറ ഭാര്യയും ഇളയപുത്രിയും ജ്ഞാനസ്നാനംസ്വീകരിക്കയുണ്ടായി.




പുത്തൻപള്ളി: എറണാകുളം മെത്രാപ്പോലിത്താ തിരുമനസ്സിലെ ജൂബിലി പ്രമാണിച്ചു് നവംബർ 16-ാംനു- മുതൽ മൂന്നുദിവസത്തേക്കു് ജ്ഞാനധ്യാനവും 20, 21, 22 എന്നിതിയതികളിൽനാല്പതുമണിയാരാധനയുംനടത്തിയിരിക്കുന്നു.

—തൃപ്പൂണിത്തുറ ഫൊറോനാപ്പള്ളിയിൽ മെത്രാപ്പോലിത്തൻ ജൂബിലിപ്രമാണിച്ചു് ഡിസം. 6 മുതൽ 10 വരെ തിയതികളിൽ പൊതുധ്യാനവും ഡിസം. 11, 12 13 എന്നി തിയതികളിൽ നാല്പതുമണിയാരാധനയും വൈകുന്നരം പ്രസംഗമഹായോഗങ്ങളും നടത്തപ്പെടുന്നതാണെന്നറിയുന്നു.

—കടളിക്കാടു്: പുതുതായി പണിതിത്തിരിക്കുന്ന ദേവാലയത്തിൻെറ വെഞ്ചരിപ്പുകർമ്മം നവം. 26 ാം തിയതി എറണാകുളം അതിരൂപതാ വികാരിജനറാൾ മോൺ. പോത്താനാമുഴി അവർകൾ നിർവ്വഹിച്ചിരിക്കുന്നു.

—മരങ്ങാട്ടുപിള്ളി: വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ പ്രഥമവാർഷികം ഡിസം. 9-ാം തിയതി റവ. ഫാ. എബ്രഹാം വടക്കേൽ ബി. എ. ഡി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ബ്രദേഴ്സ് കെ. സി. ചാക്കോ, പീററർ റെസ്റ്റി എന്നിവരായിരിക്കും പ്രാസംഗികർ.

—ഉഴവൂർ ഫൊറോനാ ദേവാലയത്തിൻെറ സുവർണ്ണജൂബിലി പ്രമാണിച്ചു് ഡിസം. 5, 6 7 എന്നി തിയതികളിൽ നാല്പതുമണിയാരാധന നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു.

—വടയാർ: എറണാകുളം മെത്രാപ്പോലിത്താ തിരുമനസ്സിലെ ജൂബിലിപ്രമാണിച്ചു് നവം. 22, 23, 24 എന്നി തിയതികളിൽ പൊതുധ്യാനവും 25-ാം തിയതി പൊതു ദിവ്യകാരുണ്യസ്വീകരണവും 27, 28, 29 എന്നി തിയതികളിൽ നാല്പതുമണിയാരാധനയും നടത്തപ്പെട്ടു.

—വൈപ്പിൻ: സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ വാർഷികദിനം നവം. 24-ാം തിയതി പാലാമെത്രാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചിരിക്കുന്നു. റവ. ഫാ. ജേക്കബ് കാപ്പായിൽ, പ്രൊഫസർ എ. ഒ. ജോസഫ് എന്നിവർ ഓരോ പ്രസംഗം ചെയ്തു.

—കുറുമള്ളൂർ ലത്തീൻപള്ളി മൈതാനത്തു റവ. ഫാ ജോൺ തോട്ടുവേലി അവർകളുടെഅദ്ധ്യക്ഷതയിൽ നവം. 25-ാം തിയതി കൂടിയ പൊതുയോഗത്തിൽവച്ചു സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ സെൻറ് മേരിസ് കോൺഫറൻസ് ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. തദവസരത്തിൽ മെ. കെ. സി. ചാക്കൊ, മാത്യു പോൾ എന്നിവർ ഓരോ പ്രസംഗം ചെയ്യുകയുണ്ടായി.

—മഞ്ഞുമ്മൽ: സെൻറ് സ്റ്റീഫൻസ് ധർമ്മസ്ഥാപനം വക കപ്പേള എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ ഗുരുപ്പട്ടജൂബിലി പ്രമാണിച്ചു പുതുക്കിപ്പണിയുകയും തിരുമനസ്സുകൊണ്ടു് നവം. 26-ാം തിയതി സ്ഥലത്തെത്തി അതിൻെറ ആശീർവ്വാദകർമ്മം നിർവ്വഹിക്കുകയും ചെയ്തിരിക്കുന്നു.

## ചരമം

മാറാക്കര ഇടവക തുണ്ടിയിൽ കരോട്ടു് ശ്രീ തൊമ്മൻ സ്കറിയായുടെ പുത്രി മറിയാമ്മ നവം. 24-ാം തിയതി 18 ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു.

—എറണാകുളം സെൻറ് തെരേസാസ് കന്യകാലയത്തിലെ ഒരംഗവും റവ. ഫാ. ജോസഫ് മൂത്തേടത്തിപ്പിള്ളിയുടെ സഹോദരിയുമായ സിസ്റ്റർ മേരി എലാക്കത ഡിസംബർ 1-ാം തിയതി നിര്യാതയായിരിക്കുന്നു.

R. I. P.

—

## മുന്നോട്ടുവരട്ടെ!!

"ഞങ്ങളുടെ രാജ്യത്തിൻെറ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനുമുമ്പു് ഏകദേശം പതിനഞ്ചോ ഇരുപതോ കൊല്ലത്തോളം റഷ്യക്കാർ ഒട്ടുമുക്കാലും പട്ടിണി കിടക്കുകയോ വളരെ കുറച്ചു് ആഹാരംമാത്രം കഴിക്കുകയോ ചെയ്തിട്ടുണ്ടു്. റഷ്യയിലെ സ്ഥിതിയെപ്പററി വളരെയധികം സംസാരിക്കുന്നവർ രാജ്യത്തിലെ ജനങ്ങളുടെ ജീവിതസ്ഥിതി ഉയത്തുന്നതിനായി കൂടുതൽ സമ്പത്തുണ്ടാക്കുന്നതിനു് മുന്നോട്ടുവന്നു പ്രവത്തിക്കട്ടെ. വെറുതെ വലിയ പ്രസംഗംകൊണ്ടൊന്നും ഒരു ഗുണവും ഉണ്ടാകാൻ പോകുന്നില്ല." എന്നത്രെ പണ്ഡിററു് നെഹ്റു ഡിസംബർ 3-ാം തിയതി ഗ്വാളിയറിൽവച്ചു് ഒരു പൊതുയോഗത്തിൽ പ്രസ്താവിച്ചതു്.

—

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 25 ‖ ERNAKULAM, DECEMBER 5, 1951 ‖ No 16


# വോട്ടവകാശമുള്ളവരെല്ലാം വോട്ടുചെയ്യണം

ഫാദർ ജെയിംസ് കെല്ലർ എം. എം. എന്ന അമേരിക്കൻ വൈദികൻ രചിച്ചിട്ടുള്ള ഒരു സുപ്രസിദ്ധ ഗ്രന്ഥമാണ് *"You can Change the World"* ("നിങ്ങൾക്കു ലോകത്തെ വ്യത്യാസപ്പെടുത്തുവാൻ സാധിക്കും") എന്നതു്. അതിലദ്ദേഹം സമർത്ഥിക്കുന്നതു്, ഗവൺമെൻറു്, വിദ്യാഭ്യാസം, തൊഴിലാളിസംഘടനകൾ, മുദ്രാലയങ്ങൾ എന്നീ നാലു തുറകളാണു് "തിന്മയുടെ ദൂതന്മാർ" കൈയടക്കുവാൻ ശ്രമിക്കുന്നതെന്നും, തല്ക്കാരണത്താൽ ഈ നാലു തുറകളിലാണു് "നന്മയുടെ ദൂതന്മാർ" തങ്ങളുടെ സ്വാധീനശക്തി ചെലുത്തുവാൻ ശ്രമിക്കേണ്ടതെന്നുമാണു്. ഗവൺമെൻറിൽ സ്വാധീനശക്തി ചെലുത്തണമെങ്കിൽ നാം രാഷ്ട്രീയപ്രബുദ്ധതയുള്ളവരായിരിക്കണമെന്നും പൗരന്മാർ എന്ന നിലയിലുള്ള നമ്മുടെ കർത്തവ്യങ്ങൾ നിർവഹിക്കണമെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. പൗരന്മാർ എന്ന നിലയിൽ നമുക്കുള്ള ഒരു പ്രാഥമികകർത്തവ്യമാണു് നിയമസഭാസ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുന്നതിൽ പങ്കുവഹിക്കണമെന്നുള്ളതു്. നമ്മുടെ വോട്ടു രേഖപ്പെടുത്തിക്കൊണ്ടാണു് ആ ചുമതല നാം നിർവ്വഹിക്കേണ്ടതു്.

## വോട്ടു ചെയ്യുന്നതിലുള്ള അനാസ്ഥ

വോട്ടുചെയ്യുന്നതിൽ പൗരന്മാർ പ്രദർശിപ്പിക്കുന്ന അനാസ്ഥ പൊതുജനക്ഷേമത്തിനു് ഹാനികരമായി ഭവിക്കുമെന്നും ഫാദർ ജയിംസ് കെല്ലർ സമർത്ഥിക്കുന്നുണ്ടു്. ഫ്രാൻസിലെ അധോമണ്ഡലമായ "ചേംബർ ഓഫ് ഡെപ്യൂട്ടിസ്" ലെ ഒരംഗമായിരിക്കയും ദീർഘകാലം കമ്മ്യൂണിസത്തിനെതിരായി സമരംനടത്തുകയും ചെയ്തിട്ടുള്ള ഒരു മാന്യദേഹം കുറെനാൾമുമ്പു് അമേരിക്ക സന്ദർശിക്കയുണ്ടായത്രെ. തദവസരത്തിൽ അദ്ദേഹം പ്രസ്താവിച്ചതനുസരിച്ചു്, അടുത്തകാലത്തു ഫ്രാൻസിൽ നടന്ന ഒരു തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റുകാർ കയറിവരാനുള്ള ഒരു പ്രധാനകാരണം 50ലക്ഷത്തോളംപേർ "വൃത്തികേടായ ഈ രാഷ്ട്രീയ"ത്തിൽ പ്രവേശിക്കാൻ ഇഷ്ടപ്പെടുന്നില്ല എന്ന ഭാവത്തിൽ വോട്ടുചെയ്യുവാൻ പോകാതിരുന്നുവെന്നതാണു്. ജർമ്മനിയുടെ ഭരണക്കൂടം ഹിററ്ലർ പിടിച്ചടുത്ത അവസരത്തിൽ, 60ലക്ഷം പേർ വോട്ടുചെയ്യാതെ ഒഴിഞ്ഞുമാറിനിന്നതായി ഫാദർ ജയിംസ് കെല്ലർ തന്നെ പ്രസ്താവിച്ചിട്ടുള്ളതായി ഓർക്കുന്നു. മേൽപ്രകാരം സമ്മതിദാനാവകാശം പ്രയോഗിക്കാതിരുന്നവർ, കമ്മ്യൂണിസ്റ്റുകാരോ ഹിററ്ലറോ തിരഞ്ഞെടുക്കപ്പെടണമെന്നോ അധികാരത്തിൽ വരണമെന്നോ ആഗ്രഹിച്ചിരുന്നവരല്ല എന്നതാണു് വിചിത്രമായിരിക്കുന്നതു്.

## അമേരിക്കയിലെ സ്ഥിതി

അമേരിക്കാക്കാർ രാഷ്ട്രീയപ്രബുദ്ധതയും ജനകീയപാരമ്പര്യവുമുള്ള ഒരു ജനത ആയിരുന്നിട്ടുകൂടി, അവരും ഈ വിഷയത്തിൽ കുററക്കാരാണെന്നു് ഫാദർ കെല്ലർ പ്രസ്താവിക്കുന്നു. മേല്പറഞ്ഞ ഗ്രന്ഥത്തിൽനിന്നും ഒരു ഭാഗം ഉദ്ധരിക്കാം: "നിയോജകമണ്ഡലം എന്നു പറയുമ്പോൾ വോട്ടുചെയ്യാൻ അവകാശമുള്ള എല്ലാവരേയുമാണു് വിവക്ഷിക്കുന്നതു് നിയോജകമണ്ഡലത്തിലെ അംഗമായിരിക്കുക എന്നതിൻെറ അർത്ഥം മഹത്തായ ഒരു പാരമ്പര്യത്തിൻെറ ജന്മാവകാശം ഉണ്ടായിരിക്കുക എന്നാണു്. അതു വിലയേറിയതും ദൈവദത്തവുമായ ഒരവകാശമാണു്. ദീർഘമായ പോരാട്ടവും അത്യധികമായ സഹനവും വഴിയാണു് നാം അതു നേടിയിരിക്കുന്നതു്. എന്നാൽ മനുഷ്യൻ തൻെറ മററു ജന്മാവകാശങ്ങളെ അവഗണിക്കുവാൻ വാസന പ്രദർശിപ്പിക്കുന്നതുപോലെ ആധുനികകാലങ്ങളിൽ സമ്മതിദാനാവകാശത്തേയും അവഗണിക്കുവാൻ വാസന പ്രദർശിപ്പിച്ചു തുടങ്ങിയിരിക്കുന്നു. പ്രസ്താവകാശത്തെ അവഗണിക്കുന്നതുവഴി അവൻ അതിനെ ദുരുപയോഗിക്കയാണു് ചെയ്യുന്നതു്. ഉദാഹരണമായി, 1900-ൽ പ്രസിഡണ്ടിൻെറ തിരഞ്ഞെടുപ്പു നടന്നപ്പോൾ സമ്മതിദാനാവകാശം ഉണ്ടായിരുന്നവരിൽ 75 ശതമാനം പേരും വോട്ടുചെയ്യുകയുണ്ടായി. 1944-ലാകട്ടെ 55ശതമാനം മാത്രമേ വോട്ടു രേഖപ്പെടുത്തിയുള്ളു. 1946-ൽ വോട്ടുചെയ്തവരുടെ സംഖ്യ 30ശതമാനമായി വീണ്ടും കുറഞ്ഞു.

"ഇതിൻെറ അർത്ഥമെന്തെന്നു നല്ലപോലെ ചിന്തിച്ചുനോക്കുക. ആകെയുള്ള ജനസംഖ്യയിൽ 30 ശതമാനം മാത്രമാണു വോട്ടുചെയ്യുന്നതെങ്കിൽ, സമ്മതിദായകന്മാരുടെ 15 ശതമാനംവരുന്ന ഒരു ഗണത്തിനു തങ്ങളുടെ പ്രതിനിധിയെ രാജ്യം ഭരിക്കുന്നതിനായി തിരഞ്ഞെടുക്കുവാൻ സാധിക്കുന്നു. അതായതു്, സമ്മതിദായകന്മാരുടെ 85 ശതമാനംവരുന്ന ഒരു വിഭാഗം ജനസംഖ്യയുടെ 15 ശതമാനംവരുന്ന ഒരു വിഭാഗത്തിൻെറ ആജ്ഞാനുവർത്തികളായി ഭവിക്കുന്നു എന്നു സാരം. ഡിക്ടേറററ് ഭരണം ഡിമോക്രസിപോലെതന്നെ സ്വീകാര്യമാണെന്നു് ഈ 15 ശതമാനം ഒരവസാനതീരുമാനം ചെയ്യുകയാണെങ്കിൽ ആരും അവരെ കുററപ്പെടുത്തേണ്ടതില്ല. കാരണം, ജനങ്ങളിൽ 70 ശതമാനംപേരും തങ്ങളുടെ ജനകീയാവകാശങ്ങളെ വിനിയോഗിക്കുന്നതിൽ ശ്രദ്ധപതിക്കുന്നതേയില്ല."

## ഈ അനാസ്ഥയുടെ ഫലം ദൂരവ്യാപകമാണു്

ഫാദർ കെല്ലർ തുടരുന്നു: "വോട്ടുചെയ്യുന്നതിൽ പ്രദർശിപ്പിക്കുന്ന ഈ അനാസ്ഥയുടെ ഫലം ദൂരവ്യാപകമാണു്. മുൻകാലങ്ങളിൽ, പൊതുജനക്ഷേമത്തിൽ താല്പര്യമില്ലാതിരുന്ന ഭരണക്കൂടങ്ങളെ നിഷ്പ്രയാസം സ്ഥാപിക്കുന്നതിനു് അതു സഹായിച്ചിട്ടുണ്ടു്. കൂടാതെയും, സമ്മതിദായകന്മാരിൽ ഭൂരിഭാഗവും തിരഞ്ഞെടുപ്പുദിവസം സ്വന്തം വീടുകളിൽ തന്നെ ഇരിക്കുന്നതിനാൽ ടോട്ടലിറേററിയൻ ഘടകങ്ങൾക്കു തങ്ങളുടെ പതാകാവാഹികളെ ഉദ്യോഗസ്ഥാനങ്ങളിലേക്കു കയററിവിടുവാൻ വലിയ പ്രയാസമൊന്നും ഉണ്ടാകയുമില്ല. ഈ ടോട്ടലിറേററിയൻ ഗണങ്ങൾക്കാകട്ടെ ജനകീയമുദ്രാവാക്യങ്ങളും ജനകീയരീതികളും ജനാധിപത്യത്തെത്തന്നെ അട്ടിമറിക്കാനും നശിപ്പിക്കാനുമായി ഉപയോഗിച്ചുകൊണ്ടു തങ്ങളുടെ വേല കൂടുതൽ സുകരമാക്കാനും സാധിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ, നിങ്ങൾ നിങ്ങളുടെ സമ്മതിദാനാവകാശം ഉപയോഗപ്പെടുത്താത്തതുകൊണ്ടു് മാർഗ്ഗഭ്രംശം ഭവിച്ച രാജ്യതന്ത്രജ്ഞന്മാർക്കും, സ്വാർത്ഥമതികളായ നിയമനിർമ്മാതാക്കൾക്കും, അട്ടിമറിപ്പൻ പ്രസ്ഥാനക്കാർക്കും, അവർ ഒരു ന്യൂനപക്ഷം ആയിരിക്കയിൽത്തന്നെ, ഭരണക്കൂടം പിടിച്ചടക്കുന്നതിനു മാർഗ്ഗം തെളിച്ചുകൊടുക്കുകയാണു് ചെയ്യുന്നതു്. അങ്ങനെ ഒരു ന്യൂനപക്ഷം ഭരണയന്ത്രത്തെ നയിക്കുകയെന്നതു് ജനാധിപത്യത്തിൻെറ ആദർശത്തിനുതന്നെ കടകവിരുദ്ധമായിരിക്കുന്നു. ജനാധിപത്യത്തിൽ, ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ സമാദരിച്ചുകൊണ്ടു് ഭൂരിപക്ഷം രാഷ്ട്രത്തിൻെറ നയപരിപാടികളെ നിർണ്ണയിക്കുകയാണു വേണ്ടതു്."

## ഭാരതത്തിലെ സ്ഥിതി

ഭാരതീയരും സമ്മതിദാനാവകാശം ഉപയോഗിക്കുന്നതിൽ വലിയ അനാസ്ഥപ്രദർശിപ്പിക്കാറുണ്ടെന്നുള്ളതു് ഒരു പച്ചപ്പരമാർത്ഥം മാത്രമാണു്. ഈയിടെ ഹിമാചൽ പ്രദേശത്തുനടന്ന തിരഞ്ഞെടുപ്പിൻെറ ഫലം പ്രസിദ്ധപ്പെടുത്തിയിരുന്നതു പലരും കണ്ടിരിക്കുമല്ലോ. അവിടത്തെ കസുംപ്ടി എന്ന നിയോജകമണ്ഡലത്തിൽ ആകെ 15,780 വോട്ടർമാരുള്ളതിൽ 6,661 പേരും, ജുബ്ബാൻ നിയോജകമണ്ഡലത്തിൽ 16, 231 വോട്ടർമാരുള്ളതിൽ 6, 300 പേരും മാത്രമാണ വോട്ടുചെയ്തിട്ടുള്ളതു്. അതായതു് 60 ശതമാനത്തിലധികംപേരും തങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിച്ചില്ല. തിരു-കൊച്ചിയിൽ നേരത്തെ നടന്നിട്ടുള്ള തിരഞ്ഞെടുപ്പുകളിൽ ശരാശരി 40 ശതമാനത്തിലധികം പേർ വോട്ടുചെയ്യാതിരുന്നിട്ടുള്ളതായി കാണുന്നു. ഈദൃശമായ അനാസ്ഥ പലപ്പോഴും അക്ഷന്തവ്യമായ ഒരപരാധമായിരിക്കുമെന്നതിനു സംശയമില്ല.

## സന്മാർഗ്ഗശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം

ആകയാൽ വോട്ടുചെയ്യാൻ പൗരന്മാർക്കുള്ള ചുമതലയെപ്പററി കത്തോലിക്കാ സന്മാർഗ്ഗശാസ്ത്രജ്ഞന്മാർ നല്കുന്ന നിർദ്ദേശങ്ങൾ എവരും അറിഞ്ഞിരിക്കേണ്ടതാണു്. ജനിക്കൊ എന്ന സന്മാർഗ്ഗശാസ്ത്രജ്ഞൻ ഏതത്സംബന്ധമായി ഇപ്രകാരം എഴുതിയിരിക്കുന്നു: "പൊതുതിരഞ്ഞെടുപ്പുകളിൽ വോട്ടുരേഖപ്പെടുത്തുവാൻ സാധാരണമായി, മനസ്സാക്ഷിയെ യഥാർത്ഥത്തിൽ ബന്ധിക്കുന്ന ചുമതലയാണുള്ളതു്. കാരണം, ഓരോ പൗരനും സഭയുടേയും രാഷ്ട്രത്തിൻേറയും അംഗമെന്നനിലയിൽ ആ രണ്ടു സമൂഹങ്ങളുടേയും നന്മയെ പുരോഗമിപ്പിക്കുകയും അവയ്ക്കു ഭവിക്കാവുന്ന ദോഷത്തെ തടയുകയും ചെയ്യേണ്ടതാണു്. ഇന്നത്തെ സാഹചര്യങ്ങളിൽ തീർച്ചയായും സഭയുടേയും രാഷ്ട്രത്തിൻേറയും സുഭഗമോ ദുർഭഗമോ ആയ സ്ഥിതി പൊതുതിരഞ്ഞെടുപ്പുകളുടെ ഫലത്തെയാണു് ആശ്രയിച്ചിരിക്കുന്നതു് എന്ന സംഗതി സുവ്യക്തമത്രെ. ഈ നിയമത്തിനു് അപവാദങ്ങളുള്ളതു്, വോട്ടിംഗിൽ പങ്കെടുക്കുന്നതുവഴി നിയമവിരുദ്ധമായ ഭരണക്കൂടത്തെ അംഗീകരിക്കുകയോ കൂടുതൽ വിനാശകരങ്ങളായ ഫലങ്ങൾക്കു് ഇടയാക്കുകയോ ചെയ്യുമ്പോഴാണു്." തങ്ങൾ വോട്ടുചെയ്യാതെ ഒഴിഞ്ഞുമാറിനില്ക്കുന്നതുനിമിത്തം ഭരണംവഹിക്കുന്നതിനു ആവശ്യമുള്ളിടത്തോളമെങ്കിലും നല്ല സ്ഥാനാർത്ഥികൾ തിരഞ്ഞെടുക്കപ്പെടാതിരിക്കുന്നതിനും നിഷിദ്ധകക്ഷികളിൽ പെട്ടവർ തിരഞ്ഞെടുക്കപ്പെടുന്നതിനും ഇടയുണ്ടെന്നുകണ്ടിട്ടു് തക്കതായ കാരണംകൂടാതെ വോട്ടുചെയ്യാതിരിക്കുന്നതു ഗൗരവമായ പാപമാണെന്നും പ്രസ്തുത സന്മാർഗ്ഗശാസ്ത്രജ്ഞൻ തുടർന്നുപ്രസ്താവിക്കുന്നു. സാധാരണമായി, സഭയുടേയോ രാഷ്ട്രത്തിൻേറയോ നന്മയ്ക്കു എതിരുനില്ക്കുന്ന സ്ഥാനാർത്ഥികൾക്കു, ഉദാഹരണമായി കമ്മ്യൂണിസ്റ്റുകാർക്കു വോട്ടുനല്കുന്നതു ഗൗരവമായ പാപമായിരിക്കും. പക്ഷെ നിയമസഭാസാമാജികത്വത്തിനുവേണ്ടി മത്സരിക്കുന്ന രണ്ടുപേരും ആ സ്ഥാനത്തിനുവേണ്ട യോഗ്യതയില്ലാത്തവരാണെങ്കിൽ, അവരിൽവച്ചു് ആരാണോ ഭേദം (അതു നിർണ്ണയിക്കുന്നതിനു് അയാളുടെ പാർട്ടിബന്ധവും വ്യക്തിപരമായ സ്വഭാവവിശേഷതകളും പരിഗണിക്കണം) ആ ആൾക്കു വോട്ടുചെയ്യാവുന്നതാണു്; ചിലപ്പോഴെല്ലാം ചെയ്യേണ്ടതുമാണു്. രണ്ടു തിന്മകളിൽവച്ചു ചെറിയ തിന്മയെ തിരഞ്ഞെടുക്കുന്നുവെന്നതാണു് അതിനാധാരമായ തത്വം.

## സഭാദ്ധ്യക്ഷന്മാരുടെ ഉദ്ബോധനങ്ങൾ

വോട്ടുചെയ്യുന്ന കാര്യത്തിൽ ഉപേക്ഷ പ്രദർശിപ്പിക്കരുതു് എന്നാണു സഭാദ്ധ്യക്ഷന്മാർ അവസരാലഭിക്കുമ്പോഴെല്ലാം ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുന്നതു്. ഇററലിയിലെ അടുത്തുകഴിഞ്ഞ തിരഞ്ഞെടുപ്പിൻെറ അവസരത്തിൽ, ആശ്രമത്തിൻെറ മതിൽക്കെട്ടിനുള്ളിൽ ആജീവനാന്തം ഒതുങ്ങിപ്പാർക്കുവാൻ നിയമത്താൽ നിർബദ്ധരായ സന്യാസിനികൾക്കുപോലും, അന്നത്തെ ഗൗരവതരമായ സാഹചര്യം പരിഗണിച്ചു്, പോളിംഗ്ബൂത്തിൽപോയി വോട്ടുചെയ്യുവാൻ പന്ത്രണ്ടാംപിയൂസ് മാർപ്പാപ്പാതിരുമേനി അനുമതി നല്കിയ സംഗതി എവർക്കും അറിവുള്ളതാണല്ലോ. 1948-ൽ കൺസിസ്റ്റോറിയൽ തിരുസംഘം ഇററലിയിലെ തിരഞ്ഞെടുപ്പു സംബന്ധിച്ചു ഇപ്രകാരം നിർദ്ദേശിക്കുകയുണ്ടായി: "മതത്തിനും പൊതുജനക്ഷേമത്തിനും അഭിമുഖീകരിക്കേണ്ടിവന്നിരിക്കുന്ന അപകടസന്ധിയേയും ധർമ്മനിരതരായ എല്ലാവരുടേയും ഏകോപിതപരിശ്രമങ്ങളെ അത്യന്താപേക്ഷിതമാക്കിച്ചെയ്യുന്ന അതിൻെറ ഗൗരവാവസ്ഥയേയും പരിഗണിച്ചു്, വോട്ടവകാശമുള്ളവരും ആ അവകാശം വിനിയോഗിക്കാൻ സുനിശ്ചിതവും ഗുരുതരവുമായ ചുമതലയുള്ളവരുമായ എല്ലാവരും—അവർ ഏതുനിലയിലുള്ളവരായാലും, സ്ത്രീകളായാലും പുരുഷന്മാരായാലും, യാതൊരു വ്യത്യസ്തപരിഗണനയുംകൂടാതെ — വോട്ടുചെയ്യണമെന്നു ഞങ്ങൾ മുന്നറിവുനല്കുന്നു." 1949 ആഗസ്റ്റ് 14-ാംനു- പശ്ചിമജർമ്മനിയിലെ തിരഞ്ഞെടുപ്പുസംബന്ധിച്ചു്—1933നു ശേഷം സ്വതന്ത്രമായി വോട്ടുചെയ്യാൻ ജർമ്മൻജനതയ്ക്കു സാധിച്ചതു ഈയവസരത്തിലാണു്—അവിടത്തെ മെത്രാന്മാർ പ്രസിദ്ധപ്പെടുത്തിയ ഇടയലേഖനത്തിൽ ഇങ്ങനെ പറഞ്ഞിരുന്നു: "ജനങ്ങളെ അഭിമുഖീകരിക്കുന്ന ഗൗരവമായ ഈ സ്ഥിതിഗതികൾ പരിഗണിക്കുമ്പോൾ, വോട്ടുചെയ്യാൻ അവർക്കുള്ള അവകാശം ഒരു ചുമതലയായി രൂപാന്തരപ്പെടുന്നുവെന്നു ഞങ്ങൾ പ്രഖ്യാപിക്കുന്നു. വോട്ടുചെയ്യാത്ത ക്രിസ്ത്യാനി ഈ ഉത്തരവാദിത്വത്തിൽനിന്നു ഒഴിഞ്ഞുമാറുകയും തദ്വാരാ അവൻെറ ക്രിസ്തീയാദർശങ്ങളെ നിരസിക്കുന്ന ശക്തികളെ പിന്താങ്ങുകയും ചെയ്യുന്നു." 1951 ഒക്ടോബർ 23-ാംനു- ബാംഗളൂർ സമ്മേളിച്ച മെത്രാന്മാരും ഒററവാചകത്തിൽ ഈ ചുമതലയെ സംഗ്രഹിച്ചിട്ടുണ്ടു്: "വോട്ടവകാശമുള്ള കത്തോലിക്കരെല്ലാം തിരഞ്ഞെടുപ്പിൽപങ്കെടുക്കാൻ കടപ്പെട്ടവരാണു്." കൊല്ലംമെത്രാൻ തിരുമനസ്സുകൊണ്ടു ഏതാനും ആഴ്ചകൾക്കുമുമ്പു പ്രസിദ്ധപ്പെടുത്തിയ ഇടയലേഖനത്തിലും ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "വോട്ടവകാശമുള്ള സകല സ്ത്രീപുരുഷന്മാരുംവോട്ടിംഗ്കേന്ദ്രത്തിലെത്തി വോട്ടുചെയ്യണം. വോട്ടവകാശം പ്രയോഗിക്കാതിരിക്കുന്നതു് ഉപേക്ഷക്കുററമാവാം. ഒരു നല്ല സ്ഥാനാർത്ഥി തോററുപോയി എന്നുവന്നാൽ അതു് ഒരുപക്ഷേ നിങ്ങളുടെ ഒരു വോട്ടിൻെറ കുറവുകൊണ്ടാവാം." പാലാമെത്രാൻ തിരുമനസ്സുകൊണ്ടു് നവംബർ 23-ാംനു- പ്രസിദ്ധപ്പെടുത്തിയ ഇടയലേഖനത്തിൽ നല്കുന്ന "നിർദ്ദേശങ്ങളി"ൽ ആദ്യത്തേതു് ഇതാണു്: "വോട്ടവകാശമുള്ള സകലരും നിശ്ചിതദിവസം പോളിംഗ്സ്റ്റേഷനിൽ ഹാജരായി വോട്ടുചെയ്യണം. വൈദികരും അത്മായരും, സന്യാസികളും കന്യാസ്ത്രീകളും, പുരുഷന്മാരും സ്ത്രീകളും വോട്ടവകാശം ഉപയോഗപ്പെടുത്തണം. ഓരോരോ ഒഴിവുകഴിവുകൾ പറഞ്ഞു് വോട്ടുചെയ്യുന്നതിൽനിന്നും ഒഴിഞ്ഞുമാറുവാൻ ആരും ഉദ്യമിക്കരുതു്."

## സ്ത്രീകളുടെകാര്യം പ്രത്യേകം

സ്ത്രീജനങ്ങൾ പൊതുവിലും കേരളത്തിലെ സ്ത്രീജനങ്ങൾ പ്രത്യേകിച്ചും രാഷ്ട്രീയരംഗങ്ങളിൽനിന്നു് ഒഴിഞ്ഞുമാറി ജീവിക്കുവാൻ ആഗ്രഹിക്കുന്നവരും പോളിംഗ് കേന്ദ്രങ്ങളിൽ കാലുകുത്തുവാൻ ഇഷ്ടപ്പെടാത്തവരുമാണു്. പക്ഷെ വോട്ടുചെയ്യുന്നതിൽ യാതൊരു അനാസ്ഥയും അവർ പ്രദർശിപ്പിച്ചുകൂടാത്തതാകുന്നു. അവരുടെ അവകാശം അവർ വിനിയോഗിക്കതന്നെ വേണം. മാർപ്പാപ്പാതിരുമേനി ഇക്കാര്യം ഊന്നിപ്പറഞ്ഞിട്ടുണ്ടു്. 1945 ഒക്ടോബർ 21-ാംനു- വിവിധവനിതാസംഘടനകളുടെ പ്രതിനിധികളോടായി തിരുമേനി ചെയ്ത പ്രഭാഷണത്തിൽ ഇപ്രകാരം പ്രസ്താവിച്ചു: "സാമൂഹികവും രാഷ്ട്രീയവുമായ ജീവിതത്തിലുള്ള നിങ്ങളുടെ ഭാഗഭാഗിത്വത്തിൻെറ കാര്യത്തിൽ രാഷ്ട്രത്തിലെ നിയമനിർമ്മാണത്തിനും മുനിസിപ്പൽഭ

രണത്തിനും ഗണ്യമായ പ്രാധാന്യമുണ്ടെന്നു ധരിക്കണം. തന്നിമിത്തം ഒരു കത്തോലിക്കാവനിതയെ സംബന്ധിച്ചിടത്തോളം, ആധുനികകാലത്തു പ്രത്യേകിച്ചും, സമ്മതിദാനാവകാശം മനസ്സാക്ഷിപ്രകാരമുള്ള അവളുടെ ചുമതല നിർവ്വഹിക്കുവാനുള്ള പ്രധാനപ്പെട്ട ഒരു മാർഗ്ഗമാണ്." കുടുംബജീവിതത്തെ സംരക്ഷിക്കേണ്ട ചുമതല രാഷ്ട്രത്തിനുണ്ടെന്ന സംഗതി സ്ത്രീകൾക്കു അറിയാമെന്നും, എന്നാൽ രാജ്യതന്ത്രം എന്നു പറയുന്നതു ഒരു കക്ഷി മററുള്ളവരുടെമേൽ ആധിപത്യം സ്ഥാപിക്കാൻ ചെയ്യുന്ന ശ്രമമാണെന്നു് അവർക്കു് അറിഞ്ഞുകൂടെന്നും, യുദ്ധങ്ങളും രാഷ്ട്രീയകലഹങ്ങളും സമാധാനപൂർണ്ണമായ കുടുംബജീവിതത്തിനു വിഘാതംവരുത്തുമെന്നും പ്രസ്താവിച്ചശേഷം തിരുമേനി തുടരുന്നു: "വോട്ടിംഗ്ബൂത്തിലേക്കു് അവളെ നയിക്കുന്ന പാത സമാധാനത്തിൻെറപാതയാണു്. കുടുംബത്തിൻെറ താല്പര്യങ്ങളെയും അതിൻെറ ക്ഷേമത്തേയും പരിരക്ഷിക്കുന്നതിനായി ആ പാതയെ അവർ ആലംബമാക്കേണ്ടിയിരിക്കുന്നു. തത്ഥം, സ്വജനപദത്തിൻെറ ആഭ്യന്തരവും ബാഹ്യവുമായ സമാധാനത്തെ അധികാരംപിടിച്ചുപററുവാനുള്ള സ്വാർത്ഥപരമായ ആ

## For favours received



P. Paul B. A., B. L., Manvettam

ഗ്രഹങ്ങൾക്കു കീഴ്പ്പെടുത്തുവാനുള്ള വാസനയെ, അതിൻെറ ഉത്ഭവസ്ഥാനം ഏതായാലും വേണ്ടില്ല. പിന്താങ്ങുവാൻ അവർ വിസമ്മതിക്കേണ്ടതാണു്."

വോട്ടുചെയ്യാൻ പ്രേരിപ്പിക്കണം

നല്ല സ്ഥാനാർത്ഥികൾക്കും പാർട്ടികൾക്കും വോട്ടുചെയ്യാൻ പ്രേരിപ്പിക്കുന്നതും ഗണ്യമായ ഒരു പുണ്യമാണെന്നും ഒരു പ്രേഷിതവൃത്തിയാണെന്നും വിസ്മരിച്ചുകൂടാ ഏതു സംബന്ധമായി ഫാദർ കെല്ലർ ക്രിസ്റ്റഫേഴ്സ് എന്ന പേരിൽ അറിയപ്പെടുന്ന അൽമായപ്രേഷിതർക്കു നൽകുന്ന ഉപദേശം പ്രത്യേകം ശ്രദ്ധാർഹമായിരിക്കുന്നു: "ഓരോ ക്രിസ്റ്റഫറും (ക്രിസ്തുസംവാഹകനും) ഒരു വോട്ടർ ആയിരിക്കണം. തൻെറ കുടുംബാംഗങ്ങളേയും സ്നേഹിതരേയും അയൽക്കാരേയും കൊണ്ടു വോട്ടുചെയ്യിക്കാനും അവനു സാധിക്കുന്നതാണു്. താൻ സ്വീകരിച്ചിരിക്കുന്ന ആദർശങ്ങൾക്കനുകൂലമായി സമ്മതിദാനത്തിൻെറ ഗതി തിരിച്ചുവിടുന്നതിനുവേണ്ടി തിരഞ്ഞെടുപ്പുദിനത്തിൽ ഒരു വോട്ടുപിടുത്തക്കാരനാകുവാൻ അവനു കഴിയുന്നതാണു്."

ഇക്കഴിഞ്ഞ ഇററാലിയൻ തിരഞ്ഞെടുപ്പിൻെറ കാലത്തു്, അമേരിക്കയിൽ കുടിയേറിപ്പാർത്തിട്ടുള്ള ഇററലിക്കാർ ശതക്കണക്കിനു ഇററലിയിലേക്കു കത്തുകളെഴുതി ക്രിസ്ത്യൻ ഡെമോക്രാററിക് കക്ഷിക്കു വോട്ടുചെയ്യാൻ സ്വബന്ധുജനങ്ങളേയും സ്നേഹിതരേയും പ്രേരിപ്പിച്ചതായി ഫാദർ ജയിംസ് കെല്ലർ പ്രസ്താവിക്കുന്നു. 1913-ൽ ഇററലിയിൽനിന്നും വന്നു ന്യൂയോർക്ക് സ്റ്റേററിൽ താമസമുറപ്പിച്ച ഒരു ക്ഷൗരക്കാരൻ പ്രസ്തുതാവസരത്തിൽ സ്വരാജ്യത്തേക്കു ധാരാളം കത്തുകൾ എഴുതുകയും അമേരിക്കയിലുള്ള തൻെറ ബന്ധുക്കളെക്കൊണ്ടു് എഴുതിപ്പിക്കയും അങ്ങനെ കമ്മ്യൂണിസത്തെ പരാജയപ്പെടുത്താൻ പരിശ്രമിക്കയും ചെയ്ത ഉദാഹരണമാണു് അദ്ദേഹം പ്രത്യേകം എടുത്തുകാണിക്കുന്നതു്. ആ മാതൃക സുപ്രധാനമായ ഈ ഘട്ടത്തിൽ നാമും അനുകരിക്കേണ്ടിയിരിക്കുന്നു. "തിന്മയുടെ ദൂതന്മാർ സ്വന്തം കാര്യവും മററുള്ളവരുടെ കാര്യവും അന്വേഷിക്കുമ്പോൾ നന്മയുടെ ദൂതന്മാർ സ്വന്തംകാര്യംമാത്രം അന്വേഷിക്കുന്നു" എന്നതാണു് ഇന്നത്തെ വിപത്തുകൾക്കു നിദാനമെന്നും ഫാദർ കെല്ലർ പ്രസ്താവിക്കുന്നുണ്ടു്. ഇപ്പോൾ ഐക്യമുന്നണിക്കാരും മററും എത്ര ഉത്സാഹത്തോടെയാണു വോട്ടുപിടിക്കുന്നതിനു ശ്രമിക്കുന്നതെന്നും തിരഞ്ഞെടുപ്പുപ്രചരണങ്ങൾ നടത്തുന്നതെന്നും ചിന്തിച്ചുനോക്കുക. അവരോടു അനുഭാവമുള്ളവരെല്ലാം ഒന്നൊഴിയാതെ പോളിംഗ്കേന്ദ്രത്തിൽപോയി വോട്ടുചെയ്യുമെന്നുള്ളതിനു ലവലേശം സംശയമില്ല. അതിൻെറ പകുതിശ്രദ്ധയെങ്കിലും ഈ കാര്യത്തിൽ നാം പതിക്കുന്നപക്ഷം വിജയം സുസാദ്ധ്യമാണു്.

വൈദികരും നേതാക്കളും

ശ്രദ്ധിക്കണം

വോട്ടുചെയ്യുവാൻ പൗരന്മാർക്കുള്ള ഗൗരവമായ ചുമതലയെപ്പററി വൈദികരും സമുദായനേതാക്കളും ബഹുജനങ്ങളെ സദാ അനുസ്മരിപ്പിച്ചുകൊണ്ടിരിക്കേണ്ടതാണു്. ഒരു നല്ല സ്ഥാനാർത്ഥിയെ അനുകൂലിക്കുന്നവരായി കത്തോലിക്കരും കത്തോലിക്കേതരരുമായ സമ്മതിദായകന്മാർ ധാരാളമുണ്ടു എന്നു വിചാരിച്ചുകൊണ്ടിരുന്നിട്ടു യാതൊരു പ്രയോജനവുമില്ല. അവരെല്ലാവരും തങ്ങളുടെ വോട്ടവകാശം യഥായോഗ്യം വിനിയോഗിക്കാത്തപക്ഷം, അത്രയും വിജയസാദ്ധ്യതയില്ലാത്ത മറെറാരു സ്ഥാനാർത്ഥി, വോട്ടവകാശത്തെ നൂറുശതമാനം വിനിയോഗിക്കുന്ന ഒരു ന്യൂനപക്ഷത്തിൻെറ സഹായത്തോടുകൂടി ജയം പ്രാപിച്ചെന്നു വരാവുന്നതാണു്. ആകയാൽ വോട്ടവകാശമുള്ള ഏതൊരു പുരുഷനും സ്ത്രീയും തൻെറ വോട്ടവകാശം പ്രയോജനപ്പെടുത്തണമെന്നുള്ളതാണു് ഏററവും പ്രധാനപ്പെട്ട സംഗതി.

## സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| തിരു-കൊച്ചിയിൽ | 6—0—0 |
| തിരു-കൊച്ചിക്കു പുറമെ | 6—8—0 |
| ഇൻഡ്യക്കുപുറമെ | 8—0—0 |

## അടുത്തയാഴ്ചയിൽ

ഡിസംബർ

9 ഞാ: സുവാറ 2-ാ ഞായർ
10 തി: കന്യകാമറിയത്തിൻെറ ഭവനമാററം
11 ചൊ: ദമസോസ്
12 ബു: ബിബിയാന
13 വ്യാ: ലൂസിയ
14 വെ: വിയാത്തോർ
15 ശ: വലേരിയൻ.


# ANNOUNCEMENT

We have the pleasure to announce the opening of the

## HOTEL BASOTO

**Boarding & Lodging**

*at T. B. Road — Ernakulam.*

from 22 — 11 — '51

**Cooperation Solicited**

M. J. Joseph, Propreitor.



## ദി ഫെഡറൽ ബാങ്ക് ക്ലിപ്തം, ആലുവാ

അങ്കമാലി—എറണാകുളം—പെരുമ്പാവൂർ—ചാലക്കുടി

ഡെപ്പോസിററുകൾ സ്വീകരിക്കുന്നു.

| | |
|---|---|
| 15 ദിവസത്തെ നോട്ടീസ് ഡെപ്പോസിററ് | 3% |
| ഒരു കൊല്ലം | 4½% |
| രണ്ടു കൊല്ലം | 5% |
| മൂന്നു കൊല്ലം | 5½% |


ബ. അൽഫോൻസാമ്മയുടെ മദ്ധ്യസ്ഥതാൽ എൻെറ കുഞ്ഞിൻെറ സുഖക്കേടു് വളരെ വേഗത്തിൽ മാറിക്കിട്ടിയതിനു് ഉപകാരസ്മരണ.

T. J. P., Elthuruth

ബ. അൽഫോൻസാമ്മയുടെ മദ്ധ്യസ്ഥതാൽ വലിയ ഒരു വിഷമസന്ധിയെ വളരെ എളുപ്പം തരണംചെയ്തതിനു് ഉപകാരസ്മരണ.


M. Mathew Kunjaphu, Elthuruthu

## The Duty of Voting

"It is the duty of all citizens who have the right to vote, to exercise that right when the common good of the State or the good of religion and morals require their votes, and when their voting is useful. It is sinful to vote for the enemies of religion or liberty, except to exclude a worse candidate, or unless compelled by fear of great personal harm, relatively greater than the public harm at stake. But in politics, great latitude is rightly claimed by all citizens. As a matter of political education, Catholics should exercise their right of voting, for the safety and progress of religion depends very much on the electors. Outside the limits of legitimate freedom of opinion, Catholics should be guided by their ecclesiastical Superiors in their choice of candidates to represent them and should willingly give their signatures to memorials sent to Members of Parliament, as a protest against irreligious legislation, such as the extension of the grounds for divorce, or the abolition in schools of religious education."

From "Moral and Pastoral Theology" By Henry Davis, S. J. Vol. 11, P. 90.

## കൃതജ്ഞത




ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത.

മിസ്സസ് പോൾ, എറണാകുളം.


ക്രിസ്സ്മസ്സ് കാർഡുകൾ വിളക്കുപടങ്ങൾ മുതലായവ

സാമ്പിൾ സെററു് ഡസൻ 1ക്കു് 2 ക.

എൽ. എഫ്. പ്രസ്സ്, മഞ്ഞുമ്മൽ P.O.


വാഴ്ത്തപ്പെട്ട 10-ാം പീയൂസിൻെറ

## മാദ്ധ്യസ്ഥം

ഇവിടെ ഒരു ബ. സഹോദരി കുറെനാളുകളായി ക്യാൻസർ രോഗത്താൽ പീഡിപ്പിക്കപ്പെട്ടിരുന്നു. പല ഡോക്ടറന്മാരും ചികിത്സിച്ചു പക്ഷെ രോഗത്തിനു ഒരു കുറവും ഉണ്ടായില്ല. സുഖപ്പെടുവാൻ അസാദ്ധ്യമെന്നു് അവർ വിധിച്ചു എന്നാൽ വാഴ്ത്തപ്പെട്ട 10-ാം പീയൂസിൻെറ മാദ്ധ്യസ്ഥതാൽ ഈ സഹോദരി പെട്ടെന്നു രോഗവിമുക്തയായി. ഈ വിവരം കൃതജ്ഞതാപൂർവ്വം പൊതുജനങ്ങളെ അറിയിച്ചുകൊള്ളുന്നു.

എന്നു് മദർ സുപ്പീരിയർ
ആരാധനമഠം, കൊരട്ടി


സ്വർണ്ണം, പവൻ, തങ്കം, വെള്ളി, സ്വർണ്ണാഭരണങ്ങൾ മുതലായവ

മിതമായ 'വിലക്കു് വിററുവരുന്ന

—: സന്ദർശിക്കുക :—

# സി. കെ. ലോനപ്പൻ & ബ്രദേഴ്സ്

## ആഭരണവ്യാപാരം, ബ്രോഡ്‌വേ,

## എറണാകുളം

ഫോൺ { ഷോപ്പ് 157, വീട് 157 }

## തിരു-കൊച്ചി വാർത്തകൾ

### നെഹ്റുവിൻെറ തിരു-കൊച്ചി പര്യടനം

മുൻപരിപാടിയനുസരിച്ച് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു കോൺഗ്രസ് പ്രസിഡണ്ട് എന്ന നിലയിലുള്ള തൻെറ തിരു-കൊച്ചി പര്യടനം നവംബർ 24 25, 26 എന്നീ തീയതികളിൽ നടത്തിയിരിക്കുന്നു. അദ്ദേഹം സംസ്ഥാനത്ത് ചെലവഴിച്ച 69 മണിക്കൂറുകൾക്കിടയ്ക്ക് 52 പൊതുയോഗങ്ങളിൽ പ്രസംഗിച്ചതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. പല പ്രസംഗങ്ങളിലും അദ്ദേഹം കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ വഴിപിഴച്ച പ്രവർത്തനങ്ങളെ അപലപിക്കുകയും സോഷ്യലിസ്റ്റ്പാർട്ടിയുടെ പരിപാടി തികച്ചും അപ്രായോഗികമാണെന്നു ചൂണ്ടിക്കാണിക്കുകയുമുണ്ടായി. കോൺഗ്രസ്സിൽ ചില തെററുകളെല്ലാം ഉണ്ടെങ്കിലും അവ തിരുത്തി സംഘടനയെ പോഷിപ്പിക്കുകയല്ലാതെ അതിനെ പാടേ ബഹിഷ്കരിക്കുന്നത് ഇന്നത്തെ ചുററുപാടുകളിൽ രാജ്യത്തിനു ദോഷകരമായിരിക്കുമെന്ന് അദ്ദേഹം മുന്നറിയിപ്പുനല്കി. രാജ്യത്തു വളർന്നുവരുന്ന വർഗ്ഗീയതക്കെതിരായി സമരം ചെയ്യുവാൻ രാജ്യസ്നേഹികളെ അദ്ദേഹം ശക്തിയുക്തം ആഹ്വാനംചെയ്തു. നവംബർ 26-ാംനു അദ്ദേഹം തിരുവനന്തപുരത്തുവച്ച് നടത്തിയ പ്രസ് കോൺഫറൻസിൽവച്ച്, തിരു-കൊച്ചിക്ക് പതിവുള്ള ക്വോട്ടായ്ക്കുപുറമെ നാലുദിവസത്തിനകം 4600 ടൺ അരിയും രണ്ടാഴ്ചയ്ക്കകം 8100 ടൺ അരിയും വിശേഷാൽ നല്കുന്നതാണെന്നു വാഗ്ദാനം ചെയ്കയുണ്ടായി. നവംബർ 27-ാംനു രാവിലെ തിരുവനന്തപുരം മെഡിക്കൽ കോളെജിൻെറ ഉൽഘാടനം നിർവ്വഹിച്ചശേഷം ശ്രീ നെഹ്റു മദ്രാസിലേക്കു പുറപ്പെട്ടു.

### അടുത്തവർഷം 4 കോളെജുകൾ

അടുത്തവർഷം നാലു കോളെജുകൾ പുതുതായാരംഭിക്കുന്നതിനു ഗവമ്മെൻറ് അനുമതി നല്കിയിരിക്കുന്നു — കോഴഞ്ചേരി, പത്തനംതിട്ട, തിരുവല്ല എന്നിവിടങ്ങളിൽ. തിരുവല്ലായിൽ തുടങ്ങുന്ന രണ്ടു കോളെജുകളിൽ ഒന്നു് മാർ സെവേറിയോസ് തിരുമനസ്സിലെ വക വനിതാകോളെജാണു്.

### അടിസ്ഥാനവിദ്യാഭ്യാസം

അടുത്തവർഷം സംസ്ഥാനത്തെ 20 വിദ്യാലയങ്ങളിൽ അടിസ്ഥാനവിദ്യാഭ്യാസമാരംഭിക്കുവാൻ നവംബർ 28-ാംനു സമ്മേളിച്ച മന്ത്രിസഭ തീരുമാനം ചെയ്തിരിക്കുന്നു.

### ഡിസംബർ 31-ാംനു വരെ പദ്ധതിയിൽ ചേരാം

ഭേദഗതിചെയ്യപ്പെട്ട വിദ്യാഭ്യാസപദ്ധതിയിൽ ഇക്കൊല്ലം ചേരാനാഗ്രഹിക്കുന്നവൎക്കു് ഡിസംബർ 31-ാംനു വരെ അവധിയനുവദിച്ചിരിക്കുന്നു. പദ്ധതിയിൽ ചേർന്നിട്ടില്ല എന്ന കാരണത്താൽ 1950 സെപ്ററംബർ മുതൽ തടഞ്ഞുവച്ചിരിക്കുന്ന ഗ്രാൻറ് 1951 ഡിസംബർ 31 വരെ നല്കാനും ഗവമ്മെൻറ് അനുവദിച്ചിട്ടുണ്ടു്.

### പദ്ധതിയിൽചേരുന്ന വിദ്യാലയങ്ങൾ

മുൻവിദ്യാഭ്യാസപദ്ധതിയിൽ ചേരാതിരിക്കുകയും പരിഷ്കരിച്ച പദ്ധതിയിൽ ഈ ഡിസംബർ മാസത്തിൽ ചേരാനുദ്ദേശിക്കുകയും ചെയ്യുന്ന വിദ്യാലയങ്ങളിൽനിന്നും നാലുഗഡുവുകളിലെ ഫീസിൻെറ 80 ശതമാനം ട്രഷറിയിൽ അടയ്ക്കേണ്ടതാണെന്നു് ഗവമ്മെൻറിൽനിന്നും ഉത്തരവായിരിക്കുന്നു. ഇപ്പോൾ പദ്ധതിയിൽ ചേരുന്ന വിദ്യാലയങ്ങളിലെ അദ്ധ്യാപകൎക്കു് 6 മാസത്തെ ശമ്പളം ഇക്കൊല്ലം ഗവമ്മെൻറു നല്കേണ്ടതായുള്ളതിനാലാണത്രെ ഈ വ്യവസ്ഥ ആവശ്യമായിവന്നതു്.

### നെല്ലുവില വർദ്ധിപ്പിച്ചു


നെൽകൃഷിയുടെ ചെലവു വർദ്ധിച്ചിരിക്കുന്നതിനാൽ ഗവമ്മെൻറിൽനിന്നെടുക്കുന്ന നെല്ലിനു് ഉയർന്ന വിലനിരക്കു് അനുവദിച്ചുകൊള്ളുവാൻ കേന്ദ്രഗവമ്മെൻറ് ഉത്തരവായിട്ടുണ്ടെന്നും അതനുസരിച്ച് ഡിസംബർ 1-ാംനു മുതൽ നെല്ലുവില തിരുവിതാംകൂറിൽ 2 ക. 2 ണ. യും കൊച്ചിയിൽ 2 ക. 6 പൈയുമായിരിക്കുമെന്നും ഗവമ്മെൻറിൽനിന്നും ഒരു പ്രസ്‌നോട്ടുമൂലം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഒരു മാസത്തിനകം തിരുവിതാംകൂറിലേയും കൊച്ചിയിലേയും പറകൾ സമീകരിക്കുന്നതും അതോടുകൂടി നെല്ലുവില രണ്ടുപ്രദേശങ്ങളിലും ഒരേ നിരക്കിലായിത്തീരുന്നതുമാണെന്നറിയുന്നു.

### കോളനൈസേഷൻ പദ്ധതി

ഭവനരഹിതൎക്കു വീടുവച്ചുകൊടുക്കുന്നതിനുള്ള പദ്ധതിയോടനുബന്ധപ്പെട്ട വില്ലേജു കമ്മിററികളുടെ യോഗം നവംബർ 29-ാംനു മന്ത്രി ശ്രീ എൽ. എം. പൈലി എറണാകുളത്തുവച്ച് ഉൽഘാടനം ചെയ്കയുണ്ടായി. 1952 മാർച്ച് 31 നകം 1000 വീടുകൾ പണിയാനാണുദ്ദേശിച്ചിട്ടുള്ളതെന്നും 200 വീടുകൾ ഇതിനകം പണിതീർന്നിട്ടുണ്ടെന്നും 100 എണ്ണം പണിതുകൊണ്ടിരിക്കയാണെന്നും യോഗത്തിൽ വെളിപ്പെടുത്തപ്പെട്ടു.

### വീണ്ടും പഴയസ്ഥാനങ്ങളിലേക്കു്

സസ്പെൻഷനിലിരുന്ന മി. അനിരുദ്ധനെ വീണ്ടും റിസെററിൽമെൻറ് ഓഫീസറായും അവിടെനിന്നു് മി. എം. കെ. ദേവസിയെ വീണ്ടും പബ്ലിക് റിലേഷൻസ് ഡയറക്ടറായും പ്രസ്തുതോദ്യോഗത്തിൽ ആക്ട്‌ചെയ്യുന്ന മി. കെ. ദാമോദരനെ തിരികെ ഹെഡ്ട്രാൻസ്ലേറററായും നിയമിക്കുവാൻ നവംബർ 28-ാംനു കൂടിയ മന്ത്രിസഭ തീരുമാനിച്ചിരിക്കുന്നു.




*Thanksgiving*

**for favours received**
from Sister ALPHONSA
By Mrs. J. G. A.

### ഇനി പ്രത്യേകപരീക്ഷയില്ല

ഇക്കഴിഞ്ഞ ഇ. എസ്. എൽ. സിയും എസ്. എസ്. എൽ. സി. യും സെപ്ററംബർ പരീക്ഷകളിൽ പരാജിതരായവൎക്കുവേണ്ടി ഇനി പ്രത്യേകപരീക്ഷകൾ നടത്തുന്നതല്ലെന്നും ഇ. എസ്. എൽ. സി. യും എസ്. എസ്. എൽ. സി. യും സംയോജിപ്പിച്ചുകൊണ്ടു് 1952 മാർച്ചിൽ എസ്. എസ്. എൽ. സി. പരീക്ഷ മാത്രമേ ഉണ്ടായിരിക്കയുള്ളുവെന്നും അറിവായിരിക്കുന്നു.

### കമ്മ്യൂണിസ്റ്റ് നേതാവിനു് നിരോധനാജ്ഞ

ഇൻഡ്യൻ കമ്മ്യൂണിസ്റ്റ്പാർട്ടി ജനറൽ സിക്രട്ടറി മി. എ. കെ. ഘോഷ് പാർട്ടി പ്രചരണാർത്ഥം ഡിസംബർ 1-ാംനു തൃശ്ശൂർ എത്തുകയുണ്ടായി. എന്നാൽ തൃശ്ശൂർ ഡിസ്ട്രിക്ടിൽ രണ്ടാഴ്ചത്തേക്കു് പ്രസംഗിക്കുകയോ പ്രകടനങ്ങളിൽ പങ്കെടുക്കുകയോ ചെയ്തുകൂടെന്നു് നിരോധനാജ്ഞ പുറപ്പെടുവിക്കുകയാൽ അദ്ദേഹം ഇവിടത്തെ പരിപാടികൾ റദ്ദുചെയ്തു് മടങ്ങിയിരിക്കുന്നു. കൊല്ലം ഡിസ്ട്രിക്ടിലും ഏതാണ്ടീമാതിരി നിരോധനാജ്ഞ പുറപ്പെടുവിച്ചിട്ടുണ്ടു്. തിരുവനന്തപുരം ഡിസ്ട്രിക്ടിലും നിരോധനമുണ്ടാകാനിടയുണ്ടെന്നറിയുന്നു.

### ഡോക്ടർ ജോബ് ഐക്യരാഷ്ട്രസമിതിയിൽ

എറണാകുളം മെത്രാപ്പോലീത്തൻപള്ളി ഇടവകാംഗവും ഇൻഡ്യാഗവമ്മെൻറിലെ ഇൻലൻഡ് ഫിഷറീസ് ചീഫ് റിസർച്ച് ഓഫീസറുമായ ഡോക്ടർ ടി. ജെ. ജോബ് ഐക്യരാഷ്ട്രസമിതിയിൽ ഏഷ്യായുടേയും പൗരസ്ത്യപ്രദേശങ്ങളുടേയും "റീജണൽ അസിസ്റ്റണ്ടു് ഫിഷറീസ് ഓഫീസറാ"യി നിയമിതനായിരിക്കുന്നു.

## ഇൻഡ്യാവാർത്തകൾ

### ദ്വയാംഗമണ്ഡലങ്ങളിൽ വോട്ടുചെയ്യേണ്ടതെങ്ങനെ?

പട്ടികജാതിക്കാൎക്കും പട്ടികവൎഗ്ഗക്കാൎക്കും സീററു റിസർവ്വുചെയ്തിട്ടുള്ള ദ്വയാംഗമണ്ഡലങ്ങളിൽ വോട്ടുചെയ്യേണ്ടതെങ്ങനെയാണെന്നു് ഇൻഡ്യയിലെ ഇലക്ഷൻ കമ്മീഷൻ പുറപ്പെടുവിച്ച ഒരു പ്രസ്‌നോട്ടിൽ വിവരിച്ചിരിക്കുന്നു.

ദ്വയാംഗമണ്ഡലത്തിലെ ഒരു വോട്ടർക്കു് താഴെപ്പറയുന്നവിധം പ്രവൎത്തിക്കാവുന്നതാണു്:

1) വോട്ടുചെയ്യാതിരിക്കയോ, ബാലട്ടുപേപ്പർ തിരിച്ചുകൊടുക്കയോ ചെയ്യാം.

2) ഇഷ്ടമുള്ളവിധം ഒരു വോട്ടുചെയ്യുകയും, മറേറ ബാലട്ടുപേപ്പർ തിരിച്ചേല്പിക്കയും ചെയ്യാം.

3) വോട്ടർക്കുള്ള രണ്ടുവോട്ടും ഒരേ ബാലട്ടുപെട്ടിയിൽ നിക്ഷേപിക്കാം. (ഇങ്ങനെ ചെയ്യുമ്പോൾ ഏതെങ്കിലും ഒരു ബാലററുപേപ്പർ വോട്ടെണ്ണുന്നസമയത്തു് നിരസിക്കുന്നതാണു്.)

4) ഒരു വോട്ടു് പൊതുസ്ഥാനാർത്ഥിക്കും, രണ്ടാംവോട്ടു് പട്ടികജാതിക്കാരനോ, പട്ടികവൎഗ്ഗക്കാരനോ നൽകാം.

5) രണ്ടുവോട്ടും രണ്ടു പൊതു സ്ഥാനാർത്ഥികൾക്കു നൽകാം.

6) രണ്ടുവോട്ടും രണ്ടു പട്ടികജാതിക്കാൎക്കും പട്ടികവൎഗ്ഗക്കാൎക്കും നൽകാം.

## വിദേശവാർത്തകൾ

### കമ്മ്യൂ ചൈനയ്ക്കെതിരായി ദേശീയചൈന

കമ്മ്യൂണിസ്റ്റുകാരിൽനിന്നും ചൈനാ വൻകരയെ വീണ്ടെടുക്കുവാൻവേണ്ടി ഒരവസാനപ്രത്യാക്രമണം നടത്തുന്നതിനു് കഴിവുള്ള എല്ലാസജ്ജീകരണങ്ങളും ചെയ്തുകൊള്ളുവാൻ ചൈനയിലെ ദേശീയഗവമ്മെൻറിനോടു് മാർഷൽ ചിയാംഗ് കൈഷക് ഡിസംബർ 2-ാംനു ആഹ്വാനംചെയ്തിരിക്കുന്നു.

### കൊറിയ

പാൻമുൻജോൺ എന്ന സ്ഥലത്തു നടന്നുകൊണ്ടിരിക്കുന്ന വെടിനിൎത്തൽ കൂടിയാലോചനകൾ ഇതുവരെ ഒത്തുതീർപ്പിലെത്തിയിട്ടില്ലെന്നു് റിപ്പോർട്ടുകളിൽ കാണുന്നു. ഉടമ്പടിക്കാലത്തു് സൈന്യം സ്വരൂപിക്കുകയോ വിമാനത്താവളങ്ങൾ നിൎമ്മിക്കുകയോ നന്നാക്കുകയോ ചെയ്യുവാൻ പാടില്ലെന്നും ഇരുകക്ഷികളുടേയും പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു സമിതി യുദ്ധനിരകൾക്കു പിന്നിൽ പരിശോധനനടത്തുവാൻ അനുവദിക്കണമെന്നും ഇപ്പോൾ യു. എൻ. അധീനത്തിലുള്ള ദ്വീപുകൾ അവരുടെ കൈവശംതന്നെ ഇരിക്കണമെന്നുമുള്ള ഐക്യരാഷ്ട്രപ്രതിനിധികളുടെ നിൎദ്ദേശങ്ങൾ കമ്മ്യൂണിസ്റ്റുകാർ നിരസിച്ചതാണത്രെ. ഒത്തുതീർപ്പിനു പ്രതിബന്ധമായിത്തീൎന്നിരിക്കുന്നതു്. റഷ്യയുടെ സഹായത്തോടുകൂടി ഉത്തരകൊറിയക്കാർ ആയുധശക്തി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നും ആരോപണമുണ്ടു്. ഇതിനെ സാൎത്ഥീകരിക്കുവാൻ പര്യാപ്തമാണു് ഡിസംബർ 2-ാംനു ഉത്തരകൊറിയക്കാർ നടത്തിയ വമ്പിച്ച വ്യോമസമരം. ഇതിൽ 150 കമ്മ്യൂണിസ്റ്റുവിമാനങ്ങൾ പങ്കെടുക്കുകയുണ്ടായത്രെ.

### ചില വിഷയങ്ങളിൽ വിദഗ്ദ്ധന്മാരും, മററു പലതിലും അവിവേകികളും

നവ. 27-ാംനു മദ്രാസ് പ്രെസിയത്തിൻെറ ശതവാർഷികയോഗത്തിൽ പണ്ഡിററു് നെഹ്റു ചെയ്ത പ്രസംഗത്തിലെ ഒരു ഭാഗം പ്രത്യേകം ശ്രദ്ധേയമാണു്: "ചില വിഷയങ്ങളിൽ വൈദഗ്ദ്ധ്യം സമ്പാദിക്കാനുള്ള ഇന്നത്തെ വാസനയിൽ പല ആപത്തുകളും ഒളിഞ്ഞുകിടപ്പുണ്ടു്. കാൎയ്യങ്ങളുടെ വിശാലമണ്ഡലങ്ങൾ വിദഗ്ദ്ധന്മാർ വിസ്മരിക്കാനിടവരുന്നു. ചിലതിൽ വിദഗ്ദ്ധന്മാരും മററു പലതിലും അവിവേകികളുമാകുന്നതാണു് ഇതിൻെറ ഫലം."

### നല്ലവൎക്കു വോട്ടു ചെയ്യുക

ഏററവും നല്ലവരും സത്യനിഷ്ഠരുമായ ആളുകൾക്കു് വോട്ടുകൊടുക്കുവാൻ പ്രസിഡണ്ടു രാജേന്ദ്രപ്രസാദ് തൻെറ സ്വന്തം ഗ്രാമമായ സിരാദിയിൽ നവംബർ 28-ാംനു കൂടിയ പതിനായിരംവരുന്ന ജനസമൂഹത്തോടു് ചെയ്ത പ്രസംഗത്തിൽ അഭ്യൎത്ഥിച്ചിരിക്കുന്നു. അദ്ദേഹം ഇപ്രകാരം തുടൎന്നു പ്രസ്താവിച്ചു: "പ്രസിഡണ്ടു് എല്ലാ കക്ഷികൾക്കും ഉപരിയാണു്. ഭരണഘടനയെ ഉയൎത്തിപ്പിടിക്കാൻ അദ്ദേഹം പ്രതിജ്ഞാബദ്ധനാണു്. അദ്ദേഹത്തിനു് ജാതിമതരാഷ്ട്രീയകക്ഷി ഭേദമെന്യേ എല്ലാം പൗരന്മാരും ഒരുപോലെയാണു്. അതിനാൽ "കോൺഗ്രസ്സിനു് വോട്ടുചെയ്യുക" എന്നെനിക്കു പറഞ്ഞുകൂടാ എന്നാൽ ഇതു ഞാൻ പറയും, വോട്ടവകാശം നിങ്ങൾ വിനിയോഗിക്കണം. വളരെ ആലോചിച്ചുവേണം നിങ്ങൾ വോട്ടുചെയ്യുവാൻ. നിങ്ങളുടെ വോട്ടിനുവരുന്ന ആളുകളുടെ യോഗ്യതയേയും അർഹതയേയുംകുറിച്ച് നിങ്ങൾ ഗാഢമായി ചിന്തിക്കേണ്ടതുണ്ടു്."



*Thanksgiving*

**for favours received**
from Sister ALPHONSA
By Mrs. M. J. A.

### പൗരസ്വാതന്ത്ര്യത്തെപ്പററി പണ്ഡിററ് നെഹ്റു

പൗരസ്വാതന്ത്ര്യത്തെപ്പററി പറയുന്നപക്ഷം ഇന്ത്യയിൽ അതു പരിപൂൎണ്ണമായി അനുവദിച്ചിട്ടുണ്ടു്. ഇപ്പോൾ ഇന്ത്യയിലുള്ളത്ര പൗരസ്വാതന്ത്ര്യം ലോകത്തിൽ മറെറാരിടത്തുമില്ല.

നാട്ടിൽ നിയമസമാധാനങ്ങൾക്കു വിഘാതം നേരിടാത്തവിധത്തിൽ, രാഷ്ട്രീയതടവുകാരെയെല്ലാം മോചിപ്പിക്കുന്നതിനു കേന്ദ്രഗവമ്മെണ്ടു് സംസ്ഥാനഗവമ്മെണ്ടുകൾക്കു നിൎദ്ദേശം നൽകിയിട്ടുണ്ടു്. അതതുസംസ്ഥാനങ്ങളിലെയും സ്ഥലങ്ങളിലെയും പ്രത്യേകപരിതസ്ഥിതികളെ പരിഗണിച്ചുകൊണ്ടു പൗരസ്വാതന്ത്ര്യം നൽകാൻവേണ്ട എല്ലാ നടപടികളും നടത്തേണ്ടതാണു്. അങ്ങനെ ചെയ്തിട്ടുമുണ്ടു്. എന്നാൽ പൗരസ്വാതന്ത്ര്യത്തിൻെറ പേരിൽ വിപ്ലവപരമായ മത്സരങ്ങൾക്കു് അനുവാദംനൽകാൻ യാതൊരു ഗവമ്മെണ്ടിനും നിവൃത്തിയില്ല. ഹൈദ്രബാദിൽ തെലുങ്കാനാ എന്ന സ്ഥലത്തുണ്ടായ അനുഭവം അതിനൊരു ദാഹരണമാണു്. എന്നാൽ ഇന്ത്യയിൽ കമ്മ്യൂണിസ്റ്റുകാരെ നിയമഭ്രഷ്ടരാക്കിയിട്ടില്ല. അതതുസംസ്ഥാനങ്ങളിലെ കമ്മ്യൂണിസ്റ്റുകാരെസംബന്ധിച്ചുള്ള പ്രശ്നം അതതുസംസ്ഥാനങ്ങളിൽ നിയമസമാധാനങ്ങൾ പരിപാലിക്കാൻ ബാദ്ധ്യതപ്പെട്ട സംസ്ഥാനഗവമ്മെണ്ടുകൾക്കു്, ഈ തെരഞ്ഞെടുപ്പു കഴിയുന്നതുവരെ വിട്ടുകൊടുക്കുകയേ നിവൃത്തിയുള്ളു.

(നവംബർ 25-ാംനു ആലപ്പുഴയിൽ ചെയ്ത പ്രസംഗത്തിൽനിന്നു്)




# ഇതാണോ ക്രൈസ്തവത്വം?

മുമ്പിനാൽ എഴുതപ്പെട്ടിരിക്കുന്നതെല്ലാം ക്ഷമയാലും തിരുവെഴുത്തുകളുടെ ആശ്വാസത്താലും നമുക്ക് പ്രതീക്ഷയുണ്ടാകേണ്ടതിനു് നമ്മുടെ പഠനത്തിനായിട്ടാകുന്നുവല്ലോ. നിങ്ങൾ മറ്റൊരുത്തനെപ്പററി ഈശോമിശിഹായിൽ ഐകമത്യത്തോടുകൂടി വിചാരിക്കുവാൻ ക്ഷമയുടേയും ആശ്വാസത്തിൻേറയും ദൈവം നിങ്ങൾക്കു കൃപനൽകട്ടെ. നമ്മുടെ കർത്താവു് ഈശോമിശിഹായുടെ പിതാവായ ദൈവത്തെ ഏകമനസ്സോടുകൂടിയും ഒരു വായ് ആയിട്ടും നിങ്ങൾ മഹത്വീകരിക്കേണ്ടതിനുതന്നെ. ഇതിനാൽ മിശിഹാതന്നേയും ദൈവത്തിൻെറ മഹത്വത്തിനായി നിങ്ങളെ സമീപിപ്പിച്ചതുപോലെ നിങ്ങൾ അന്യോന്യം സമീപിപ്പിക്കുകയും വഹിക്കുകയും ചെയ്യുവിൻ. പിതാക്കന്മാരോടുള്ള ഉടമ്പടി ഉറപ്പിക്കുവാൻ ദൈവത്തിൻെറ സത്യംനിമിത്തം ഈശോമിശിഹാ പരിച്ഛേദനത്തിനു് ശുശ്രൂഷചെയ്തു എന്നും, പുറജാതികൾ തങ്ങളുടെ മേലുണ്ടായ കരുണനിമിത്തം ദൈവത്തെ സ്തുതിക്കുമെന്നും ഞാൻ പറയുന്നു. പുറജാതികളിൽ നിന്നെ ഞാൻ ഏററുപറയും, നിൻെറ നാമം ഞാൻ കീർത്തിക്കും എന്നു് എഴുതപ്പെട്ടിരിക്കുന്നതുപോലെതന്നെ. പുറജാതികളേ! അവൻെറ ജനത്തോടുകൂടി നിങ്ങൾ ആനന്ദിക്കുവിൻ എന്നു് അവൻ വീണ്ടും പറഞ്ഞിരിക്കുന്നു. സകല പുറജാതികളുമേ! കർത്താവിനെ സ്തുതിക്കുവിൻ; സകല വംശങ്ങളുമേ! അവനെ മഹത്വീകരിക്കുവിൻ എന്നു് അവൻ പിന്നേയും പറഞ്ഞിരിക്കുന്നു. വീണ്ടും, ഈശൈയ്യ ഒരു വേരുണ്ടാകും, എഴുന്നേല്ക്കുവാനിരിക്കുന്നവൻ പുറജാതികൾക്കു് തലവനായിരിക്കും, പുറജാതികൾ അവനിൽ പ്രതീക്ഷിക്കും എന്നു് ഏശായായും പറഞ്ഞിരിക്കുന്നു. പ്രതീക്ഷയുടെ ദൈവം പരിശുദ്ധാത്മാവിൻെറ ശക്തിയാൽ തൻെറ പ്രതീക്ഷയിൽ നിങ്ങൾ വർദ്ധിക്കേണ്ടതിനു് വിശ്വാസംമൂലം എല്ലാ സന്തോഷവും സമാധാനവുംകൊണ്ടു് നിങ്ങളെ നിറയ്ക്കട്ടെ. (ആഗമനം 2-ാം ഞായർ; ലേഖനം: റോമ XV, 4—13,

ക്ഷമയുടേയും ഐകമത്യത്തിൻെറയും സ്നേഹത്തിൻെറയും ഉന്നതാദർശങ്ങളിലേക്കുള്ള ഒരാഹ്വാനമാണു് വി. ശ്ലീഹാ ഇന്നത്തെ ലേഖനംവഴിയായി റോമയിലെ ക്രിസ്ത്യാനികൾക്കു് നൽകുന്നതു. ക്രിസ്തുമതം സ്വീകരിച്ച യൂദന്മാർ ക്രിസ്തുമതാവലംബികളായ പുറജാതിക്കാരോടു വളരെ ക്രൂരമായും നികൃഷ്ടമായും വ്യത്യസ്തമനസ്ഥിതിയോടും പെരുമാറിവന്നിരുന്നതുകൊണ്ടു് ഈ താക്കീതു് അവസരോചിതംതന്നെയായിരുന്നു. യഹൂദന്മാർ തങ്ങൾ ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനമാണെന്നും തന്നിമിത്തം പുറജാതികളെക്കാൾ ഉൽകൃഷ്ടമായ ഒരു വംശമാണെന്നും സ്വയം അഭിമാനംകൊണ്ടിരുന്നു. തന്നിമിത്തം ക്രൈസ്തവരായ യഹൂദന്മാർ ക്രൈസ്തവരായ പുറജാതികളെക്കാൾ മുൻഗണനയും വ്യത്യസ്തനിലപാടും അവകാശപ്പെട്ടിരുന്നു. ദൈവം തൻെറ തിരുക്കുമാരനായ യേശുക്രിസ്തുവഴിയായി യഹൂദന്മാരെ മാത്രമല്ല പുറജാതികളേയും ഒരേ പ്രസാദവരത്തിലേക്കും രക്ഷാനികേതനത്തിലേക്കും വിളിച്ചിട്ടുണ്ടെന്നു് പഴയനിയമത്തിലെ തിരുവെഴുത്തുകളിൽനിന്നു് വി. ശ്ലീഹാ സമർത്ഥിക്കുകയാണു് ചെയ്യുന്നതു്. തന്നിമിത്തം യഹൂദക്രിസ്ത്യാനിയെന്നും വിജാതിയക്രിസ്ത്യാനിയെന്നുമുള്ള വ്യത്യാസം യാതൊരുകാര്യത്തിലും വെച്ചുപുലത്താൻ പാടില്ലെന്നും വി. ശ്ലീഹാ ഉൽബോധിപ്പിക്കുന്നു. എല്ലാവർക്കും ഒരേ വിശ്വാസവും, ഒരേ പ്രസാദവരങ്ങളും, ഒരേ അവകാശങ്ങളും, ഒരേ ചുമതലകളും ഉള്ളതുകൊണ്ടു് എല്ലാവരും ഐക്യത്തിലും സ്നേഹത്തിലും സമാധാനത്തിലും ജീവിക്കണമെന്നും അദ്ദേഹം ഉപദേശിക്കുന്നു.

ശ്ലീഹന്മാരുടെകാലത്തു് പുറജാതികളെക്രൈസ്തവസഭയിൽ ചേർക്കുന്നതിനുതന്നെ വിരുദ്ധാഭിപ്രായങ്ങൾ ഉണ്ടായിരുന്നു. വി. പത്രോസ് കൊർണേലിയസിനേയും മററും മാനസാന്തരപ്പെടുത്തിയപ്പോൾ ഈ പിറുപിറുപ്പു് വർദ്ധിച്ചു. അപ്പോഴാണു് അപ്പസ്തോലമുഖ്യൻ തനിക്കുണ്ടായ ഒരു ദർശനത്തെ അവർക്കു വിവരിച്ചുകൊടുത്തതു്: "ഞാൻ യോപ്പേയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ വലുതായ വിരിപ്പുപോലെയുള്ളതും നാലു കോണുകളിലും കെട്ടപ്പെട്ടിരുന്നതുമായ ഒരു പാത്രം ഇറങ്ങിവരുന്നതു് ഒരു ദർശനത്തിൽ കണ്ടു. അതു് ആകാശത്തുനിന്നിറങ്ങി എൻെറ സമീപംവരെ വന്നു. ഞാൻ അതിൽ ഉററുനോക്കിയപ്പോൾ ഭൂമിയിലെ നാൽക്കാലികളും, ഇഴജന്തുക്കളും, ആകാശത്തിലെ പക്ഷികളും അതിലുള്ളതായി കണ്ടു. ശെമയോനെ, എഴുന്നേററു് അറുത്തു ഭക്ഷിക്കുക എന്നു് എന്നോടു പറഞ്ഞ ഒരു സ്വരം ഞാൻ കേൾക്കയും ചെയ്തു. അതിനു ഞാൻ: എൻെറ കർത്താവേ, ഇതു് സംഭവിക്കാതിരിക്കട്ടെ. എന്തെന്നാൽ അശുദ്ധവും മലിനവുമായിട്ടുള്ളതു് എൻെറ വായിലേക്കു ഒരിക്കലും പ്രവേശിച്ചിട്ടില്ല എന്നുപറഞ്ഞു. ദൈവം ശുദ്ധീകരിച്ചതു് നീ മലിനമാക്കരുതു് എന്നു് ആകാശത്തുനിന്നു് സ്വരം വീണ്ടും എന്നോടു പറഞ്ഞു. ഇതു് മൂന്നുപ്രാവശ്യം സംഭവിച്ചു. പിന്നെ എല്ലാം ആകാശത്തിലേക്കെടുക്കപ്പെട്ടു ... ... ... ആകയാൽ നമ്മുടെ കർത്താവായ ഈശോമിശിഹായിൽ വിശ്വസിച്ച പുറജാതികൾക്കും നമുക്കെന്നപോലെ ദാനം തുല്യമായി ദൈവം നൽകിയെങ്കിൽ ദൈവത്തെ മുടക്കുവാൻ കഴിയത്തക്കവണ്ണം ഞാൻ ആരായിരുന്നു? ഈ വാക്കുകൾ കേട്ടപ്പോൾ അവർ (ഭിന്നാഭിപ്രായക്കാർ) അടങ്ങുകയും, ദൈവം ആയുസ്സിനായുള്ള അനുതാപം തീർച്ചയായും പുറജാതികൾക്കും നൽകിയിരിക്കുന്നു എന്നു പറഞ്ഞു ദൈവത്തെ സ്തുതിക്കുകയും ചെയ്തു." (നടപടി XI, 5—18)

ക്രിസ്ത്വബ്ദം ഒന്നാംനൂററാണ്ടിൽതന്നെ ഒരു ശ്ലീഹായുടെ കരങ്ങളിൽനിന്നു് വിശ്വാസവെളിച്ചം സ്വീകരിക്കുവാൻ ഭാഗ്യമുണ്ടായ ഭാരതത്തിൽ ഇന്നും ഒരു ശതമാനം മാത്രമേ കത്തോലിക്കരുള്ളു എന്നുള്ള പരിതാപകരമായ പരമാർത്ഥത്തിനു കാരണങ്ങൾ പലതും ഉന്നയിക്കപ്പെടുന്നുണ്ടു്. ഏതായാലും, മേച്ഛരിച്ച യഹൂദമനസ്ഥിതി ഭാരതത്തിലും പ്രത്യേകിച്ചു് കേരളത്തിലും നടമാടിയിരുന്നുവെന്നും അതു സാർവ്വത്രികമായ മാനസാന്തരത്തിനു വിഘാതംവരുത്തിയ വിവിധകാരണങ്ങളിൽ ഒന്നായിരുന്നുവെന്നും അനുമിക്കുന്നതിൽ അബദ്ധമില്ലെന്നു തോന്നുന്നു. വി. തോമാശ്ലീഹാ കേരളത്തിലെ ഉൽകൃഷ്ടവംശക്കാരെയാണല്ലോ മാനസാന്തരപ്പെടുത്തിയതു്. ജാതി, വർണ്ണം, വർഗ്ഗം എന്നിവയെ അടിസ്ഥാനമാക്കിയുള്ള വ്യവസ്ഥ പരിഗണനകളുടേയും തജ്ജന്യമായ അയിത്തം, തീണ്ടൽ തുടങ്ങിയ ആചാരങ്ങളുടേയും വിഹാരരംഗമായിരുന്ന കേരളത്തിൽ ഉൽകൃഷ്ടജാതിക്കാരായ ക്രിസ്ത്യാനികൾ താഴ്ന്ന ജാതിക്കാരെ ക്രിസ്തുമതത്തിൽചേർക്കുവാൻ അത്രതന്നെ പരിശ്രമിച്ചിട്ടുണ്ടായിരിക്കയില്ല; പരിശ്രമിച്ചെങ്കിൽത്തന്നെ, അവരെ വ്യത്യസ്തരായും അധഃസ്ഥിതരായും മാത്രമേ പരിഗണിച്ചിരുന്നുള്ളു. പില്ക്കാലത്തു ധാരാളം മററു ജാതിക്കാരും ക്രിസ്തുമതം സ്വീകരിച്ചുതുടങ്ങിയെങ്കിലും അവരെ സാമുദായികമായി അകററിനിർത്തുകയും അവരുമായി യാതൊരു സമ്പർക്കവും പുലത്താതിരിക്കുകയും ചെയ്തിരുന്നു. ഈ മനസ്ഥിതിയുടെയെല്ലാം പ്രതിഫലനങ്ങൾ ഇന്നും നമ്മുടെ കേരളകത്തോലിക്കരുടെ ഇടയിൽ കണ്ടുവരുന്നില്ലേ? നമ്മുടെ ഇടയിൽ പലേ അവാന്തരവിഭാഗങ്ങളും ഇല്ലേ? സാമുദായികമായ ഉച്ചനീചത്വവും ജാതിവ്യത്യാസങ്ങളും മാനസാന്തരത്തിനുശേഷവും വെച്ചുപുലത്തുന്നതുകൊണ്ടല്ലേ ഈ അവാന്തരവിഭാഗങ്ങൾ ഇന്നും നിലനില്ക്കുന്നതു്? ക്രിസ്ത്യാനികൾ എന്നു അഭിമാനിക്കുന്നവർ പുതുക്രിസ്ത്യാനികളേയും "മാർഗ്ഗം" കൂടിയവരേയും സഹോദരരായി വീക്ഷിക്കയും ക്രിസ്തീയോചിതമായരീതിയിൽ അവരോടു പെരുമാറുകയും ചെയ്യേണ്ടതല്ലേ? ഒരേ വിശ്വാസവും, ഒരേ കൂദാശകളും, ഒരേ തലവന്മാരുമല്ലേ എല്ലാവർക്കുമുള്ളതു്? മിശിഹായുടെ മാംസരക്തങ്ങളിലും എല്ലാവരും പങ്കുകൊള്ളുന്നില്ലേ? മിശിഹായുടെ അവയവങ്ങളല്ലേ നാമെല്ലാവരും? സ്വർഗ്ഗത്തിനവകാശികളും ദൈവത്തിൻെറ ദത്തുപുത്രന്മാരുമല്ലേ നാമോരോരുത്തരും? ക്രൈസ്തവരിൽത്തന്നെ ഇപ്രകാരമുള്ള ജാതിവ്യത്യാസവും ചിലരോടുള്ള ഹീനപരിഗണനയും പുലത്തിക്കൊണ്ടുവരുന്ന വ്യക്തികളുടെ ക്രൈസ്തവത്വംതന്നെ ചോദ്യംചെയ്യപ്പെടേണ്ടതല്ലേ?

മാനസാന്തരത്തിനുശേഷം അഭിനവക്രിസ്ത്യാനികളോടുള്ള പെരുമാററം ഇങ്ങനെ. എന്നാൽ ഇതിലും പരിതാപകരമായ മറെറാരു മനസ്ഥിതിയും കത്തോലിക്കരായ ചുരുക്കം ചില ധനാഢ്യന്മാരിൽ കണ്ടുവരുന്നുണ്ടു്. അവരുടെ പറമ്പുകളിൽ വളരെ കുടികിടപ്പുകാർ ഉണ്ടായിരിക്കും. ഇവരെല്ലാവരുംതന്നെ മുതലാളിയുടെ പണിക്കാരും അയാളെ ആശ്രയിച്ചു ജീവിക്കുന്നവരുമായിരിക്കും. ഇവരിൽ അധികപങ്കും ഈഴവർ, പുലയർ, വേട്ടവർ തുടങ്ങിയ പിന്നോക്കസമുദായക്കാരും അധഃകൃതവർഗ്ഗക്കാരുമായിരിക്കും? ഇവരോടു ക്രിസ്തുവിനേയോ ക്രിസ്തുമതത്തെയോപററി ഒരൊററവാക്കുപോലും ആ മുതലാളി പറയുകയില്ല. മാത്രമോ? വല്ലവരും തൻെറ ഈ അശ്രിതന്മാരെ മാനസാന്തരപ്പെടുത്തുവാൻ പരിശ്രമിക്കുന്ന പക്ഷം വലിയ നീരസം ഇവർ പ്രകടിപ്പിക്കും; വിലങ്ങുതടികൾ വച്ചിട്ടും. കാരണം? അവർ മനസ്സുതിരിഞ്ഞാൽ ജോലിചെയ്യുവാൻ ആളുകളെ ലഭിക്കയില്ല, ഒരുപക്ഷെ അവർ തങ്ങളുടെ ആശ്രിതത്വത്തിൽനിന്നു് ചങ്ങലപൊട്ടിച്ചു് പോയേക്കും; ദേവാലയത്തിലും വീട്ടിലും പൊതുസ്ഥലങ്ങളിലും സദ്യകളിലും മററും അവരും ഒപ്പം ഇരിക്കും—ഇങ്ങനെ പലകാരണങ്ങൾ. നോക്കുക; ക്രിസ്തുമതം ഏകസത്യമതമെന്നു വിശ്വസിക്കുന്ന നമ്മുടെ ചില കത്തോലിക്കാപ്രമുഖന്മാർ കടുത്ത സ്വാർത്ഥതമൂലം തങ്ങളുടെ ആശ്രിതന്മാരെ സത്യമതരക്ഷത്തിൽനിന്നു അകററിക്കൊണ്ടുപോകുന്നതുനോക്കുക. ക്രിസ്തുമതചൈതന്യം എന്താണെന്നു ഇക്കൂട്ടർ മനസ്സിലായിട്ടില്ലെന്നു തീർച്ചതന്നെയാണു്. "വിശ്വസിച്ചിരുന്ന ജനക്കൂട്ടത്തിനു് ഒരാത്മാവും ഒരു മനസ്സുമായിരുന്നു." (നട. IV-32) എന്നു് ആദ്യക്രിസ്ത്യാനികളെക്കുറിച്ചു് പ്രസ്താവിക്കപ്പെട്ടിരുന്നതുപോലെ ഇന്നത്തെ ക്രൈസ്തവരെല്ലാവരും ജാതിവ്യത്യാസമോ ഉച്ചനീചത്വമോ, പരിഗണിക്കാതെ ഒരേ മനസ്സും ഒരേ ആത്മാവും ഉള്ളവരായി ജീവിക്കട്ടെ. സ്വാർത്ഥാഭിമാനമെല്ലാം മാററിവെച്ചുകൊണ്ടു് വിജാതിയരെയെല്ലാംതന്നെ — താഴ്ന്ന ജാതിക്കാരായാലും വേണ്ടതില്ല—ക്രിസ്തുമതത്തിലേക്കു സ്വീകരിച്ചാശ്ലേഷിക്കുന്നതിനു് എല്ലാവരും സന്നദ്ധരാകട്ടെ.

(ജെ. ചെമ്മണ്ണൂർ)

## മരിയസഖ്യഗാനം

(ഗാനാമൃതത്തിലെ—അവിടന്നെന്തിവിധം എ. മ.)

തവപാദം കുമ്പിടാം മേരിയംബികേ!
അമലേ! നിൻനാമം വാഴ്ത്തിടാമെന്നുമെന്നുമേ (തവപാദം—

ഉന്നതയാം നിൻ സന്നിധൗ വന്നിടുന്നിതാ
നിന്നെ വരിക്കുമന്നങ്ങൾതൻ രാജ്ഞിയായ് മുദാ.
ഇന്നിമേലിലാശ്രയം നീ, യോനിധേ!
ഭവസാഗരത്തിൽ നിന്നുമീയേഴകൾക്കിഹേ. (തവപാദം—

കന്യകമാരേ! നായികേ! നാകവാതിലേ!
നിന്നെയുപേക്ഷിക്കില്ലയീ ദാസർ ഭൂതലേ.
അഹിതമായൊന്നുമേ ചെയ്യുകില്ല തേ.
അതിനാലിന്നമ്മേ! ചേർക്കണേ വന്ദ്യനിൻപദേ. (തവപാദം—

നൽവരമെന്നും നൽകണേ നന്മചെയ്യുവാൻ
മൃത്യുവിലും തുണയേകണേ ദ്യോവിലേറുവാൻ (തവപാദം—

(വക്കി വി. നടയ്ക്കൽ)

For favours received



Mrs. R. Antony, Kanjirappally

ബഹുമാനപ്പെട്ട അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം നിറവേറിയതിനു് ഉപകാരസ്മരണ.

പി. ജെ. അഗസ്റ്റിൻ
പയ്യപ്പിള്ളി, വട്ടതല.

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

പി. ററി. തോമസ്സ്, കുമരകം

## അറിയിപ്പ്

കത്തോലിക്ക യങ്ങ്മെൻസ് അസോസ്യേഷൻ സെക്രട്ടറി മെ. കെ. എസ്. ലൂക്കോസിനെ സത്യദീപത്തിൻെറ കുറുമുള്ളൂർ ഏജൻറായി നിയമിച്ചിരിക്കുന്നു

ജോസഫ് ആൻറണി, വേലിക്കകത്തു പറമ്പിൽ അവർകളെ സത്യദീപത്തിൻെറ വട്ടതല ഏജൻറായി നിയമിച്ചിരിക്കുന്നു.

കെ. സി. കോര, കുട്ടത്തുപറമ്പിൽ അവർകളെ സത്യദീപത്തിൻെറ മുട്ടം, ശങ്കരപ്പിള്ളി, കളക്കോമ്പു് എന്നിസ്ഥലങ്ങളിലെ ഏജൻറായി നിയമിച്ചിരിക്കുന്നു.

മാനേജർ, സത്യദീപം

## സ്റ്റലിനിസം നടത്തുന്ന നരവേട്ട

സ്റ്റലിനിസം അഥവാ സോവ്യററുഷ്യയുടെ കിരാതത്വംമൂലം ലോകമാകെ ഇതിനകം വധിക്കപ്പെടാനിടയായിട്ടുള്ളവരുടെ ഒരു സ്മാരകം പശ്ചിമബർളിനിൽ അനാച്ഛാദനംചെയ്തിരിക്കുന്നു. കമ്മ്യൂണിസത്തെ വെറുക്കുന്നവരായ 3000 ത്തിൽപരം ജനങ്ങളുടെ സാന്നിദ്ധ്യത്തിലാണു ഈ അനാച്ഛാദനചടങ്ങു നടന്നതു്. ലോകത്തിൽ പലേടത്തായി ഇതിനകം 3 കോടി 70 ലക്ഷംപേർ സ്റ്റലിനിസംമൂലം വധിക്കപ്പെടാനിടയായിട്ടുണ്ടു് എന്നു ഫെർകാൾട്ട് വെയിററു് പ്രസ്താവിച്ചു.

ഹാത്തിമാബാലസമിതി

# കല്യാണപ്പന്തലിൽ

പ്രിയകുട്ടികളേ,

യോർദ്ദാൻ താഴ്‌വരയിൽനിന്നു നസ്രസിലേക്കു 75 മൈലോളം അകലമുണ്ട്. ഈശോ അവിടെനിന്നു പുറപ്പെട്ടിട്ട് വഴിക്ക് അധികം താമസിച്ചില്ലെന്നു വിചാരിക്കണം. ഫിലിപ്പോസിനെ ശിഷ്യനായി സ്വീകരിച്ചതിന്റെ മൂന്നാംദിവസം അവരെല്ലാം അവിടെ എത്തിയതായി സുവിശേഷത്തിൽ കാണുന്നു.

"ആരെല്ലാം? മേരി പറയട്ടെ."

"ഈശോയും പത്രോസും ... ... യോഹന്നാനും ... ... അന്ത്രയോസും ഫിലിപ്പോസും ... ... ബർത്തലോമായും."

"കൊള്ളാം. സായാഹ്നത്തോടെയാണ് അവരവിടെ ചെന്നതു്. അപ്പോൾ പരിശുദ്ധമറിയം സ്വഭവനത്തിൽ ഉണ്ടായിരുന്നില്ല. കാനായിലെ കല്യാണത്തിനു പോയിരിക്കയായിരുന്നു. നസ്രസിൽനിന്നു കാനായിലേക്കു രണ്ടു മണിക്കൂർ നടക്കണം. ഒട്ടും സമയംകളയാതെ ദിവ്യനാഥനും ശിഷ്യന്മാരും അങ്ങോട്ടുപോയി.

സദ്യക്കുമുമ്പായി അവിടെ ചെന്നുചേർന്നു. വധൂവരന്മാർ ദരിദ്രരായിരുന്നെങ്കിലും അനവധി ആളുകൾ അവിടെ സന്നിഹിതരായിട്ടുണ്ട്. പരിശുദ്ധമറിയം എല്ലാകാര്യങ്ങളിലും മേലന്വേഷണം നടത്തിക്കൊണ്ടിരിക്കയാണ്. സ്നേഹവും രക്തബന്ധവും അതിനു പ്രേരിപ്പിച്ചിരിക്കണം. വിരുന്നിന്റെ ഇടയ്ക്കു വീഞ്ഞു തീർന്നുപോകുന്നതായി പരിശുദ്ധ മറിയം മനസ്സിലാക്കി. അതു വലിയ പോരായ്മയാണ് മണവാളനും മണവാട്ടിക്കും വീട്ടുകാർക്കും. തീരാകളങ്കമാണ്. നമ്മുടെ വിരുന്നുകൾക്കു മോരും സംഭാരവും നാം ഉപയോഗിക്കാറുണ്ടല്ലോ. അതുപോലെയാണ് അവർ വീഞ്ഞുപയോഗിക്കുക. ഉണ്ണുന്നവർക്കു സംഭാരം തികയാതെവന്നാൽ അതെത്ര ആക്ഷേപകരമായിരിക്കും.

പരിശുദ്ധമറിയം ആ വധൂവരന്മാരുടെ വിഷമത ഉടനെ ഊഹിച്ചു. അവരെ അവമാനത്തിൽനിന്നു രക്ഷിക്കാൻ ആത്മാർത്ഥമായി ആഗ്രഹിക്കയുംചെയ്തു. എന്തു ചെയ്യണം? മകൻ വന്നിട്ടുണ്ട്. ദൈവപുത്രനല്ലേ? സമാധാനമുണ്ടാകും. മാതാവു ശരണപ്പെട്ടു. ഒട്ടും സംശയിച്ചില്ല. ഈശോയുടെ അടുത്തുചെന്നു് പതുക്കെ ചെവിയിൽ പറഞ്ഞു വീഞ്ഞു തീർന്നുപോകയാണു്. ശിഷ്യന്മാർമാത്രം അതു കേട്ടുകാണും. ഈശോയുടെ മുഖം പ്രസന്നമായി. എങ്കിലും ഗൗരവത്തിനു കുറവൊന്നും വന്നില്ലതാനും. "സ്ത്രീയെ, എനിക്കും നിനക്കും എന്തു്?" ഈശോ ചോദിച്ചു. "എന്റെ സമയമായിട്ടില്ല." ഈശോ തുടർന്നുപറഞ്ഞു. പിന്നേയും കുറച്ചുനേരംകൂടെ അവർ തമ്മിൽ സംസാരിക്കയുണ്ടായി. എന്തൊക്കെയാണ് പറഞ്ഞതെന്നു നമുക്കറിഞ്ഞുകൂടാ. സുവിശേഷകന്മാർ അവ വിട്ടുകളഞ്ഞിരിക്കയാണ്. ഒടുവിൽ മറിയം വേലക്കാരെ വിളിച്ച് ഈശോ പറയുന്നതുപോലെ പ്രവർത്തിക്കാൻ നിർദ്ദേശിച്ചു.

"പോൾ! എന്താ പിറുപിറുക്കുന്നതു്?"

"ഒരു സംശയം. ഈശോ അമ്മയെ അമ്മ എന്നു വിളിക്കാതെ "സ്ത്രീയെ" എന്നു വിളിച്ചതെന്തുകൊണ്ടാ?"

"ഒടുവിൽപറയാം. സംഭവം തീരട്ടെ. അതിഥികളുടെ കൈകാലുകൾ കഴുകുന്നതിനായി വെള്ളം നിറയ്ക്കാനുള്ള 6 കൽഭരണികൾ അവിടെ ഇരിക്കുന്നതു ഈശോ കണ്ടു. അവിടുത്തെ ആജ്ഞയനുസരിച്ച് അവർ അവയിൽ വെള്ളം നിറച്ചു; വക്കുവരെ. "ഇനി കോരിയെടുത്തു വിരുന്നിന്റെ പ്രധാന പരിചാരകനുകൊണ്ടുപോയികൊടുക്കുക." ഈശോ അരുളിച്ചെയ്തു.

അയാൾ അതു രുചിച്ചുനോക്കി. വളരെ രസം. ആദ്യം വിളമ്പിയതിനെക്കാൾ പതിന്മടങ്ങു് നല്ലതു്. അതെവിടെ കിട്ടിയെന്നു അയാൾ അറിഞ്ഞില്ല. ഉടനെ വരനെ വരുത്തി ഒരു താക്കീതുകൊടുത്തു. "എല്ലാവരും ആദ്യമാദ്യം നല്ലവീഞ്ഞുകൊടുക്കും. കുടിച്ച് ഒരു വിധമാകുമ്പോൾ മോശമായതും. എന്നാൽ നിങ്ങൾ നല്ലതു് ഇതേവരെ പാകത്തുവെച്ചിരുന്നല്ലൊ?"

അങ്ങനെ താഴ്ന്നതരം വീഞ്ഞുപോലും വാങ്ങിക്കുന്നതിനു നിവൃത്തിയില്ലാതിരുന്ന ആ വധൂവരന്മാരുടെ അഭിമാനം "പുത്തൻവീഞ്ഞി"നാൽ സംരക്ഷിക്കപ്പെട്ടു.

ഇനി പോളിന്റെ സംശയം തീർക്കാം. ഈശോ മറിയത്തെ അമ്മയെന്നുവിളിച്ചില്ല. സ്ത്രീയെന്നുവിളിച്ചു. ഉത്തമ മകനു യോജിച്ചതാണോ അതു്? അതാണ് പ്രശ്നം. പലരും അങ്ങനെ ചോദിച്ചിട്ടുണ്ട്. ഈ കാരണത്താൽ ഈശോയ്ക്കു് മറിയത്തിനോടു സ്നേഹമില്ല. മറിയം ദൈവമാതാവല്ല, മാതാവിന്റെ മാദ്ധ്യസ്ഥത്തിനു വിലയില്ല എന്നൊക്കെ പ്രോട്ടസ്റ്റൻറുകാർ വാദിക്കുന്നു. എന്താ, കൊള്ളാമോ? പോൾ!"

"ആ വാദം ഒരിക്കലും ശരിയല്ല. പരിശുദ്ധമറിയത്തിന്റെ ആഗ്രഹമനുസരിച്ചാണ്, തന്റെ സമയമായിട്ടില്ലെന്നു പറഞ്ഞിട്ടുകൂടെയും, ഈശോ അത്ഭുതം പ്രവർത്തിച്ചതു്. സ്ത്രീയെന്നു വിളിക്കാൻ പ്രത്യേകം കാരണം കാണും. അതെന്താണെന്നേ എനിക്കറിയേണ്ടു."

"എന്താ, ലീലാമ്മ എഴുന്നേററു നില്ക്കുന്നതു്?"

"എനിക്കും ഒരു സംശയമുണ്ട്. എനിക്കും നിനക്കും എന്തു്? എന്നല്ലേ ഈശോ പറഞ്ഞതു്. അതിനു, നമുക്കെന്തുകാര്യം എന്നു അർത്ഥംവരാം. അല്ലെങ്കിൽ എന്നെക്കൊണ്ടു് ആവുന്നതു് നിന്നെക്കൊണ്ടും ആവും എന്നുംവരാം അർത്ഥം. ഏതർത്ഥമാണ് കൂടുതൽ യോജിക്കുക?"

"ഭേഷ്! നിങ്ങൾ ആലോചിച്ച്, ശ്രദ്ധിച്ച് പാഠങ്ങൾ പഠിക്കുന്നുണ്ടെന്നു കാണുന്നതു് സന്തോഷംതന്നെ. പോളിന്റെ സംശയത്തിന് നിവാരണമുണ്ടാകട്ടെ. അതാണ് പ്രാധാന്യമർഹിക്കുന്നതു്.

"മാതൃഭാഷയിൽ നാം അമ്മയെ "സ്ത്രീയെ" എന്നു വിളിച്ചാൽ തല്ലുകൊള്ളും. അതു അനാദരമാണ്. എന്നാൽ ഈശോ

## അറിയിപ്പ്

കെ. ജെ. ജോസഫ്, കീഴക്കെമുറിയിൽ അവർകളെ പുളിക്കൽ കവല ഏജൻറായി നിയമിച്ചിരിക്കുന്നു.

മാനേജർ, സത്യദീപം

തന്റെ മാതൃഭാഷയിൽ—കൽദായ സുറിയാനിയിൽ ഉപയോഗിച്ച പദം ബഹുമാനസൂചകമാണ്. രാജ്ഞികളെപ്പോലും അഭിസംബോധനചെയ്യാൻ ഉപയോഗിക്കുന്നതാണ്. അതു അനാദരത്തെ കാണിക്കുന്നതല്ല. ബ്രാഹ്മണന്മാർ "എടി" യെന്നു അമ്മമാരെ വിളിക്കുമത്രെ. നമുക്കതു അരോചകമായി തോന്നുന്നു. എന്നാൽ അവരുടെ ഇടയിൽ ആദരത്തെയാണ് അതു് കാണിക്കുന്നതു്.

"സ്ത്രീശബ്ദം ഉപയോഗിക്കാൻ പോൾ വിചാരിക്കുന്നതുപോലെ ഒരു പ്രത്യേകകാരണമുണ്ടു്. പറുദീസായിൽവെച്ച് സ്ത്രീയെ ശപിച്ചപ്പോൾതന്നെ (അവളോടായി ഒരനുഗ്രഹവാക്യം) പിശാചിനോടു ശാപവാക്യം—ദൈവം അരുളിച്ചെയ്യുകയുണ്ടായല്ലോ. "നിനക്കും സ്ത്രീക്കും തമ്മിലും, നിന്റെ സന്തതിക്കും സ്ത്രീയുടെ സന്തതിക്കും തമ്മിലും ഞാൻ ശത്രുതവെക്കും. അവൾ നിന്റെ തലയെ തകർക്കും."

ഈ വാഗ്ദാനത്തെ ഈശോ മറിയത്തിനെ സ്ത്രീയെ എന്നു വിളിച്ചുകൊണ്ടു് ഓർമ്മപ്പെടുത്തുകയാണ് ചെയ്തതെന്നു വിചാരിക്കണം. ഈശോയുടെ ദൈവികശക്തിയിലുള്ള വിശ്വാസം മറിയം തന്റെ അപേക്ഷയാൽ പ്രകടമാക്കി. മറിയത്തിനുള്ള ദൈവദത്തമായ ശക്തിയെ ഈശോ അനുസ്മരിച്ചു. അത്രയെ ഉള്ളു. അതിനാൽ ലീലാമ്മപറഞ്ഞ രണ്ടാമത്തെ അർത്ഥം കൂടുതൽ സ്വീകാര്യമായിരിക്കുന്നു. കുരിശിൽ കിടന്നപ്പോഴും അമ്മയെ "സ്ത്രീ" എന്നാണ് വിളിച്ചതു്. ഈശോ വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകൻ! പരിശുദ്ധമറിയം വാഗ്ദാനം ചെയ്യപ്പെട്ട "സ്ത്രീ!" അതുകൊണ്ടു് "സ്ത്രീ" എന്ന സ്ഥാനപ്പേരു് കൂടുതൽ അന്വർത്ഥമായിരിക്കുന്നു. ഈ സ്ത്രീയുടെ ആനുകൂല്യം നാം സമ്പാദിച്ചാൽ ദൈവവരപ്രസാദമാകുന്ന വീഞ്ഞു നമുക്കു വേണ്ടുവോളം ലഭിക്കും!

സ്വന്തം കൊച്ചച്ചൻ.

Strive to See
A Streak of
Sunlight
in your Cloudy Days.

By Banking with your own Bank
The Catholic Bank of India Ltd.
(Estd. in 1938)
H. O Changanacherry, S. India.

Branches:- Alleppey, Athirampuzha, Calicut, Changanacherry, Edathua, Kanjirapally, Kottayam, Manimala and Trivandrum

Fixed Deposits and Savings Bank Accounts are accepted on attractive rates of Interest from 3% to 5½ %. For further particulars apply to our Head Office or Branches.

# റഷ്യൻ തൊഴിലാളികളുടെ നരകയാതനകൾ

(മോറിസ് മാനിംഗ്)

ഈവർഷത്തിൽ ആദ്യത്തെ ആറുമാസത്തിനകത്തു് 1,288 അംഗങ്ങൾ പങ്കെടുത്ത 111 പ്രതിനിധിസംഘങ്ങളെ റഷ്യ വിദേശങ്ങളിലേക്കയച്ചിട്ടുണ്ട്. അടുത്ത കാലത്തു എം. മാലിക്ക്, മോസ്കോയിൽ വച്ചു വെളിപ്പെടുത്തിയതാണ് ഈ കണക്കു്.

ഇവയിൽ അധികവും വിവിധവ്യവസായങ്ങളെ പ്രതിനിധീകരിക്കുന്നതും ചുരുക്കം തൊഴിലാളിസംഘടനാപ്രതിനിധികൾ അടങ്ങിയതും ആയിരുന്നു.

ഈ പര്യടനങ്ങൾക്കുശേഷം റഷ്യയിൽ തിരിച്ചെത്തുന്ന പ്രതിനിധിസംഘത്തിലെ അംഗങ്ങൾ, വിദേശങ്ങളിൽ അവർ കണ്ടതും റഷ്യയിൽ നിലവിലിരിക്കുന്നതുമായ പ്രവർത്തനങ്ങളെ താരതമ്യപഠനം നടത്തി റഷ്യൻജീവിതം മെച്ചമാണെന്നു കാണിക്കുവാൻ ശ്രമിക്കുന്ന പ്രക്ഷേപണപരിപാടികൾ നടത്തുക പതിവാണ്. അടുത്തകാലത്തു ബ്രിട്ടനിൽനിന്നും മടങ്ങിയ ഒരു റഷ്യൻഖനനതൊഴിലാളി തന്റെ അനുഭവങ്ങൾ വർണ്ണിക്കയുണ്ടായി.

ഒരു ഖനിജോലിക്കാരൻ എന്ന നിലയിൽ ബ്രിട്ടനിലെ ഖനനവൃത്തിയേയും തൊഴിലാളികളുടെ ജീവിതരീതിയേയും അദ്ദേഹം വിവരിച്ചു. റഷ്യൻ ശ്രോതാക്കളോടായിട്ടു സ്കോട്ട്ലൻഡിലെ ഖനിജീവികളെപ്പററി ഇങ്ങനെ പറഞ്ഞു: "ഞാൻ പോയിടത്തെല്ലാം തൊഴിലാളികൾ ഒരേവിധം ദുരിതമനുഭവിക്കുന്നതായിട്ടാണു കണ്ടതു്."

അവിടെ കൽക്കരിഖനിയിൽ ജോലി ചെയ്യുന്ന ഒരു തൊഴിലാളിക്കു് ആഴ്ചയിൽ ലഭിക്കുന്നകൂലി ആറുപവനാണ്. അതുകൊണ്ടു് അയാളുടെ ചെലവു നടക്കുന്നില്ല. ഭക്ഷണസാധനങ്ങൾക്കും, തുണിത്തരങ്ങൾക്കും മററു അവശ്യവസ്തുക്കൾക്കും അത്രമാത്രം വിലകൂടിയിട്ടുണ്ട്. ഇവ കണ്ടശേഷം ഡോണെററു് സുബേസിനിലെ തന്റെ ഖനിയിൽ തിരിച്ചെത്തിയതു് ഒരു ദീർഘനിശ്വാസത്തോടെ ആണെന്നു് ആ തൊഴിലാളി എടുത്തുപറയുന്നു.

ആ ദീർഘനിശ്വാസത്തിനു കാരണമാക്കിയ വസ്തുത എന്താണ്?

സെറൊനെററു് സുബേസിനിൽ നിലവിലുള്ള പഞ്ചവത്സരപദ്ധതി അനുസരിച്ചു ഒരു തൊഴിലാളിക്കു പ്രതിമാസം 600 റൂബിളാണു ലഭിക്കുന്നതു്. അതേ അവസരത്തിൽ ഒരു ബ്രിട്ടീഷ് തൊഴിലാളിയുടെ പ്രതിമാസവേതനം 24 പവനാണ്. ഇപ്രകാരം ഒരു കണക്കു പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. ഈ രണ്ടു തുകകളും അതതുരാജ്യങ്ങളിൽ ഭക്ഷണവും വസ്ത്രവും മററു വസ്തുക്കളുമായി രൂപാന്തരപ്പെടുത്തിക്കഴിഞ്ഞാൽമാത്രമേ അവയുടെ വിലകല്പിക്കുവാൻ നിവൃത്തിയുള്ളു.

തൊഴിലാളികൾ ബ്രിട്ടനിൽ ദുരിതപ്പെടുന്നതായി പറയുന്ന സോവ്യററു തൊഴിലാളിപ്രതിനിധി അരമണിക്കൂർ എല്ലുമുറിയെ പണിയെടുത്താലേ അരക്കഷണം അപ്പത്തിനുള്ള വക കിട്ടുകയുള്ളുവെന്ന വസ്തുത മറച്ചുവയ്ക്കുന്നു. അതേ അവസരത്തിൽ ഒരു ബ്രിട്ടീഷ് തൊഴിലാളി പത്തുമിനിട്ടുനേരത്തെ പണിയുടെ പ്രതിഫലംകൊണ്ടു അത്രയും റൊട്ടി വാങ്ങുന്നു.

രണ്ടുരാജ്യങ്ങളിലും റൊട്ടി ഒരു പ്രധാനഭക്ഷണമാണ്. ഈ ഒരു ഉദാഹരണംകൊണ്ടുമാത്രം റഷ്യയിലെ ഖനിത്തൊഴിലാളി, ബ്രിട്ടനിലേയോ ഇരുമ്പുയവനികയ്ക്കു പുറത്തു മററു രാജ്യത്തിലേയോ തൊഴിലാളികളെക്കാൾ ദുരിതമനുഭവിക്കുന്നു എന്നു പറയുന്നതു യുക്തമായിരിക്കയില്ല. അതിനാൽ മററു ചില ഉദാഹരണങ്ങൾകൂടി നമുക്കു പരിശോധിക്കാം.

റഷ്യയിൽ ഖനിത്തൊഴിലാളി എട്ടു മണിക്കൂർ ജോലിചെയ്തുവാങ്ങുന്ന കൂലി രണ്ടു റാത്തൽ ഇറച്ചിക്കു വേണ്ടിവരുന്നു. എന്നാൽ ബ്രിട്ടീഷ് തൊഴിലാളി ഒരു മണിക്കൂറിൽ അല്പം കൂടുതലും ഫ്റഞ്ച് തൊഴിലാളി രണ്ടു മണിക്കൂറും പണിയെടുത്താൽ ഇത്രയും ഇറച്ചി വാങ്ങാനുള്ള വക ലഭിക്കുന്നു. രണ്ടുറാത്തൽ ഉരുളൻകിഴങ്ങിനു റഷ്യയിൽ അരമണിക്കൂർ പണിയെടുക്കേണ്ടിവരുമ്പോൾ ബ്രിട്ടനിൽ ഒരു തൊഴിലാളിക്കു ഖനികളിൽ ഏഴുമിനിട്ടുനേരത്തെ പ്രയത്നഫലം മതിയാകും ഇത്രയും കിഴങ്ങു വാങ്ങുവാൻ.

വസ്ത്രങ്ങളുടെ കാര്യത്തിലും അനുഭവം ഇതുതന്നെയാണ്. സോവ്യററു ഖനിത്തൊഴിലാളിക്കു ഒരു ജോഡി പുതിയ ചെരുപ്പുവാങ്ങാൻ 80 മണിക്കൂർ ഖനികളിൽ പണിയെടുക്കേണ്ടിവരുമ്പോൾ ബ്രിട്ടനിൽ 15 മണിക്കൂർ ജോലിചെയ്യുന്നതിന്റെ പ്രതിഫലംകൊണ്ടു ഇതു വാങ്ങാവുന്നതായിരിക്കും. റഷ്യൻ തൊഴിലാളി തന്റെ ഭാര്യയ്ക്കു ഒരു പുതിയ ഉടുപ്പു ഉണ്ടാക്കുന്നതിനു 42 മണിക്കൂറുകൾ ബദ്ധപ്പെടുന്നതിന്റെ പ്രതിഫലം വിനിയോഗിക്കേണ്ടിവരുമ്പോൾ ബ്രിട്ടനിൽ ഇതിലേക്കു 21 മണിക്കൂറും ഇററലിയിൽ 14 മണിക്കൂറും ജോലിചെയ്താൽ മതിയാകും.

ഇവമാത്രമല്ല; ഇത്തരം വ്യത്യാസങ്ങൾ വ്യക്തമായി കാണിക്കാൻ എത്രയെത്ര ഉദാഹരണങ്ങൾ വേണമെങ്കിലും എടുത്തു പറയാവുന്നതാണ്. ലോകത്തിൽ മറെറവിടെയും ഒരു തൊഴിലാളി ചെയ്യുന്നതിൽ വളരെക്കൂടുതൽ ഒരു റഷ്യൻതൊഴിലാളി തന്റെ ജീവിതാവശ്യങ്ങൾക്കു ബദ്ധപ്പെടണം. ഇംഗ്ലണ്ടുസന്ദർശനത്തിനുശേഷം ഡൊണെററു് സുബേസിനിൽ തിരിച്ചെത്തിയ തൊഴിലാളിക്കുണ്ടായ ദീർഘനിശ്വാസം വെറും നിരാശയുടെ ദീർഘനിശ്വാസമായിരുന്നു എന്നാണ് യഥാർത്ഥത്തിൽ ധരിക്കേണ്ടതു്.

# വിമർശനവീഥി

## ആധുനികചൈനയിലേക്കു് റഷ്യാക്കാരുടെ പ്രവാഹം

ചൈനയിലെ ഇൻഡ്യൻ സ്ഥാനപതിയായ സർദാർ പണിക്കർ "ചൈന റഷ്യയുടെ ഉപഗ്രഹമാണെന്ന ആരോപണത്തെ ശക്തിയുക്തം നിഷേധിച്ചതു" വസ്തുസ്ഥിതിക്കു് യോജിച്ചതല്ലെന്നു തെളിയിക്കാൻ ചൈനയിലെ ഭരണകർത്താവായ മാവോ സെ ടുംഗിന്റെയും മറ്റു ചില ചൈനീസ് രാജ്യതന്ത്രജ്ഞന്മാരുടേയും സാക്ഷ്യങ്ങൾതന്നെ ഞങ്ങൾ കഴിഞ്ഞ ലേഖനത്തിൽ ഉദ്ധരിച്ചിരുന്നല്ലോ. അനിഷേധ്യങ്ങളായ ഏതാനും ചില വസ്തുതകളുംകൂടി ചൂണ്ടിക്കാണിക്കാം.

### രഹസ്യ ഉടമ്പടി

മാവോയും സ്റ്റാലിനും തമ്മിലുള്ള സഖ്യത്തിന്റെ പ്രധാനമർമ്മമാണ് 1950 ഫെബ്രുവരി 12-ാം-നു മോസ്കോയിൽ വച്ചു് ഒപ്പിട്ട രഹസ്യഉടമ്പടി. രണ്ടു രാജ്യങ്ങളിലേയും സർവ്വാധികാരപ്രതിനിധികളായി ഒപ്പുവച്ചതു് ചൈനയിലെ വിദേശകാര്യമന്ത്രി ചൂഎൻലായിയും റഷ്യയിലെ വിദേശകാര്യമന്ത്രി ആൻഡ്റെ വിഷിൻസ്കിയുമാണ്. ഉടമ്പടിയുടെ ഇംഗ്ലീഷ് തർജ്ജിമകൾ ചൈനയിൽനിന്നു ചോർന്നുപോയതിൽ കാണുന്ന വ്യവസ്ഥകൾ ഇതൊക്കെയാണ്. 1 ചൈനീസ് പീപ്പിൾസ് റിപ്പബ്ലിക്കിലെ ജനസംഖ്യ, അവിടത്തെ ജീവിതവിഭവങ്ങളുടെ ഇപ്പോഴത്തെ കുറവുനിമിത്തം, 1000 ലക്ഷം കുറയ്ക്കണം. 2 സാമ്രാജ്യത്വപരമായ പ്രവർത്തനങ്ങളേയും ആക്രമണത്തേയും നേരിടുവാൻവേണ്ടി" സിനോ-സോവ്യറ്റ് സൈനികസ്ഥാപനങ്ങൾ നിർമ്മിക്കുന്നതിൽ സോവ്യറ്റ് റഷ്യയെ സഹായിക്കുവാൻ 100 ലക്ഷം ചൈനീസ് വേലക്കാരെ ഏല്പിക്കുന്നതിനു് ചൈനീസ് പീപ്പിൾസ് റിപ്പബ്ലിക്ക് ചുമതലയേൽക്കണം. 3 ചൈനീസ് പീപ്പിൾസ് വിമോചനസൈന്യത്തെ സാർവദേശീയ കമ്മ്യൂണിസ്റ്റ് സൈന്യമായി പുനഃസംഘടിപ്പിക്കുവാനും അവരെ ചെമ്പടയുടെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വയ്ക്കുവാനും ഉഭയകക്ഷികൾ സമ്മതിക്കുന്നു. 4 "ഒരുമിച്ചുനിന്നു് സാമ്രാജ്യത്വപരമായ ആക്രമണങ്ങളെ തടയുകയും മൂന്നാംലോകമഹായുദ്ധത്തെ നേരിടുകയും ചെയ്യുവാൻവേണ്ടി," "ലോകസമാധാനത്തെ ഒരുമിച്ചുനിന്നു സംരക്ഷിക്കണ"മെന്നുള്ള ലക്ഷ്യത്തോടുകൂടി ചൈനയുടെ അതിർത്തികൾക്കുള്ളിൽ സൈന്യങ്ങളെ നിർത്തുവാൻ യു. എസ്. എസ്. ആറിനെ ചൈനീസ് പീപ്പിൾസ് റിപ്പബ്ലിക്ക് അനുവദിക്കുമെന്നു് ഉഭയകക്ഷികളും സമ്മതിക്കുന്നു. 5 "സാമ്രാജ്യത്വപരമായ ആക്രമണത്തെ" നേരിടുവാൻ സന്നദ്ധമാകത്തക്ക വിധത്തിൽ, ഈക്കൊല്ലം (1950) അവസാനത്തിനുമുമ്പു് ചൈനീസ് പീപ്പിൾസ് റിപ്പബ്ലിക്ക് പട്ടാളക്കാരുടെ സംഖ്യ 40 ലക്ഷംകൂടി ചേർത്തു് വർദ്ധിപ്പിക്കുന്നതാണ്. 6 ചൈനീസ് പീപ്പിൾസ് റിപ്പബ്ലിക്കിന്റെ അതിർത്തിക്കുള്ളിൽ യു. എസ്. എസ്. ആറിൽനിന്നുവരുന്ന കുടിയേറ്റക്കാർക്കു വസിക്കുവാനുള്ള കേന്ദ്രഡിസ്ട്രിക്റ്റുകളായിരിക്കാൻ Peipang, Tientsin, Shinghai, Kwangchow, Changsha, Haugchow, Kui-kan, Chungking, Puhu, Amoy Swatow, and Foochow എന്നീ പട്ടണങ്ങളെ തിരിച്ചുവയ്ക്കണം.

രഹസ്യഉടമ്പടിയിലെ ഈ വ്യവസ്ഥകൾക്കു് വല്ല അർത്ഥവുമുണ്ടെങ്കിൽ അതു് കമ്മ്യൂണിസ്റ്റ്ചൈന സോവ്യറ്റ്റഷ്യയുടെ ഉപഗ്രഹമാണെന്നു് ഉഭയകക്ഷികളും സമ്മതിക്കുന്നുണ്ടെന്നല്ലയോ?

### റഷ്യാക്കാരുടെ നുഴഞ്ഞുകയറ്റം

റഷ്യൻ ദേശീയക്കാർ കമ്മ്യൂണിസ്റ്റ് ചൈനയിൽ നുഴഞ്ഞുകയറി ആ രാജ്യത്തിന്റെ പല ഭാഗങ്ങളും യു. എസ്. എസ്. ആറിന്റെ വിധേയത്വത്തിൽ വിളംബരമെന്യേ കൊണ്ടുവരികയാണ്. സാങ്കേതികഉപദേഷ്ടാക്കൾ, സിവിക് ഭരണകർത്താക്കൾ, പാർട്ടിസംഘടന രൂപീകരിക്കുന്നവർ, പ്രചരണവിദഗ്ദ്ധന്മാർ, രഹസ്യപ്പോലീസ് എന്നിവരെ ചൈനയിൽ സ്വീകരിക്കണമെന്നു് സോവ്യറ്റുകാർ നിർബന്ധിക്കുന്നു. ഇവരെല്ലാം തിരശ്ശീലയ്ക്കു പുറകിലുള്ള ഉപദേഷ്ടാക്കന്മാരായി വർത്തിക്കുകയും ചൈനയെ പാർട്ടിപദ്ധതിയനുസരിച്ചു നിർബന്ധപൂർവ്വം കരുപ്പിടിപ്പിക്കുകയുമാണു് ചെയ്യുന്നതു്. റഷ്യൻ രഹസ്യപ്പോലീസിന്റെ ശുദ്ധികർമ്മസമ്പ്രദായങ്ങൾ ചൈനീസ് കമ്മ്യൂണിസ്റ്റുകാരെ പ്രായോഗികമായി പഠിപ്പിക്കുവാൻ 5000 റഷ്യാക്കാർ മദ്ധ്യചൈനയിലെ ഹൂനാൻപ്രോവിൻസിൽ വന്നുചേർന്നെന്നു് കഴിഞ്ഞ മാർച്ച് 5-ാം തിയതി റിപ്പോർട്ടുകണ്ടു. ചൈനയിലെ ആഭ്യന്തരമായ സകല എതിർപ്പുകളേയും നിശ്ശേഷണം തകർക്കുവാനാണ് സോവ്യറ്റുറഷ്യ ആഗ്രഹിക്കുന്നതു്. ചൈനീസ് കമ്മ്യൂണിസ്റ്റുകൾക്കു് ശുദ്ധിപ്രസ്ഥാനത്തിന്റെ സാങ്കേതികവശങ്ങൾ പഠിക്കാനാവശ്യമുണ്ടെന്നു് മോസ്കോ വിചാരിക്കുന്നു. റഷ്യയിലെപ്പോലെ ചൈനയിലും നിലവിലിരിക്കുന്ന ഭരണത്തെ ഫലപ്രദമായി എതിർക്കുക അസാദ്ധ്യമാക്കണമെന്നാണ് ഉദ്ദേശം. ഈ വിഷയത്തിൽ രണ്ടുകൊല്ലംകൊണ്ടു് ചൈനയെ സോവ്യറ്റുമയമാക്കാൻ സാധിക്കുമെന്നു് റഷ്യാക്കാർ വിശ്വസിക്കുന്നു. ഈ ശുദ്ധികർമ്മപ്രസ്ഥാനം മാവോ സെ ടുംഗ് ജന്മമെടുത്ത ഹൂനാൻ പ്രോവിൻസിൽ തുടങ്ങുകയും മറ്റു പ്രോവിൻസുകളിലേക്കു ക്രമേണ വ്യാപിപ്പിക്കുകയും ചെയ്യുവാനാണ് നിശ്ചയിച്ചിരിക്കുന്നതു്."

മാവോയുടെമേൽ റഷ്യക്കുള്ള സ്വാധീനശക്തിയുടെ ഒന്നാംതരം ദൃഷ്ടാന്തമായി ഏറ്റവും പഴമപരിചയമുള്ള നിരീക്ഷകന്മാർ കാണുന്നതു് കൊറിയൻയുദ്ധത്തിൽ ചൈനാക്കാർ ചെന്നുചാടിയതാണ്. മറ്റു പല അടയാളങ്ങളും ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ടു്. കഴിഞ്ഞ ഡിസംബറിൽ കന്റോണിലുള്ള കമ്മ്യൂണിസ്റ്റുകാരെ ഗതാഗതസംബന്ധമായി സഹായിക്കുവാൻ, എത്രയെന്നു് ഇനിയും പരസ്യമായിട്ടില്ലാത്ത, റഷ്യൻ കപ്പലുകൾ ആ തുറമുഖത്തു വന്നിരുന്നു. യു. എസ്. എസ്. ആർ. ചൈനയിലെ സിങ്കിയാംഗു പ്രോവിൻസിൽ ഒരു ആറ്റംബോംബു് പ്ലാന്റ് പണിചെയ്യുവാൻ തുടങ്ങിയിരിക്കുകയാണെന്നു് കഴിഞ്ഞ ഏപ്രിലിലും മേയിലും ചൈനയിൽത്തന്നെ കിംവദന്തികളുണ്ടായിരുന്നു. അപ്രത്യക്ഷപ്പെട്ട ഇറ്റാലിയൻ ആറ്റമിക് ശാസ്ത്രജ്ഞനായ പോൺട്ടേകോർവോ സിങ്കിയാംഗിന്റെ തലസ്ഥാനത്തു് ഈ പണി സംബന്ധിച്ചു് ചെന്നിരുന്നുവത്രേ.

ചൈനീസ് കമ്മ്യൂണിസത്തിന്റെ മേലധികാരം വഹിക്കുന്നതു് പീപ്പിംഗിലുള്ള സോവ്യറ്റ്സ്ഥാനപതിമന്ദിരമാണെന്നു് ചൈനാക്കാര്യങ്ങളെപ്പറ്റി നല്ല അറിവുള്ള ഒരു ചൈനാക്കാരൻ പറയുന്നു. റഷ്യാക്കാരുടെ എണ്ണം ചൈനയിൽ അടിക്കടി വർദ്ധിക്കുന്നുണ്ടെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അവർക്കു് ഇനിമേലിൽ പുറത്തുകാണപ്പെടാതിരിക്കാൻ നിവൃത്തിയില്ലാതായിട്ടുണ്ടു്. വളരെ അകലത്തിലുള്ള പ്രദേശങ്ങൾതോറും വസിച്ചുകൊണ്ടു് അവർ ആ വിദ്യ ആദ്യം പരീക്ഷിച്ചുനോക്കി. ഇപ്പോഴാകട്ടെ എല്ലാ പബ്ലിക് വാഹനങ്ങളിലും അവർ ഒന്നാംക്ലാസ്സിൽ യാത്രചെയ്യുന്നു. ഒന്നാംതരം ഭക്ഷണവും കുടിസാധനവും വസ്ത്രവും ധാരാളം അവർക്കു നൽകുന്നു. അവർ സാങ്കേതികവിദഗ്ദ്ധന്മാരാണ്. പലപ്പോഴും ഭരണംനിർവഹിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു് ഉപദേഷ്ടാക്കളായും വർത്തിക്കുന്നുണ്ടു്. "ആകയാൽ സ്റ്റാലിന്റെ സൈഡുകളിൽനിന്നുകൊണ്ടു് റഷ്യാക്കാർ ചൈനയിലെ രാഷ്ട്രീയവും സാമ്പത്തികവുമായ പ്രവർത്തനങ്ങളെ ഫലപ്രദമായും വർദ്ധമാനമായും നിയന്ത്രിക്കുകയാണ്" എന്നു് ആ ചൈനീസ് നിരീക്ഷകൻ പ്രസ്താവിച്ചു.

### മാവോ വേറൊരു ടിറ്റോ അല്ല

ചൈനീസ് ചെമ്പട 1950 ആഗസ്റ്റ് ഒന്നാം തിയതി അതിന്റെ ഇരുപതാം വാർഷികം ആഘോഷിക്കുകയുണ്ടായി. ചിയാംഗ് കൈഷക്കിന്റെ കീഴിലുണ്ടായിരുന്ന ദേശീയവിപ്ലവസൈന്യത്തിന്റെ ഒരംശമായ മുമ്പിലത്തെ സൈന്യത്തിൽനിന്നു് വേർപെട്ടതും സ്വതന്ത്രവുമാണ് ഈ ചെമ്പട. ഒരു വർഷം മുമ്പു് അവർ പറഞ്ഞു, അതിൽ 40 ലക്ഷം ആളുകളുണ്ടെന്നു്. 1950 ആഗസ്റ്റിലാകട്ടെ 50 ലക്ഷം ഉണ്ടെന്നാണ് അവകാശവാദം ചെയ്തതു്. 50 ലക്ഷം ആളുകളുള്ള ഒരു സൈന്യത്തെ തീറ്റിപ്പോറ്റാനും അതിനു് ആയുധസജ്ജീകരണങ്ങൾ നൽകാനും പോകുന്നതു് ആരാണ്? തീർച്ചയായും യുണൈറ്റഡ് സ്റ്റേറ്റ്സ് അല്ല; ബ്രിട്ടീഷ് കോമൺവെൽത്തുമല്ല. ചൈനാക്കാർ തനിയേ അതു ചെയ്യണമെങ്കിൽ മഞ്ചൂറിയായിലെ വ്യവസായങ്ങളെ അവർ ആശ്രയിക്കേണ്ടിവരും. ഏഷ്യാ മുഴുവനിലും വച്ചു് ഏറ്റവുമധികം വ്യവസായികരിക്കപ്പെട്ട പ്രദേശം മഞ്ചൂറിയായാണ്. എന്നാൽ മഞ്ചൂറിയാ റഷ്യയുടെ പരിപൂർണ്ണ നിയന്ത്രണത്തിലാണിരിക്കുന്നതു്.

Church Distribution
Pictures and Calendars

ഭക്തിപരമായ ചെറിയ പടങ്ങൾ, ചരമവാർഷിക പടങ്ങൾ എല്ലാതരങ്ങളും—കട്ടിയുള്ള ആർട്ടുപേപ്പറിൽ ഭംഗിയുള്ള നിറങ്ങളിൽ അച്ചടിച്ചിട്ടുള്ളതു്.

പ്രഥമദിവ്യകാരുണ്യസ്വീകരണ സ്മാരകങ്ങൾ, വിവിധവലിപ്പത്തിലുള്ള ഫാത്തിമാചിത്രങ്ങൾ — കുറഞ്ഞ വിലനിരക്കു്.

1952-ലെ ഫാത്തിമാകലണ്ടറുകൾ—വില 100 ക്കു് 40 ക. യും 16 ക. യും.

65തരം ചെറിയചിത്രങ്ങളുടെ സൗജന്യക്യാറ്റ്ലോഗിനു് 1 ക. 4 ണ. ക്കു് തപാൽ സ്റ്റാമ്പയക്കുക.

എഴുത്തുകൾ ഇംഗ്ലീഷിൽമാത്രം

Fatima Publications,
58/3 Dubash Chambers,
Kumpta Street, Ballard Estate
Bombay 1

തെക്കുകിഴക്കേ യൂറോപ്പിൽ റഷ്യയുടെ ഉപഗ്രഹങ്ങളായിത്തീർന്ന രാജ്യങ്ങളിൽ ടിറ്റോയുടെ കീഴിലുള്ള യൂഗോസ്ലാവിയാ സ്റ്റാലിന്റെ താളത്തിനു തുള്ളാതെ സ്വതന്ത്രയായിരിക്കുകയും റഷ്യയുടെ ഏതു ഭീഷണിയേയും നേരിടാൻ തയാറായിരിക്കുകയും ചെയ്യുന്നതുപോലെ; മാവോയുടെ കീഴിലുള്ള കമ്മ്യൂണിസ്റ്റ്ചൈനായും സ്വതന്ത്രമായി നിലകൊള്ളുമെന്നാണ് ചില ചൈനാപ്രണയികളുടെ വിചാരം. എന്നാൽ ഇതു വെറും വ്യാമോഹമാണെന്നു് വസ്തുസ്ഥിതി തെളിയിക്കുന്നു. യൂഗോസ്ലാവിയാ താരതമ്യേന ചെറിയ കമ്മ്യൂണിസ്റ്റ്‌രാജ്യമാണെങ്കിലും അതു് റഷ്യയോടു തൊട്ടല്ല കിടക്കുന്നതു്. ആകയാൽ റഷ്യക്കു് അവരെ വലയം ചെയ്യാനും ആക്രമിക്കാനും അത്ര എളുപ്പമല്ല. അഥവാ റഷ്യ ആക്രമണത്തിനു് ഒരുങ്ങുന്നപക്ഷം അതിനെ നേരിടുവാൻ തക്കവണ്ണം ടിറ്റോ പാശ്ചാത്യശക്തികളുടെ പ്രത്യേകിച്ചും യു. എസ്. എ. യുടെ സമ്പർക്കവും സഹായവും തേടിക്കൊണ്ടാണിരിക്കുന്നതു്. ഇതിനു നേരെ വിപരീതമാണ് കമ്മ്യൂണിസ്റ്റ്ചൈനയുടെ സ്ഥിതി. അവർ പാശ്ചാത്യരാജ്യങ്ങളുമായുള്ള സകല ബന്ധങ്ങളും മുറിച്ചുകൊണ്ടിരിക്കുകയാണ്. കൊറിയയിൽ യു. എസ്. എ. യുടെ നേതൃത്വത്തിലുള്ള യുദ്ധത്തിൽ എതിർപക്ഷം ചേർന്നു് സമരം ചെയ്യുകയുമാണ്. ആകയാൽ റഷ്യയുടെ എതിരായ ഇടപെടലിനേയും ആക്രമണത്തേയും തടുക്കാൻ പാശ്ചാത്യശക്തികളിൽനിന്നു് യാതൊരു സഹായവും കമ്മ്യൂണിസ്റ്റ്ചൈനയ്ക്കു ലഭിക്കുകയില്ല. ഭൂപടം നോക്കിയാൽ കാണാം, ചൈനയുടെ പല ഭാഗങ്ങളും റഷ്യൻ സാമ്രാജ്യത്തോടു് തൊട്ടുകിടക്കുകയാണെന്നു്. റഷ്യൻപട്ടാളം മഞ്ചൂറിയായുടെ അതിർത്തിയിലുണ്ടു്. കൊറിയൻ അതിർത്തിയിലുമുണ്ടു്. പോർട്ട് ആർതർ എന്ന ഏറ്റവും നല്ല കപ്പൽപ്പടത്താവളം റഷ്യൻസൈന്യത്തിന്റെ പിടിയിലാണ്. ഷാംപ്റാങ്ങിലുള്ള മറ്റൊരു കപ്പൽപ്പടത്താവളമായ ചേഫോവും റഷ്യൻ നിയന്ത്രണത്തിലാണ്. വടക്കേചൈനയിലെ ഏറ്റവും നല്ല കപ്പൽപ്പടത്തുറമുഖങ്ങൾ രണ്ടും റഷ്യയുടെ പിടിയിലിരിക്കുന്നു. ആകയാൽ ഏതു യുദ്ധത്തിലും പീപ്പിംഗ്, ടീയൻറ്സിൻ എന്ന രണ്ടു പട്ടണങ്ങൾ റഷ്യൻ കപ്പൽപ്പടയുടേയും വിമാനപ്പടയുടേയും ദയാദൃഷ്ടികളെ ആശ്രയിച്ചിരിക്കേണ്ടിവരും. ഒറ്റവാക്കിൽ പറഞ്ഞാൽ, ചൈനീസ് കമ്മ്യൂണിസ്റ്റുകൾ അവരുടെ അസ്തിത്വത്തിനുതന്നെ റഷ്യയുടെ സൈനികവും വ്യാവസായികവുമായ ശക്തിക്കു് പരിപൂർണ്ണമായും വിധേയമായിട്ടാണ് ഇന്നിരിക്കുന്നതു്.

### റഷ്യയുടെ സഹായത്താലാണ് മാവോ ചൈന പിടിച്ചടക്കിയതു്

1920-ലാണ് ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടി രൂപീകരിക്കപ്പെട്ടതു്. ചൈനീസ് റിപ്പബ്ലിക്കിന്റെ സ്ഥാപകനായ സൺയെറ്റ്സെൻ, തന്നെ സഹായിക്കുവാൻവന്ന റഷ്യൻ ജനറൽമാരുടെ പ്രേരണയാൽ, കുമിൻറാംഗ് എന്ന തന്റെ പാർട്ടിയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയേയും ചേർത്തു. അവർ സകല വാഗ്ദാനങ്ങളും ലംഘിച്ചു്, ബൊറോഡിൻ എന്ന റഷ്യൻ ജനറലിന്റെ നേരിട്ടുള്ള നേതൃത്വത്തിൽ, കുമിൻറാംഗ് പാർട്ടിയംഗങ്ങളെ അകറ്റിനിർത്തി, ഗവമ്മെൻറുദ്യോഗങ്ങളിൽ കയറിപ്പറ്റുവാൻ നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു. അതിനിടയിൽ സൻയെറ്റ്സെൻ കാലഗതി പ്രാപിച്ചു. അദ്ദേഹത്തിന്റെ ശിഷ്യൻ ചിയാംഗ്കൈഷക്ക് ചൈനയിലെ നേതാവായി. കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ വിപ്ലവകരമായ ഉദ്ദേശങ്ങളും തന്ത്രങ്ങളും നിമിത്തം അദ്ദേഹം അവരുമായി തെറ്റി. രാജ്യത്തിൽ തനിക്കു് ഉറച്ച നിലയുണ്ടെന്നു കണ്ടപ്പോൾ ചിയാംഗ് സോവ്യറ്റ് ഉപദേഷ്ടാക്കളുടെ സഹായം വേണ്ടെന്നുവച്ചു. അവരെല്ലാം രാജ്യംവിട്ടു. ചൈനീസ് കമ്മ്യൂണിസ്റ്റുകൾ വലിയ പട്ടണങ്ങളിൽനിന്നു് തല്ക്കാലത്തേക്കു പിൻവാങ്ങി വിദൂരസ്ഥങ്ങളായ ഉൾപ്രദേശങ്ങളിൽ താവളമുറപ്പിച്ചു. ഭീകരപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടു് അവിടങ്ങളിൽ സ്വതന്ത്രമായ കമ്മ്യൂണിസ്റ്റ്ഭരണയന്ത്രംതന്നെ അവർ സ്ഥാപിച്ചു. ചിയാംഗ് അവരെ എതിർത്തു. ആ സമരം അനേകകൊല്ലം നീണ്ടുനിന്നു. ജപ്പാൻകാർ ചൈനയെ ആക്രമിച്ചപ്പോൾ പൊതുശത്രുവിനെ നേരിടുവാൻവേണ്ടി കുമിൻറാംഗ് പാർട്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി യോജിച്ചു പ്രവർത്തിക്കുവാൻ തീർച്ചയാക്കി. ജപ്പാനുമായുള്ള യുദ്ധത്തിൽ ചെമ്പടയുടെ നേതൃത്വം വഹിച്ച മാവോ, ചിയാംഗുമായുള്ള ഉടമ്പടിവ്യവസ്ഥകളെ ലംഘിച്ചു്, ചൈനീസ് കമ്മ്യൂണിസ്റ്റുകാരുടെ സ്വാധീനം അടിക്കടി വിസ്തൃതമാക്കി. കുമിൻറാംഗ് പാർട്ടിയുടെ അഴിമതികളുടേയും അപ്രാപ്തിയുടേയും കാരണം പറഞ്ഞു് അമേരിക്ക ചിയാംഗിനു് ആവശ്യമുള്ളിടത്തോളം സൈനികവും മറ്റുമായ സഹായങ്ങൾ നൽകാതായി. അങ്ങനെയിരിക്കെ 1945-ൽ ജപ്പാൻ സഖ്യകക്ഷികൾക്കു കീഴടങ്ങി. അതിനു തലേദിവസംമുമ്പു്, അമേരിക്കയുടേയും ബ്രിട്ടന്റേയും നേരത്തേയുള്ള സമ്മതമനുസരിച്ചു, സോവ്യറ്റുസൈന്യം ജപ്പാനെതിരായി പൂർവയുദ്ധരംഗത്തു് പ്രത്യക്ഷപ്പെട്ടു. ജപ്പാൻ കീഴടങ്ങിയതോടുകൂടി അവരുടെ പിടിയിലിരുന്ന മഞ്ചൂറിയാ മുതലായ പ്രദേശങ്ങളും, അവിടെ ജപ്പാൻകാർ സജ്ജീകരിച്ചിരുന്ന ആധുനികരീതിയിലുള്ള വളരെയധികം യുദ്ധസാമഗ്രികളും സോവ്യറ്റുറഷ്യയുടെ കരങ്ങളിൽ ഒതുങ്ങി. അവയുടെ സഹായത്താലാണ് ചൈനീസ് കമ്മ്യൂണിസ്റ്റുകൾ ചിയാംഗിനെതിരായി ആഭ്യന്തരയുദ്ധം മുറയ്ക്കു നടത്തുകയും ചൈനാ വൻകര മുഴുവനും പിടിച്ചടക്കുകയും ചെയ്തതു്.

ഇങ്ങനെ ആരംഭംമുതൽ ചൈനീസ് കമ്മ്യൂണിസ്റ്റുകൾ റഷ്യയെ ആശ്രയിച്ചിരുന്നു: ഇപ്പോഴും ആശ്രയിച്ചുകൊണ്ടിരിക്കുന്നു; ഇനിയും ആശ്രയിക്കുകതന്നെ ചെയ്യും.

——

# Sathya Deepam

Vol. 25 | Ernakulam December 5, 1951 | No. 16


## മാർപ്പാപ്പായുടെ നിയോഗങ്ങൾക്കായുള്ള

# ഏകാന്തധ്യാനം

ഈ വിശുദ്ധവത്സരംപ്രമാണിച്ച് "മാർപ്പാപ്പായുടെ നിയോഗങ്ങൾക്കായുള്ള ധ്യാനം" എന്നപേരിൽ ഒരു മഹാപ്രസ്ഥാനം സമാരംഭിച്ചിട്ടുണ്ട്. അതിൻെറ പ്രണേതാവ് ഏകാന്തധ്യാനപ്രസ്ഥാനവും ഇന്ത്യൻ തീർത്ഥാടനസംഘടനാരൂപീകരണവുംവഴി സുപ്രസിദ്ധനായ റവ. ഫാദർ ലെ ടെല്ലിയെ, എസ്. ജെ. അവർകളാണ്. ഈ ധ്യാനത്തിൽ ഇന്ത്യയിൽനിന്നു 50,000പേർ സംബന്ധിക്കുമെന്നാണ് ആദ്യം കരുതിയിരുന്നതെങ്കിലും ഈ പ്രസ്ഥാനത്തിനു ലഭിച്ചുകൊണ്ടിരിക്കുന്ന പ്രോൽസാഹനത്തിൻെറ ഫലമായി രണ്ടുലക്ഷത്തിലധികംപേർ ഇതിൽ സംബന്ധിക്കുമെന്നാണ് ഇപ്പോഴത്തെ പ്രതീക്ഷ. മാർപ്പാപ്പാ തിരുമനസ്സിലേയും ഇന്ത്യയിലെ അനേകം വൈദികമേലദ്ധ്യക്ഷന്മാരുടേയും അംഗീകരണവും ശുപാർശകളും പ്രശംസകളും ഇതിനു ലഭിച്ചുകഴിഞ്ഞിട്ടുണ്ട്.

എന്താണ് ഈ പ്രസ്ഥാനം? മാർപ്പാപ്പായുടെ നിയോഗങ്ങൾക്കായി രണ്ടോ മൂന്നോ ദിവസത്തെ ഏകാന്തധ്യാനം കഴിക്കുന്നതിലാണ് ഇതു അടങ്ങിയിരിക്കുന്നത്. കൊച്ചുകുട്ടികൾക്കും സ്ത്രീകൾക്കും പുരുഷന്മാർക്കും സന്യാസികൾക്കും കന്യാസ്ത്രീകൾക്കും വൈദികർക്കും ഇതിൽ സംബന്ധിക്കാവുന്നതാണ്. എല്ലാ ഇടവകകളിലും സ്കൂളുകളിലും മററു സ്ഥാപനങ്ങളിലുംവച്ച് ഇതു നടത്താം. ധ്യാനം അടുത്ത ഉയിർപ്പുതിരുനാളിനു മുൻപോ, ജൂൺമാസാവസാനത്തിനു മുൻപോ നടത്തേണ്ടതാണ്. ധ്യാനത്തിൽ സംബന്ധിക്കുന്നവരുടെ പേരുകൾ ചേതോഹരമായി അലങ്കരിച്ച ഒരു പുസ്തകത്തിൽ എഴുതി മാർപ്പാപ്പാ തിരുമനസ്സിലേക്ക് സമർപ്പിക്കും. പ്രസ്തുത പുസ്തകത്തിൻെറ ഉള്ളടക്കം താഴെ കാണിക്കുന്നവിധമായിരിക്കുന്നതാണ്.

1-ാംപേജ്: ഇന്ത്യാ, പാക്കിസ്ഥാൻ, ബർമ്മ, സിലോൺ എന്നി രാജ്യങ്ങളുടെ ഭൂപടവും, അവയുടെ പ്രേഷിതരും രക്തസാക്ഷികളുമായ വി. തോമസ്, വി. ഫ്രാൻസിസ് സേവ്യർ, വി. ജോൺ ബ്രിട്ടോ, വന്ദ്യനായ ഫാദർ ജോസഫ് വാസ്, സാൽസെററ്, ബെസ്സെയിൻ; തെന്നിന്ത്യാ എന്നി സ്ഥലങ്ങളിലെ രക്തസാക്ഷികൾ തുടങ്ങിയവരുടെ വിവിധവർണ്ണത്തിലുള്ള ചിത്രങ്ങളും.

2-ാം പേജ്: ഏകാന്തധ്യാനത്തിൽ സംബന്ധിക്കുന്നവരുടെവകയായി മാർപ്പാപ്പാതിരുമനസ്സിലേക്കുള്ള മംഗളപത്രം.

മൂന്നും നാലും പേജുകൾ: ഇന്ത്യാ, ബർമ്മ, സിലോൺ, പാക്കിസ്ഥാൻ എന്നി രാജ്യങ്ങളിലെ രൂപതകളുടെ പേരും ഓരോ രൂപതയിൽനിന്നു ഏകാന്തധ്യാനത്തിൽ സംബന്ധിക്കുന്നവരുടെ സംഖ്യയും.

5മുതൽ 305വരെ പേജുകൾ: ഏകാന്തധ്യാനത്തിൽ സംബന്ധിക്കുന്നവരുടെ പേരുകൾ.

306-ാം പേജ്: ഇന്ത്യ, പാക്കിസ്ഥാൻ, സിലോൺ എന്നി രാജ്യങ്ങളിലുള്ള 30 ധ്യാനമന്ദിരങ്ങളുടെ ചിത്രങ്ങളും ആസന്നഭാവിയിൽ പണിതിക്കുവാൻ ഉദ്ദേശിക്കുന്ന 6 ധ്യാനമന്ദിരങ്ങളുടെ പേരുകളും.

307-ാംപേജ് മുതൽ: ആദ്ധ്യാപികാദ്ധ്യാപകന്മാർ, പ്രൊഫസറന്മാർ, ഉപദേശികൾ, അൽമായപ്രേഷിതർ, വിദ്യാർത്ഥികൾ വിദ്യാർത്ഥിനികൾ, മററു അൽമായർ, വൈദികർ, സന്യാസികൾ കന്യാസ്ത്രീകൾ എന്നിങ്ങനെ വിവിധ ഗ്രൂപ്പുകളിൽനിന്നു ധ്യാനത്തിൽ സംബന്ധിക്കുന്നവരുടെ വകയായി മാർപ്പാപ്പാതിരുമനസ്സിലേക്കുള്ള എഴുത്തുകൾ, വിവിധസന്യാസസഭകളുടെ കീഴിലുള്ളവരുടെ സംഖ്യകളും അവരിൽ ഏകാന്തധ്യാനത്തിൽ സംബന്ധിച്ചവരുടെ ശതമാനങ്ങളും രേഖപ്പെടുത്തിയിരിക്കുന്ന ഗ്രാഫുകളും ഇക്കൂട്ടത്തിൽ ചേർക്കുന്നതാണ്.

അവസാനപേജ്: ഭംഗിയായി അലങ്കരിച്ചിട്ടുള്ള ഈ പേജിൻെറ മദ്ധ്യത്തിലായി തിരുസിംഹാസനത്തിനുള്ള ഒരു പദ്യം.

ഈ ഏകാന്തധ്യാനപ്രസ്ഥാനത്തിൽ ഏവരും പങ്കെടുക്കുമെന്നാണ് ഭാരവാഹികളുടെ പ്രതീക്ഷ. അതിൽ പങ്കെടുക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന തരത്തിലുള്ള പ്രതിജ്ഞാപത്രത്തിൽ പേരെഴുതി ഒപ്പിട്ടു Rev. Fr. A. Le Tellier, S. J. Seminary, Jeppo, Mangalore 2. എന്ന മേൽവിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്. ഓരോ സ്ഥലത്തും ധ്യാനത്തിൻെറ ഭാരവാഹിത്വം വഹിക്കുന്നവർ പേരുകളും ഒപ്പും ഒരു ചെറിയ നോട്ടുബുക്കിലോ കടലാസിലോ ശേഖരിച്ചശേഷം ഒന്നിച്ചു അയച്ചുകൊടുത്താലും മതി.

### പ്രതിജ്ഞാപത്രം

പ. പിതാവിനു എൻെറ സമ്മാനം

പരിശുദ്ധ പിതാവിൻെറ നിയോഗങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനായി ഈകൊല്ലമോ അടുത്തകൊല്ലമോ ഒരു ഏകാന്തധ്യാനം കഴിക്കാമെന്നു ഞാൻ പ്രതിജ്ഞചെയ്യുന്നു.

രൂപത......സ്ഥലം......ഇടവകയോ സ്ഥാപനമോ... ...പേര്.....ഒപ്പ്.....

### ഇടവകകളിലെ ഏകാന്തധ്യാനം

വലിയ ചെലവോ പ്രയാസമോകൂടാതെ എല്ലാ ഇടവകകളിലും ഏകാന്തധ്യാനം നടത്താവുന്നതാണ്. അതു രണ്ടുവിധത്തിൽ നടത്താം. ഒന്നുകിൽ പ്രത്യേകം ഒരു ഏകാന്തധ്യാനം ഏർപ്പാടു ചെയ്യുക. അല്ലെങ്കിൽ ഇടവകകളിൽ സാധാരണ ധ്യാനം നടത്തുന്ന അവസരത്തിൽ രണ്ടോ മൂന്നോ ദിവസങ്ങളിൽ പൊതുവായുള്ള പ്രസംഗങ്ങൾക്കും ഭക്തകൃത്യങ്ങൾക്കും പുറമേ, ഏകാന്തധ്യാനക്കാരെ മാത്രം ഉദ്ദേശിച്ചു കാലത്ത് ഒരു ധ്യാനപ്രസംഗവും ഒരു ഉപദേശവും, ഉച്ചതിരിഞ്ഞ് ഒരു ധ്യാനപ്രസംഗവും മററു ഭക്തകൃത്യങ്ങളുംകൂടി നടത്തുന്നതായാൽ അതു ഏകാന്തധ്യാനമായി പരിഗണിക്കാം. ഏകാന്തധ്യാനത്തിൽ സംബന്ധിക്കുന്നവർ ദേവാലയപരിസരങ്ങളിൽ മാത്രമല്ല മററു സ്ഥലങ്ങളിലും നിശ്ശബ്ദത പാലിക്കേണ്ടതാണ്. കാലത്ത് 6 മണിമുതൽ 11മണിവരെയും, ഉച്ചതിരിഞ്ഞു 3 മണിമുതൽ 8മണിവരേയും അവർ ദേവാലയത്തിലും ദേവാലയപരിസരങ്ങളിലും സ്കൂളിലുമായി കഴിച്ചുകൂട്ടണം. മാങ്ങളിലൊഴിച്ച മറെറവിടെയെങ്കിലുമാണ് ധ്യാനം നടക്കുന്നതെങ്കിൽ പെൺകുട്ടികളുടെ ധ്യാനം ആറുമണിക്ക് അവസാനിപ്പിക്കണം. ഉച്ചഭക്ഷണവും അത്താഴവും സ്വഭവനങ്ങളിൽ കഴിക്കാം. ത്യാഗം സഹിച്ചുകൊണ്ടു ചിലർ കാലത്തുള്ള ഭക്ഷണം ഉപേക്ഷിക്കാറുണ്ട്. ദേവാലയത്തിനു സമീപം താമസിക്കുന്നവർക്കു ദിവ്യപൂജകഴിഞ്ഞു വീട്ടിൽ പോയി പ്രാതൽ കഴിച്ചുടനെ മടങ്ങിവരാവുന്നതാണ്. ബാക്കിയുള്ളവരുടെ പ്രാതലിനു് ഭാരവാഹികൾ ഏർപ്പാടുചെയ്യുന്നതും, ധ്യാനത്തിൽ സംബന്ധിക്കുന്നവർ ഒരു നിശ്ചിതസംഖ്യയോ, കഴിവനുസരിച്ചുള്ള ഏതെങ്കിലും തുകയോ നൽകുന്നതുമാണ്. ആവശ്യപ്പെടുന്നവർക്കു വൈകുന്നേരം 5 മണിക്ക് ചായ നൽകാം.

### കൊച്ചുകുട്ടികൾക്കായുള്ള ഏകാന്തധ്യാനം

യുവതീയുവാക്കന്മാർക്കു മാത്രമല്ല, ആദ്യകുർബാന സ്വീകരിച്ചിട്ടുള്ള കൊച്ചുകുട്ടികൾക്കുപോലും ഈ ഏകാന്തധ്യാനപ്രസ്ഥാനത്തിൽ ചേരാവുന്നതാണ്. പ്രാർത്ഥനയും പ്രായശ്ചിത്തപ്രവൃത്തികൾക്കുമായുള്ള ഫാത്തിമാനാഥയുടെ ആഹ്വാനം കൊച്ചുകുട്ടികൾക്കും ബാധകമാണ്. ലൂസിക്കു 10 വയസ്സും ഫ്രാൻസിസിനു 9 വയസ്സും, ജസിന്തയ്ക്കു 6 വയസ്സും മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. നിസ്സാരകുററങ്ങളിൽനിന്നുപോലും ഒഴിഞ്ഞുനിൽക്കണമെന്നും പാപികൾക്കും തിരുസഭയ്ക്കും മാർപ്പാപ്പായ്ക്കുംവേണ്ടി ത്യാഗങ്ങൾ സഹിക്കണമെന്നും പരിശുദ്ധകന്യക അവരോടു് ആവശ്യപ്പെട്ടിട്ടുണ്ട്. ഏകാന്തധ്യാനം കഴിക്കുന്ന കുഞ്ഞുങ്ങളുടെ വകയായി ഒരെഴുത്തു പരിശുദ്ധപിതാവിനു സമർപ്പിക്കപ്പെടുന്നതാണ്.

പേരുകൾ ഫാദർ ലെ ടെല്ലിയെ അവർകൾക്ക് അയക്കാൻ സാധിക്കാത്ത പക്ഷം 1952-ലെ ഉയിർപ്പു തിരുനാളിനുമുൻപായി, എറണാകുളം അതിരൂപതയിൽ പെട്ടവർ "റവ. ഫാ. തോമസ് മുത്തേടൻ, ആർച്ച്ബിഷപ്പ്സ് ഹൗസ്, എറണാകുളം" എന്ന മേൽവിലാസത്തിലും വരാപ്പുഴ അതിരൂപതയിൽപെട്ടവർ "റവ. ഫാ. ഈ. ലോപ്പസ്, ഉണ്ണിമിശിഹാപള്ളിവികാരി, എറണാകുളം" എന്ന മേൽവിലാസത്തിലും അയച്ചുകൊടുക്കേണ്ടതാണ്.




## ദൈവജനനി, ജീവിതവും പ്രത്യക്ഷങ്ങളും

(ഗ്രന്ഥകർത്താ: ഫാ. ജോസഫ് മണ്ണനാൽ. പക്കം 185. വില 1 ക 12 ണ. ദീപികപ്രസ്സ്, കോട്ടയം. എറണാകുളം ഐ. എസ്സ്. പ്രസ്സിൽനിന്നുകൂടി വാങ്ങാവുന്നതാണ്.)

ദൈവമാതാവിൻെറ സ്വർഗ്ഗാരോപണപ്രഖ്യാപനസ്മാരകമായി ഫാദർ ജോസഫ് മണ്ണനാൽ പ്രസിദ്ധംചെയ്തിരിക്കുന്ന ഒരു പുസ്തകമാണു "ദൈവജനനി, ജീവിതവും പ്രത്യക്ഷങ്ങളും." ആ ദിവ്യാംബികയുടെ ജീവിതസൗന്ദര്യവും മദ്ധ്യസ്ഥശക്തിയും ഏതെല്ലാംവിധത്തിൽ പ്രകാശിപ്പിച്ചാലും ഒട്ടും അധികമാകയില്ല. ദൈവമാതൃഭക്തരായ കേരളീയർ മലയാളഭാഷയിൽ പ്രസിദ്ധംചെയ്തുവരുന്ന കന്യകാമറിയത്തെപ്പററിയുള്ള പുതിയ പുസ്തകങ്ങൾക്കു പൂർണ്ണസ്വാഗതം നല്കുമെന്നു സന്ദേഹിക്കുവാനുണ്ടോ?

കന്യകാമറിയത്തിൻെറ ജനനം, താരുണ്യാരംഭകാലത്തിൽ തപോധനനായ യൗസേപ്പിൻെറ ധർമ്മദാരങ്ങളായിത്തീരുന്നതു്, പരിശുദ്ധാത്മാവിൻെറ അപ്രമേയപ്രഭാവത്താൽ ഗർഭവതിയാകുന്നതു്, ബേത്ലഹേം പിലിമേൽ പരംപൊരുളായ ദൈവകുമാരനെ പ്രസവിക്കുന്നതു്, നസ്രത്തിൽ ഭർതൃപുത്രസമേതം കാലംപോക്കുന്നതു്, ഈജിപ്തിലേക്കു പ്രയാണംചെയ്യുന്നതു്, ജറുസലമിൽ ക്ഷേത്രോത്സവത്തിൽ തിരുമകൻ കൈവിട്ടുപോകുന്നതു്, കാനായിലെ കല്യാണവിരുന്നിൽ ശുദ്ധജലത്തെ ദ്രാക്ഷാരസമായി മാററുന്നതു്, ദിവ്യസുതൻെറ പീഡാനുഭവഘട്ടത്തിൽ ആ ദിവ്യാംബിക അത്യധികം ഹൃദയതാപത്തോടെ ദിവസങ്ങൾ കഴിച്ചുകൂട്ടുന്നതു്, ക്രിസ്തുസന്ദേശം പ്രചരിച്ചുകൊണ്ടിരിക്കവേ കാലത്തിൻെറ പൂർണ്ണിമയിൽ ദൈവമാതാവു മരണത്തിൻെറ കവാടംകടന്നു ആത്മശരീരങ്ങളോടെ സ്വർഗ്ഗപ്രവേശം ചെയ്യുന്നതു്, സ്വർഗ്ഗാരോപണവിശ്വാസസത്യനിർവ്വചനം എന്നിവയാണ് ഈ ഗ്രന്ഥത്തിൻെറ കഥാവസ്തുവെന്നു ഗദ്യകവിതപോലെയുള്ള ഉപോദ്ഘാതത്തിൽനിന്നു ഗ്രഹിക്കാവുന്നതത്രെ. എമെറിച്ച് അന്ന കത്രീനയുടെ വെളിപാടുകൾ ഈ ഗ്രന്ഥനിർമ്മാണത്തിനു് ആലംബമായി സ്വീകരിച്ചിട്ടുണ്ടെങ്കിലും ചരിത്രരേഖകളുടെ പ്രാമാണ്യത്തെ ഗൗനിക്കത്തക്കവിധം ആ വെളിപാടുകൾ വിനിയോഗിച്ചിട്ടില്ല.

ഈ ഗ്രന്ഥത്തെപ്പററി പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുള്ള ചില അഭിപ്രായങ്ങൾ ഇവിടെ ഉദ്ധരിക്കാം: ഉപോദ്ഘാതകനായ ശ്രീ മുട്ടത്തു വർക്കി പറയുന്നു: "ഇതിലെ സരളമായ ഭാഷാശൈലിയും കോരിത്തരിപ്പിക്കുന്ന വർണ്ണനകളും ഇരുത്തിച്ചിന്തിപ്പിക്കുന്ന ആശയസംവിധാനങ്ങളും നിസർഗ്ഗസുന്ദരമായ ഒരു നോവലിൻെറ രസാനുഭൂതിയാണ് അനുവാചകരിൽ ഉളവാക്കുന്നതു്."

ശ്രീ വി. സി. ജോർജ്ജു അഭിപ്രായപ്പെട്ടിരിക്കുന്നതു് ഇപ്രകാരമാണ്: "ഇതിനുമുമ്പു നാലുഗ്രന്ഥങ്ങൾ രചിച്ചു കത്തോലിക്കാസഭയ്ക്കും കൈരളിക്കും ഒരുപോലെ വിലയേറിയ സേവനം നിർവ്വഹിച്ചിട്ടുള്ള ഉത്ഥിതയശസ്വിയായ ഫാദർ ജോസഫ് മണ്ണനാൽ അവർകളുടെ ഭാഷ പ്രൗഢവും അക്ലിഷ്ടസുന്ദരവുമാണ്."

ഗ്രന്ഥകാരൻതന്നെ പ്രസ്താവനയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: "കേരളീയരുടെ സമക്ഷം ഞാൻ അവതരിപ്പിക്കുന്ന അഞ്ചാമത്തെ ഗ്രന്ഥമാണിതു്. പ്രതിപാദനവിഷയവും രീതിയും പരിഗണിച്ചാൽ ഇതിൽ നല്ല ഒരു ഗ്രന്ഥം രചിക്കുവാൻ എനിക്ക് ഇടയാകുമോ എന്നു സംശയിക്കുന്നു."

ആത്മാർത്ഥമായി ഗ്രന്ഥകാരൻ ചെയ്ത പരിശ്രമത്തെ പണ്ഡിതന്മാർ പ്രശംസിച്ചുകഴിഞ്ഞിരിക്കുന്നു. ദൈവമാതാവിൻെറ ജീവിതത്തിലെ സുന്ദരമായവശങ്ങൾ സുന്ദരമായി രചിച്ചു ഭക്തിപുരസ്സരം കേരളീയരുടെ മുമ്പിൽ സമർപ്പിക്കുവാൻ ഫാദർ മണ്ണനാൽ ചെയ്ത പ്രയത്നം ശ്ലാഘ്യംതന്നെ. കവർച്ചിത്രം മനോഹരമായിരിക്കുന്നു. ചില അച്ചടിത്തെററുകൾ ചില ഭാഗങ്ങളിൽ കടന്നുകൂടിയിട്ടുണ്ട്; എങ്കിലും വലിയ അസുഖം തോന്നിപ്പിക്കുന്ന തെററുകളില്ല. ഒരു നിരൂപകനായ ഫാദർ പ്ലാസിഡ് അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെ ഈ ഗ്രന്ഥം ദൈവമാതൃഭക്തരായ കേരളീയർ ഫലപ്രദമായി ഉപയോഗപ്പെടുത്തുമെന്നു പ്രതീക്ഷിക്കാവുന്നതാണ്. മേരീഭക്തനായ ഗ്രന്ഥകാരനു് ആ ദിവ്യാംബികതന്നെ നൽവരങ്ങൾ നല്കുമാറാകട്ടെ.

I. M.




*Permissu Ecclesiastico*

Printed & Published by

K. L. Varkey

at the Mar Louis Memorial Press

Ernakulam